# നേർവീഥി

നിത്യതയ്ക്കൊരു വഴികാട്ടി

Volume - 10 Issue - 1 January 2021




## വിവാദ കാർഷിക നിയമങ്ങൾ

പേജ് 19

വില 20 രൂപ

Editorial

# നിയന്ത്രണം ദൈവകരങ്ങളിൽ

നിയന്ത്രണം വിട്ടു അപകടത്തിലേക്ക് കുതിക്കുന്ന വാഹനത്തിൽ ഭയവിഹ്വലനായി, നിസ്സഹായനായിത്തീരുന്ന ഡ്രൈവറെപ്പോലെ അല്ല ദൈവം. പ്രപഞ്ചത്തിന്റെ നിയന്ത്രണവും ലോകത്തിന്റെ ഭാവിയും സ്രഷ്ടാവായ ദൈവത്തിന്റെ കരത്തിൽ തന്നെയാണ്. ദൈവത്തിന്റെ അനുവാദത്തോടു കൂടെ മാത്രമേ ഈ പ്രപഞ്ചത്തിൽ എന്തും സംഭവിക്കുന്നുള്ളു. ദൈവം അനുവദിക്കുന്നത് ഒന്നും ദൈവത്തിന്റെ നിയന്ത്രണത്തിന് അതീതമല്ലെന്നു ഓർക്കുക .

ശുഭപ്രതീക്ഷകളോടെ 2020 നെ നാം സ്വാഗതം ചെയ്തുവെങ്കിലും അപ്രതീക്ഷിതമായ സാഹചര്യങ്ങളെയാണ് നമുക്ക് നേരിടേണ്ടി വന്നത്. കോവിഡ് 19 പരത്തിയ പരിഭ്രാന്തിയാണ് അതിൽ പ്രധാനം. 2021 ലേക്ക് പ്രവേശിച്ചപ്പോൾ കാര്യങ്ങൾ നിയന്ത്രണത്തിലായി എന്ന് പറയുവാൻ ആവുന്നില്ല. എന്നാൽ എല്ലാം നമ്മുടെ പിതാവും സ്രഷ്ടാവും സർവ്വശക്തനുമായ ദൈവത്തിന്റെ നിയന്ത്രണത്തിൽ തന്നെ. നമുക്ക് ആശങ്കകളുടെ ആവശ്യം ഇല്ല; കാരണം ദൈവത്തിന്റെ കരുതലിലും, നിയന്ത്രണത്തിലും നമ്മുടെ ജീവിതം ആയിരിക്കുന്നു. ഒന്നും അപ്രതീക്ഷിതമെന്ന് നാം ചിന്തിക്കുവാൻ പാടില്ല; എല്ലാം നമ്മുടെ പിതാവിന്റെ മുന്നറിവിൽ ഉണ്ടല്ലോ. വചനം നമുക്ക് നൽകുന്ന മുന്നറിവിനനുസരിച്ചു പ്രതിസന്ധികളും വെല്ലുവിളികളും നിറഞ്ഞതാണ് ഇനിയുള്ള കാലങ്ങൾ. ക്രിസ്തീയ വിശ്വാസികൾ വിശ്വാസത്തിൽ നിലനിന്നു, സുവിശേഷീകരണം എന്ന അവരുടെ പരമപ്രധാനമായ ദൗത്യത്തിൽ മുന്നേറുവാൻ വലിയ വില കൊടുക്കേണ്ട സാഹചര്യങ്ങളാണ് ഉരുത്തിരിഞ്ഞുകൊണ്ടിരിക്കുന്നത്. എന്നാൽ ഭയപ്പെടേണ്ടതില്ല. ഇതിലേക്ക് വിരൽ ചൂണ്ടി നമ്മെ പ്രബോധിപ്പിക്കുന്നതാണ് ഈ വർഷാരംഭത്തിലെ 'അഗ്നിപരീക്ഷകൾ അപ്രതീക്ഷിതമല്ല' എന്ന സന്ദേശം. പീഡനങ്ങൾ ദൈവജനത്തെ തളർത്തുകയല്ല, മറിച്ചു വളർത്തുകയാണ് എന്ന യാഥാർഥ്യം, സന്ദേശത്തിൽ ഉടനീളം നിഴലിച്ചു കാണുന്നു.

ഏതു സാഹചര്യത്തിലും ജയോത്സവമായി നടക്കുവാൻ നമ്മെ പ്രാപ്തമാക്കുന്നതാണ് ദൈവകൃപ! പരിശോധനകളിലൂടെ നമ്മെ പരിശീലിപ്പിച്ചു തികഞ്ഞവരാക്കുന്നതാണ് ജീവിതത്തിലെ പ്രതിസന്ധികൾ എന്നാണ് സാജു മാത്യു തന്റെ ലേഖനത്തിലൂടെ നൽകുന്ന ദൂത്. ദൈവം നമുക്ക് നൽകിയ അസംഖ്യം നന്മകൾക്ക് നാം എന്ത് പകരം നൽകണം എന്നതാണ് ബാബു ചെറിയാന്റെ പ്രമേയം. കോവിഡ് 19 പ്രതിസന്ധി നന്മക്കായി ദൈവം പരിണമിപ്പിച്ചു. ചില ദിനങ്ങളിൽ അഞ്ചു മീറ്റിംഗുകൾ വരെയും ഓൺലൈൻ സംവിധാനത്തിൽ നടത്തുവാൻ ദൈവം സഹായിച്ച അനുഭവങ്ങൾ ഉണ്ട്. അനുകൂല സാഹചര്യത്തിൽ ദീർഘദൂരം യാത്ര ചെയ്തു ഒരു മീറ്റിംഗ് മാത്രമായിരിക്കും നടത്തുവാൻ കഴിയുമായിരുന്നത്. അന്ന് വരുവാൻ താല്പര്യപ്പെടാതിരുന്ന പലർക്കും ഇത്തരം മീറ്റിംഗുകൾ സ്വഭവനത്തിൽ ഇരുന്നു പങ്കെടുക്കുവാൻ കഴിഞ്ഞു എന്നതും മറ്റൊരു അനുഗ്രഹമാണ്. അഖിലാണ്ഡത്തിന്റെ സ്രഷ്ടാവും പരിപാലകനുമായ ദൈവം നമ്മുടെ ശാരീരികവും ആത്മികവുമായ സകല ആവശ്യങ്ങൾക്കും വേണ്ടതൊക്കെയും കരുതിയിട്ടുണ്ട്. ഈ ഭൂമിയിൽവച്ചു തന്നെ ദൈവവുമായുള്ള അത്ഭുതകരമായ കൂട്ടായ്മ; അതുമാത്രമല്ല, അതേത്തുടർന്ന് അവർണ്ണനീയമാംവിധം മഹിമയേറിയ അനുഭവങ്ങളോടു കൂടിയ നിത്യതയും! ഇതിൽ കൂടുതലായി നമുക്ക് എന്താണ് ആവശ്യം? നമ്മുടെ ജീവിതത്തിൽ യാതൊരു ആവശ്യങ്ങൾക്കും മുടക്കം വരികയില്ല. ആകയാൽ സാഹചര്യങ്ങൾ എന്തുതന്നെ ആയിരുന്നാലും അതിൽ നാം സംതൃപ്തരായിരിക്കണം.

പ്രിയ സഹോദരങ്ങളെ, പുതുവത്സരത്തിലേക്കു പ്രവേശിച്ചിരിക്കുന്ന ഈ അവസരത്തിൽ ആശങ്കയോ ഉത്കണ്ഠയോ നിങ്ങളുടെ മനസ്സിൽ ഉണ്ടാകരുത്. നേരെമറിച്ചു വിശ്വാസത്താൽ ക്രിസ്തുവിലൂടെ നൽകപ്പെട്ടിരിക്കുന്ന വാഗ്ദത്തങ്ങൾ അവകാശപ്പെടുത്തിക്കൊണ്ടു സമസ്ത ജീവിത ആവശ്യങ്ങൾക്കും വേണ്ടി കർത്താവിലും, കർത്താവിൽ മാത്രവും ആശ്രയിക്കുക. കാർമേഘ പാളികൾക്കിടയിലും മിന്നിത്തിളങ്ങുന്ന വാഗ്ദത്തങ്ങളുടെ സൂര്യശോഭ കണ്ടുകൊണ്ടു, പ്രത്യാശയോടെ ശുഭതുറമുഖത്തേക്കു ഉത്സാഹഭരിതരായി യാത്ര തുടരാം. അതിനായ് ദൈവം നമ്മെ ശക്തീകരിച്ചു നടത്തട്ടെ. പുതുവത്സരത്തിൽ സകല നന്മകളാലും ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

പുസ്തകം 10 ലക്കം 1
ജനുവരി 2021

# ഈ ലക്കത്തിൽ

മാനേജിങ് എഡിറ്റർ
**ജോയ് എം. തോമസ്**
എഡിറ്റർ
**പി.വി വർഗീസ്**
സബ് എഡിറ്റർ
**അനി ചാക്കോ**
കൺസൾട്ടന്റ് എഡിറ്റർ
**എം.സി. കുര്യൻ**
പ്രിന്റർ & പബ്ലിഷർ
**എം.റ്റി. ജയിംസ്**
മാനേജർ
**ഷാജി ഉമ്മൻ**
അഡ്വൈസറി ബോർഡ്
**സുവി. പി.ഐ. ഏബ്രഹാം**
**പാസ്റ്റർ ബാബു ചെറിയാൻ**
**പാസ്റ്റർ കെ.ജെ. മാത്യു**
**ഡോ. മാത്യു ഫിന്നി**
**ഡോ. സി.റ്റി. ലൂയിസ്കുട്ടി**
ഗ്രാഫിക്സ്
**ഷൈൻ കെ. സാമുവൽ**

Address :

**Righteous Path Publication Trust**
Mackal Building,Oravakal,
Amayannoor P.O, Kottayam,
Kerala - 686019.
**Office : 9495 435 336**
**Editor : 9495 213 269**
E-mail: editornerveedhi@gmail.com

**www.nerveedhi.com**

Edited by P.V Varghese, Printed and Published by M.T James on behalf of The Righteous Path Publication Trust and printed at Penta Offset Press, Kottayam, Kerala - 686002 and published at Mackal Building, Amayannoor P.O, Kottayam,Kerala -686019.

Annual Subscription `200.00

**അഗ്നി പരീക്ഷകൾ അപ്രതീക്ഷിതമല്ല** 4
ജോയ് എം. തോമസ്

**പരിശീലനങ്ങൾ ക്രിസ്തീയ വീക്ഷണത്തിൽ** 7
സാജു മാത്യു

**പകരം എന്ത് ചെയ്യും ഞാൻ?** 9
ബാബു ചെറിയാൻ

**സത്യം ഒരു വ്യക്തിയാണ്** 11
ഫ്രാൻസിസ് ഫ്രാൻഗിപ്പെൻ

**കൃപ കർതൃത്വം ചെയ്യുമ്പോൾ** 13
ചെയ്സ് ജോസഫ്

**പേരന്റിങ്ങ് :അറിയേണ്ടതും ചിന്തിക്കേണ്ടതും** 15
ഡോ. സജികുമാർ കെ. പി.

**നിത്യതയിലും ശോഭിക്കുവാൻ** 17
ഷാജി ഉമ്മൻ

**വാർത്താവീഥി** 19

**വനിതാ വീഥി** 21
സുനന്ദ കോശി

**വിജ്ഞാന വീഥി** 24

**വേദ അധ്യയനം** 25
ജോയ് എം. തോമസ്

**നമ്മാലാവതു യേശുവിനു വേണ്ടി ചെയ്യാം** 31
എംസി



ജോയ് എം. തോമസ്

# അഗ്നി പരീക്ഷകൾ അപ്രതീക്ഷിതമല്ല

ഈ പുതുവർഷത്തിൽ നിങ്ങളോടു പങ്കിടുവാനുള്ള സന്ദേശത്തിന്റെ ആധാരമായ തിരുവചനം ഇവിടെ ചേർക്കുന്നു. ***പ്രിയമുള്ളവരെ നിങ്ങൾക്ക് പരീക്ഷയ്ക്കായി സംഭവിച്ചിരിക്കുന്ന അഗ്നിശോധനയിങ്കൽ ഒരു അപൂർവ്വ കാര്യം നിങ്ങൾക്ക് വന്നു കൂടി എന്നു വെച്ച് അതിശയിച്ചുപോകരുത് (1 പത്രോസ് 4 : 12)***

പുതുവർഷമായ 2021 -ലൂടെ നമ്മുടെ ജീവിത ചക്രം ഉരുണ്ടു തുടങ്ങി. വളരെയധികം വെല്ലുവിളികൾ നിറഞ്ഞ 2020 നാം തരണം ചെയ്തു. വലിയ പ്രതീക്ഷകളും കണക്കുകൂട്ടലുകളും ഉണ്ടായിരുന്ന പലർക്കും പെട്ടെന്ന് ഉടലെടുത്ത പ്രതിസന്ധികൾ അനിശ്ചിതത്വവും അരക്ഷിതബോധവും ഉളവാക്കുന്നതായിരുന്നു. കോവിഡ്-19 ഉയർത്തിയ വെല്ലുവിളികൾക്ക് പരിഹാരമായി എന്നു പറയുവാൻ ഇപ്പോഴും നമുക്കു ആവില്ല. എന്നാൽ നമ്മെ ഇതുവരെ വഴി നടത്തിയ ദൈവത്തിന്റെ സാന്നിദ്ധ്യവും നമ്മുടെ മേൽ പകർന്ന അളവില്ലാത്ത തന്റെ കൃപയും നാം അനുഭവിച്ച യാഥാർത്ഥ്യമാണ്. കർത്താവിന്റെ കരങ്ങളിൽ എപ്പോഴും സുരക്ഷിതർ എന്നു നാം അറിയുന്നു.

ക്രിസ്തുശിഷ്യന്മാരായിത്തീർന്ന പുതു വിശ്വാസികൾക്ക് നേരിട്ടുകൊണ്ടിരിക്കുന്ന പീഡനങ്ങളെയാണ് അഗ്നിശോധന അഥവാ അഗ്നി പരീക്ഷകൾ എന്ന് അപ്പോസ്തലൻ സൂചിപ്പിക്കുന്നത്. അത് ഒരു അപൂർവ്വ കാര്യമായി അഥവാ അപ്രതീക്ഷിത കാര്യമായി കരുതി വിശ്വാസികൾ പരിഭ്രാന്തിയുള്ളവരാകരുത് എന്നാണ് പത്രോസ് അപ്പോസ്തലൻ അവരെ പ്രബോധിപ്പിക്കുന്നത്.

ക്രിസ്തുവിന്റെ ശിഷ്യന്മാരുടെ കൂട്ടത്തെയാണ് തിരുവചനത്തിൽ സഭ എന്നു വിളിക്കുന്നത്. ആരംഭം മുതൽ സഭ പീഡനത്തിൽ കൂടി കടന്നു പോയിരുന്നു. ആദ്യ നൂറ്റാണ്ടിലെ സഭ കടന്നു പോയ പീഡനങ്ങളെക്കുറിച്ച് അപ്പോസ്തല പ്രവൃത്തികളിൽ നിന്നും കുറെയൊക്കെ മനസ്സിലാക്കുവാൻ നമുക്കു കഴിയുന്നുണ്ട്. പിന്നീടുള്ള നൂറ്റാണ്ടുകളിൽ സഭയ്ക്കെതിരെ ഉണ്ടായിട്ടുള്ള പീഡനങ്ങളെക്കുറിച്ച് സഭാ ചരിത്രത്തിൽ നിന്നും നാം മനസ്സിലാക്കുന്നു. ഇപ്പോൾ നേരിട്ടുകൊണ്ടിരിക്കുന്ന പീഡനങ്ങളെക്കുറിച്ച് വിവിധ മാധ്യമങ്ങളിൽ കൂടെ നാം അറിയുന്നു. സഭയ്ക്കെതിരെ കൂടുതൽ പീഡനങ്ങൾക്കുള്ള സാധ്യതയാണ് ഇനിയുള്ള കാലങ്ങളിൽ.

**നമ്മുടെ വീണ്ടെടുപ്പിനായി, നീതികരണത്തിനും ശുദ്ധീകരണത്തിനുമായി ഏൽക്കേണ്ടിയിരുന്ന സകല പീഡനങ്ങളും നമ്മുടെ കർത്താവ് അനുഭവിച്ചു തീർത്തു.**

സഭ പീഡനങ്ങളിൽ കൂടി കടന്നുപോകുമ്പോൾ കർത്താവ് അത് അനുവദിക്കുന്നത് എന്തുകൊണ്ടാണ്? നമ്മുടെ കുറിവാക്യത്തോട് അനുബന്ധിച്ച് പത്രോസ് അപ്പോസ്തലൻ നൽകുന്ന വിശദീകരണത്തിൽ നിന്നും ചില കാര്യങ്ങൾ നമുക്കു മനസിലാക്കുവാൻ കഴിയുന്നു.

**(1) പീഡനം ക്രിസ്തീയ ജീവിതത്തിന്റെ ഭാഗമാണ്.**

തന്നെത്താൻ ത്യജിച്ച് സ്വന്തം ക്രൂശെടുത്ത് അനുഗമിക്കുവാനാണ് കർത്താവ് നമ്മെ വിളിച്ചിരിക്കുന്നത്. ക്രിസ്തുവിനു വേണ്ടി ജീവിക്കുവാനും മരിക്കുവാനും സമർപ്പിത ജീവിതമായിരിക്കണം തന്റെ ശിഷ്യന്മാരുടേത് എന്നു കർത്താവ് ആഗ്രഹിക്കുന്നു. അതു പൂർണ്ണഹൃദയത്തോടെ കർത്താവിനെ സ്നേഹിക്കുന്നതിനാൽ നമ്മിലുണ്ടാകുന്ന സമർപ്പണവും കർത്താവിനോടുള്ള ഏകാഗ്രതയുമാണ്. ശിഷ്യത്വത്തിനു കൊടുക്കേണ്ടുന്ന വിലയെക്കുറിച്ച് കർത്താവ് തന്റെ ശിഷ്യന്മാരെ വ്യക്തമായി ഉപദേശിച്ചിട്ടുണ്ട്. *'മനുഷ്യരെ സൂക്ഷിച്ചുകൊൾവീൻ, അവർ നിങ്ങളെ ന്യായാധിപസഭകളിൽ ഏല്പിക്കുകയും തങ്ങളുടെ പള്ളികളിൽ വെച്ച് ചമ്മട്ടികൊണ്ട് അടിക്കുകയും എന്റെ നിമിത്തം നാടുവാഴികൾക്കും രാജാക്കന്മാർക്കും മുമ്പിൽ കൊണ്ടുപോകുകയും ചെയ്യും; അത് അവർക്കും ജാതികൾക്കും ഒരു സാക്ഷ്യമായിരിക്കും. എന്നാൽ നിങ്ങളെ ഏല്പിക്കുമ്പോൾ എങ്ങനെയോ എന്തോ പറയേണ്ടൂ എന്ന് വിചാരപ്പെടേണ്ട; പറവാനുള്ളത് ആ നാഴികയിൽ തന്നെ നിങ്ങൾക്ക് ലഭിക്കും. പറയുന്നത് നിങ്ങളല്ല, നിങ്ങളിൽ പറയുന്ന നിങ്ങളുടെ പിതാവിന്റെ ആത്മാവത്രെ. സഹോദരൻ സഹോദരനെയും അപ്പൻ മകനെയും മരണത്തിനു ഏല്പിക്കും; അമ്മയപ്പന്മാർക്ക് എതിരായി മക്കൾ എഴുന്നേറ്റു അവരെ കൊല്ലിക്കും; എന്റെ നാമം നിമിത്തം എല്ലാവരും നിങ്ങളെ പകെക്കും. അവസാനത്തോളം സഹിച്ചു നിൽക്കുന്നവനോ രക്ഷിക്കപ്പെടും. എന്നാൽ ഒരു പട്ടണത്തിൽ നിങ്ങളെ ഉപദ്രവിച്ചാൽ മറ്റൊന്നിലേക്കു ഓടിപ്പോകുവീൻ' (മത്തായി 10 : 17-23).*

കർത്താവിനെ അനുഗമിക്കുന്നവർക്കു പീഡനം ഉണ്ടാകും എന്ന് കർത്താവ് ഇത്ര വ്യക്തതയോടെ മുൻകൂട്ടി പറഞ്ഞിട്ടുള്ളതിനാൽ പീഡനം ഒരു അപൂർവ്വ കാര്യമോ അപ്രതീക്ഷിതമായി സംഭവിക്കുന്നതോ അല്ല. ഇത് ക്രിസ്തീയ ജീവിതത്തിന്റെ ഭാഗമായിത്തന്നെയാണ് നാം

**തന്നിൽ വിശ്വസിക്കുന്നവർക്ക് പീഡനം കർത്താവ് ഒഴിവാക്കുന്നില്ല, എന്നാൽ സഹിക്കുവാനുള്ള സഹനശക്തിയും അവയെ നേരിടുവാനുള്ള ധീരതയും ഉത്തരം പറയുവാനുള്ള ജ്ഞാനവും നൽകുന്ന പരിശുദ്ധാത്മാവിനെ നമുക്കു സഹായത്തിനായി നൽകിയിരിക്കുന്നു.**

കാണേണ്ടത്. പീഡനം ശാരീരികമായോ മാനസികമായോ നാം സഹിക്കേണ്ടിയിരിക്കുന്നു. തന്നിൽ വിശ്വസിക്കുന്നവർക്ക് പീഡനം കർത്താവ് ഒഴിവാക്കുന്നില്ല, എന്നാൽ സഹിക്കുവാനുള്ള സഹനശക്തിയും അവയെ നേരിടുവാനുള്ള ധീരതയും ഉത്തരം പറയുവാനുള്ള ജ്ഞാനവും നൽകുന്ന പരിശുദ്ധാത്മാവിനെ നമുക്കു സഹായത്തിനായി നൽകിയിരിക്കുന്നു. അതിനാൽ പത്രോസ് പ്രബോധിപ്പിക്കുന്നു, *'ക്രിസ്തുവിന്റെ നാമം ഹേതുവായി നിന്ദ സഹിക്കേണ്ടി വന്നാൽ നിങ്ങൾ ഭാഗ്യവാന്മാർ, മഹത്വത്തിന്റെ ആത്മാവായ ദൈവാത്മാവ് നിങ്ങളുടെ മേൽ ആവസിക്കുന്നുവല്ലോ' (1 പത്രോസ് 4 : 14).*

**(2) പീഡനം ക്രിസ്തുവിന്റെ കഷ്ടങ്ങളിൽ നമ്മെ പങ്കാളികളാക്കുന്നു.**

നമുക്കായി ക്രൂശിതനായ കർത്താവിനെ അനുഗമിക്കേണ്ടതിന് നാം നമ്മുടെ ക്രൂശ് എടുക്കേണ്ടത് അനിവാര്യമായ വ്യവസ്ഥയായി കർത്താവ് നൽകുന്നു. നാം തന്റെ കഷ്ടങ്ങളിൽ പങ്കാളികളാകുവാനുള്ള ആഹ്വാനമായിട്ടാണ് ഇത്. നമ്മുടെ വീണ്ടെടുപ്പിനായി, നീതികരണത്തിനും ശുദ്ധീകരണത്തിനുമായി ഏൽക്കേണ്ടിയിരുന്ന സകല പീഡനങ്ങളും നമ്മുടെ കർത്താവ് അനുഭവിച്ചു തീർത്തു. എന്നാൽ കർത്താവ് വില നൽകി നേടിത്തന്ന ഈ വലിയ രക്ഷയുടെ വാർത്തയായ സുവിശേഷം മറ്റുള്ളവരോട് അറിയിക്കുന്നതിന് നാം വില കൊടുക്കണം. കർത്താവിന്റെ സാക്ഷിയാകേണ്ടതിന് സഹിക്കേണ്ടി വരുന്ന പീഡനങ്ങൾ നാം സഹിക്കുമ്പോൾ കർത്താവിന്റെ കഷ്ടങ്ങളിൽ നാം പങ്കാളികളാകുകയാണ്. അതിനെക്കുറിച്ച് പൗലോസ് ഇപ്രകാരം

പറയുന്നു, *ഇപ്പോൾ ഞാൻ നിങ്ങൾക്കുവേണ്ടിയുള്ള കഷ്ടാനുഭവങ്ങളിൽ സന്തോഷിച്ച് ക്രിസ്തുവിന്റെ കഷ്ടങ്ങളിൽ കുറവായുള്ളത് എന്റെ ജഡത്തിൽ* ***സഭയായ അവന്റെ ശരീരത്തിനുവേണ്ടി*** *പൂരിപ്പിക്കുന്നു.* സുവിശേഷീകരണത്തിനുവേണ്ടി സഹിക്കേണ്ട കഷ്ടങ്ങൾ, കർത്താവ് തന്റെ ശരീരമായ സഭ സഹിക്കണം എന്നാണ് നിശ്ചയിച്ചിരിക്കുന്നത്.

ക്രിസ്തു നിമിത്തമുള്ള പീഡനങ്ങളെ സൗഭാഗ്യമായും നമുക്കു നൽകപ്പെട്ട വരമായിട്ടുമാണ് നാം കാണേണ്ടത്. അതുകൊണ്ട് പത്രോസ് വിശ്വാസികളെ പ്രബോധിപ്പിക്കുന്നു, *'ക്രിസ്തുവിന്റെ കഷ്ടങ്ങൾക്ക് പങ്കുള്ളവരാകുന്തോറും സന്തോഷിച്ചുകൊൾവീൻ. അങ്ങനെ നിങ്ങൾ അവന്റെ തേജസിന്റെ പ്രത്യക്ഷതയിൽ ഉല്ലസിച്ച് ആനന്ദിപ്പാൻ ഇടവരും' (1 പത്രോസ് 4 : 13).*

**(3) പീഡനങ്ങൾ സഹിക്കുമ്പോൾ നാം പ്രസംഗിക്കുന്ന സുവിശേഷത്തിന്റെ ആധികാരികത തെളിയിക്കപ്പെടുന്നു.**

ക്രിസ്തുവിന്റെ മാർഗ്ഗം ത്യാഗത്തിന്റേതാണ്. കർത്താവിനെ അനുഗമിക്കുന്നവർ എല്ലാം ത്യജിച്ചുകൊണ്ടാണ് അവിടുത്തെ അനുഗമിക്കുന്നത്. ലോകത്തെ അവർ താത്ക്കാലികമായും മായയായും കരുതുന്നതിനാൽ ലോകത്തിൽ നേടുവാൻ കഴിയുന്നതിനെയെല്ലാം ചപ്പും ചവറുമായി അവർ കാണുന്നു. അതിനാൽ അവർ അമൂല്യമായി കരുതുന്ന ക്രിസ്തു അവർക്ക് എല്ലാമെല്ലാമാണ്. ഈ ആത്മീക കാഴ്ചപ്പാടാണ് സുവിശേഷത്തിനായി കഷ്ടങ്ങൾ സഹിക്കുന്നതിന് അവർക്ക് പ്രാപ്തി നൽകുന്നത്.

അതുകൊണ്ട് പത്രോസ് പ്രബോധിപ്പിക്കുന്നു: *'നിങ്ങളിൽ ആരും കൊലപാതകനോ കള്ളനോ, ദുഷ്പ്രവൃത്തിക്കാരനോ ആയിട്ടല്ല കഷ്ടം സഹിക്കേണ്ടത്, പരകാര്യത്തിൽ ഇടപെടുന്നവനായിട്ടുമല്ല; ക്രിസ്ത്യാനിയായിട്ട് കഷ്ടം സഹിക്കേണ്ടിവന്നാലോ ലജ്ജിക്കരുത്. ഈ നാമം ധരിച്ചിട്ട് ദൈവത്തെ മഹത്വപ്പെടുത്തുകയത്രേ വേണ്ടത്' (1 പത്രോസ് 4 : 16, 17)*

ഈ ലോകത്തിലെ താത്ക്കാലിക നിലനിൽപ്പിനും, പണത്തിനും നേട്ടങ്ങൾക്കും ഒക്കെയാണല്ലൊ മനുഷ്യർ കൊലപാതകരും ദുഷ്പ്രവൃത്തിക്കാരും ആയി മാറുന്നത്. അതിനാൽ ഉണ്ടാകുന്ന അപമാനം അവർ സഹിക്കുവാൻ തയ്യാറാകുന്നു. ഇങ്ങനെ ഏൽക്കുന്ന അപമാനത്തിനു വിലയോ പ്രതിഫലമോ ഇല്ല. നേടുന്ന ഭൗതീക നേട്ടങ്ങൾക്ക് നിലനിൽപ്പുമില്ല. ഒരു ക്രിസ്ത്യാനി ഈ കൂട്ടത്തിൽ ഉൾപ്പെട്ടവനാകരുത്. അവൻ സ്വർഗ്ഗീയമായതിനെ ആഗ്രഹിക്കുന്നവനാകയാൽ സ്വർഗ്ഗീയമായതിനെ നേടുന്നതിനാണ് ഈ ജീവിതത്തിൽ കഷ്ടങ്ങൾ സഹിക്കുന്നത്. അത് അവനെ മാന്യനാക്കുകയും ചെയ്യുന്നു.

**ലാഭം കാണാതെ ആരും അപമാനം സഹിക്കുവാനോ കഷ്ടം അനുഭവിക്കുവാനോ തയ്യാറാവുകയില്ലല്ലോ. ഒരു ക്രിസ്തുശിഷ്യനെ നിരീക്ഷിക്കുന്നവർക്ക് മനസ്സിലാകും യാതൊരു ഭൗതീക നേട്ടങ്ങൾക്കുമല്ല അവൻ ക്രിസ്തുവിനെ അനുഗമിക്കുവാൻ തിരഞ്ഞെടുത്തത് എന്ന്.**

ഒരു ലാഭം കാണാതെ ആരും അപമാനം സഹിക്കുവാനോ കഷ്ടം അനുഭവിക്കുവാനോ തയ്യാറാവുകയില്ലല്ലോ. ഒരു ക്രിസ്തു ശിഷ്യനെ നിരീക്ഷിക്കുന്നവർക്ക് മനസ്സിലാകും യാതൊരു ഭൗതീക നേട്ടങ്ങൾക്കുമല്ല അവൻ ക്രിസ്തുവിനെ അനുഗമിക്കുവാൻ തിരഞ്ഞെടുത്തത് എന്ന്. പ്രത്യുത ക്രിസ്തുവിനെ നേടേണ്ടതിനു മാത്രമാണ്. ഒരു ക്രിസ്ത്യാനിയുടെ പ്രതീക്ഷ മുഴുവൻ ക്രിസ്തുവിന്റെ മടങ്ങിവരവിൽ കർത്താവിനോടു ഒരുമിച്ചുള്ള ജീവിതത്തിലാണ്. അതുകൊണ്ട് ഒരു ക്രിസ്ത്യാനി അനുഭവിക്കുന്ന കഷ്ടങ്ങൾ അതായത് ക്രിസ്തുവിലുള്ള വിശ്വാസത്തിനും ക്രിസ്തുവിന്റെ സാക്ഷിയാകുന്നതിനും അനുഭവിക്കുന്ന കഷ്ടങ്ങൾ അവന്റെ വിശ്വാസത്തെ സാധൂകരിക്കുന്നതാണ്. മറ്റുള്ളവരുടെ മുമ്പിൽ അത് ഏറ്റവും വലിയ സാക്ഷ്യവുമാണ്.

പ്രിയരെ ഇനി വരുന്ന നാളുകൾ ക്രിസ്തീയ വിശ്വാസത്തിനു വേണ്ടി കൂടുതൽ വില കൊടുക്കേണ്ട നാളുകളാണ് എന്നുള്ളത് വിസ്മരിക്കരുത്. ദൈവകൃപയിൽ ആശ്രയിച്ച്, പ്രാർഥനാനിരതരായി, ക്രിസ്തുവിന്റെ സാക്ഷികളായി ധീരതയോടെ നിലനിൽക്കുവാൻ കർത്താവ് നമുക്കു കൃപ നൽകുമാറാകട്ടെ. നമ്മെ വിളിച്ചിരിക്കുന്ന കർത്താവ് വിശ്വസ്തൻ! ●



സാജു മാത്യു

# പരിശീലനങ്ങൾ ക്രിസ്തീയ വീക്ഷണത്തിൽ (തുടർച്ച)

***എന്നാൽ നിങ്ങൾ ഒന്നിനും കുറവില്ലാതെ തികഞ്ഞവരും സമ്പൂർണരും ആകേണ്ടതിനു സ്ഥിരതയ്ക്കു തികഞ്ഞ പ്രവൃത്തി ഉണ്ടാകട്ടെ -യാക്കോബ് 1:4***

ദൈവത്തിൽ പ്രത്യാശവച്ച് വളരെ ശ്രദ്ധയോടെ വിശ്വാസജീവിതം നയിച്ചിരുന്ന ഒരു വ്യക്തി ഒരു ദിവസം പുറത്തിറങ്ങിയപ്പോൾ വീടിനുമുമ്പിൽ വലിയൊരു കല്ലു കിടക്കുന്നതു കണ്ടു. ഏകദേശം അയാളുടെ അത്ര തന്നെ വലിപ്പമുള്ള വലിയൊരു ഉരുളൻ കല്ല്! ആരാണീ കടുംകൈ ചെയ്തത്? തന്റെ വിശ്വാസജീവിതത്തിൽ അസൂയപൂണ്ട ശത്രു ഇത് ഇവിടെ കൊണ്ടിട്ടതാവാം. ഒരാൾക്കു തനിയെ ഇതിവിടെ ഉരുട്ടിക്കയറ്റാൻ എന്തായാലും പറ്റില്ല. ഇതു ശത്രുവായ പിശാചിന്റെ തന്ത്രം തന്നെ... എന്തു ചെയ്യണം?

അയാൾ പുറത്തുപോകാതെ വീണ്ടും വീടിനുള്ളിൽ കയറി മുട്ടുകുത്തി പ്രാർഥിച്ചു: "കർത്താവേ എന്റെ വീടിന്റെ മുമ്പിൽ ശത്രു കൊണ്ടിട്ട ആ വലിയ പാറ അങ്ങ് കണ്ടല്ലോ. അതിനെ അങ്ങ് ഇപ്പോൾതന്നെ മാറ്റിക്കളയണമേ. കർത്താവേ, എന്റെ ശത്രുക്കൾ കണ്ടു മനസിലാക്കേണ്ടതിനു അങ്ങ് ഇപ്പോൾതന്നെ അതിനെ തകർത്ത് തവിടുപൊടിയാക്കണമേ. ഇപ്പോൾ തന്നെ കർത്താവേ, യേശുവിന്റെ നാമത്തിൽ..."

അല്പനേരത്തെ പ്രാർഥനയ്ക്കു ശേഷം അയാൾ പുറത്തിറങ്ങി നോക്കി. കല്ല് തവിടുപൊടിയായികാണണം. എന്നാൽ, പുറത്തിറങ്ങിയ അയാൾ അത്ഭുതപ്പെട്ടു; കല്ല് അവിടെതന്നെയുണ്ട്! അയാൾ വീണ്ടും വീടിനകത്തു കയറി, രാത്രി മുഴുവൻ പ്രാർഥിച്ചു. വിശ്വാസത്തോടെ പ്രാർഥിച്ചു. അടുത്ത പ്രഭാതത്തിൽ ആ കല്ല് അവിടെ കാണുകയില്ലെന്ന് അയാൾക്കു വിശ്വാസമുണ്ടായിരുന്നു. ഉറക്കിളച്ച് അയാളുടെ കണ്ണുകൾ വീങ്ങി. കരഞ്ഞുകരഞ്ഞ് അയാളുടെ കണ്ണുകൾ വറ്റി. പിറ്റേന്നു രാവിലെ വിശ്വാസത്തോടെ എഴുന്നേറ്റു നോക്കി. കഷ്ടം കല്ല് അവിടെത്തന്നെയുണ്ട്!

അയാൾ മൂന്നുദിവസം ഉപവാസമെടുക്കുവാൻ തീരുമാനിച്ചു. ഈ കല്ല് മാറിയേ തീരൂ. അല്ലെങ്കിൽ ദൈവനാമത്തിനു അതു അപമാനമല്ലേ? "കർത്താവേ അങ്ങയുടെ ശത്രുക്കൾ ലജ്ജിക്കുവാൻ തക്കവണ്ണം അങ്ങ് ഒരു അത്ഭുതം പ്രവർത്തിച്ചേ മതിയാകൂ. കർത്താവേ... ഒരു വലിയ വിടുതൽ എന്നെ കാണിക്കണമേ. കർത്താവേ യേശുവിന്റെ നാമത്തിൽ ആ കല്ല് മാറിപ്പോകട്ടെ...".

മൂന്നുദിവസം കഴിഞ്ഞിട്ടും ഒന്നും സംഭവിച്ചില്ല. അയാൾ ആകെ നിരാശനായി. ഒടുവിൽ ഏലിയാവിനെപ്പോലെ തളർന്നു കിടക്കുമ്പോൾ അയാൾ ദൈവശബ്ദം കേട്ടു. "മകനെ, നീ തന്നെ ആ കല്ല് ഉരുട്ടിമാറ്റുക."

അയാൾ ഞെട്ടിപ്പോയി. ഞാനോ കർത്താവേ, ബലഹീനനായ ഈ ഞാനോ?" അയാൾ തന്റെ ശുഷ്ക്കമായ കൈകളിലേക്കും കാലുകളിലേക്കും നോക്കി അവിടെ മസിലുകളൊന്നും മുഴച്ചു നില്പില്ല.

"അതെ, ആ വലിയ കല്ലിനെ നേരിടുവാൻ ഞാൻ നിന്നെത്തന്നെ ഏല്പിച്ചിരിക്കുന്നു" ദൈവം പറഞ്ഞു.

പിറ്റേന്നു ആ വലിയ കല്ലു ഉരുട്ടി നീക്കുവാൻ

അയാൾ തീരുമാനിച്ചു. തനിക്കു അതിനുള്ള ശക്തിയില്ലെന്നു അയാൾക്കറിയാം. എന്നാൽ, ദൈവം തന്റെ കൈകളിലേക്കു ശക്തി എത്തിച്ചു തരുമെന്നും, ശിംശോനെപ്പോലെ താൻ അത്ഭുതം പ്രവർത്തിക്കുമെന്നും അയാൾ വിശ്വസിച്ചു. കല്ലിനടുത്തെത്തിയ അയാൾ വീണ്ടും കൈകളിലേക്കു നോക്കി. മസ്സിൽ ഉയർന്നു വന്നിട്ടുണ്ടോ? ഇല്ല! സാരമില്ല ദൈവത്തിനു ബലഹീനനെയും ഉപയോഗിപ്പാൻ കഴിയുമല്ലോ.

എന്നാൽ ഒന്നും സംഭവിച്ചില്ല. കല്ലിന്റെ മേൽ ശക്തി പ്രയോഗിച്ച് അയാൾ വിയർത്തു കുളിച്ചു. ഉപവാസമെടുത്തു ക്ഷീണിച്ചിരുന്ന അയാൾക്കു തല കറങ്ങുന്നതുപോലെ തോന്നി. "കർത്താവേ, എവിടെ അങ്ങയുടെ വാഗ്ദത്തം. എന്താ, അങ്ങ് എന്നെ കളിപ്പിക്കുകയാണോ? ദേ, ഉപവാസമെടുത്തു പ്രാർഥിച്ചിട്ടാ ഞാൻ ഈ പണിയൊക്കെ ചെയ്യുന്നത്. ഞാൻ ചത്തുപോകും, ഉള്ളകാര്യം ഞാൻ പറഞ്ഞേക്കാം" അയാൾ നിരാശയോടെ വായിൽ തോന്നിയതെല്ലാം കർത്താവിനോടു വിളിച്ചു പറഞ്ഞു.

"നീ ഉപവാസമെടുക്കണ്ട. പോയി ഭക്ഷണം കഴിച്ച് വിശ്രമിക്ക്. ഇനി നാളെ പരിശ്രമിച്ചാൽ മതി.''കർത്താവു പറഞ്ഞു. അയാൾ പോയി ഭക്ഷണം കഴിച്ചു, വിശ്രമിച്ചു. പിറ്റേന്നു രാവിലെ വീണ്ടും വന്ന് കല്ല് ഉരുട്ടി മാറ്റാൻ നോക്കി. ഫലം നാസ്തി! പാറയൊന്ന് അനങ്ങിയിട്ടുപോലുമില്ല. വീണ്ടും വിയർത്തു കുളിച്ചതു മിച്ചം. സാരമില്ല. പോയി ഭക്ഷണം കഴിക്കൂ... ഇനി നാളെ പരിശ്രമിക്കാം... കർത്താവു പറഞ്ഞു.

അങ്ങനെ ദിവസങ്ങൾ കഴിഞ്ഞു; ആഴ്ചകൾ.... ഇപ്പോൾ മാസങ്ങളായി. ദിവസവും രാവിലെ കല്ലുരുട്ടി മാറ്റാൻ അയാളെത്തും; വിയർത്തു കുളിച്ചു മടങ്ങിപ്പോകും. ഒരു ദിവസം അയാൾ കർത്താവിനോടു പറഞ്ഞു: കർത്താവേ, ഇതു കഷ്ടമാണ്. ഈ കല്ല് ഇവിടെ കിടക്കുന്നത് അങ്ങയുടെ നാമത്തിനുതന്നെ അപമാനമല്ലേ? ശത്രു ഇതുപറഞ്ഞു ചിരിക്കുമല്ലോ. എന്തുകൊണ്ടു ഈ കല്ല് അങ്ങ് മാറ്റുന്നില്ല. അല്ലെങ്കിൽ മാറ്റുവാനുള്ള ശക്തി എന്തുകൊണ്ടു എനിക്കു തരുന്നില്ല?"

കർത്താവ് വളരെ ശാന്തമായി പറഞ്ഞു: ''മോനെ, ആ കല്ല് നിന്റെ വീടിന്റെ മുമ്പിൽ കൊണ്ടിട്ടത് ശത്രുവൊന്നുമല്ല; ഞാൻ തന്നെയാണ്!" എന്ത് കർത്താവേ, എന്റെ ജീവിതത്തിൽ ഈ വലിയ പ്രതികൂലം വരുത്തിയത് അങ്ങ് തന്നെയാണോ? എന്താ ഞാനീ കേൾക്കുന്നത്? എന്തിനാണ് അത് അങ്ങ് എന്റെ മുമ്പിൽ കൊണ്ടിട്ടത്? എന്തുകൊണ്ടാണ് അത് ഉരുട്ടിക്കളയാൻ എന്നെ സഹായിക്കാതിരുന്നത്?

''ഒരു പ്രത്യേക ലക്ഷ്യത്തോടെയാണു ഞാനതു നിന്റെ വഴിത്താരയിൽ കൊണ്ടിട്ടത്. നീ വളരെ ക്ഷീണിതനാണെന്നു ഞാൻ അറിയുന്നു. അസ്വസ്ഥനും ക്ഷിപ്രകോപിയും. ആത്മീയ ഭക്ഷണം കഴിക്കാൻ നിനക്കു വേണ്ടത്ര വിശപ്പില്ലെന്നു ഞാൻ മനസിലാക്കി. പ്രശ്നങ്ങളുടെ ഈ വലിയ പാറക്കല്ലുമായി നീ മൽപിടുത്തം നടത്തിയപ്പോൾ ആദ്യം നീ അവശനായെങ്കിലും അതു നിനക്കു കൂടുതൽ വിശപ്പു നല്കി. അന്നു നിന്റെ കൈകൾ ശോഷിച്ചിരുന്നെങ്കിലും ഇപ്പോൾ പ്രതിസന്ധികളോടു പോരാടി നിനക്ക് വിശ്വാസത്തിന്റെ നല്ല മസിലുകൾ വെച്ചിരിക്കുന്നു. ഇപ്പോൾ നീ ആരോഗ്യവാനും സഹിഷ്ണുതയുള്ളവനുമാണ്. ഇതിനുവേണ്ടിയാണ് ഞാൻ ഈ പ്രതികൂലങ്ങളൊക്കെ നിന്റെ മുമ്പിൽ കൊണ്ടിട്ടത്!

ഈ ആത്മീയ സത്യമാണു യാക്കോബ് ഇവിടെ വിവരിക്കുന്നത്. ദൈവം പ്രതികൂലങ്ങളെ നമ്മുടെ വഴിത്താരയിൽ വിതറുന്നത്, ഒരു പ്രത്യേക ലക്ഷ്യത്തോടെയാണ്. ദുരിതങ്ങൾ സാത്താൻ കൊണ്ടുവരുന്നതാണെന്നു വിശ്വസിച്ചിരുന്ന യെഹൂദ്യ ക്രിസ്ത്യാനികൾക്കാണ് ഈ ലേഖനം എന്നോർക്കണം. ഒരു പക്ഷേ പുതിയ നിയമത്തിലെ ആദ്യ ലേഖനമാണിത് (യേശുവിന്റെ അർധസഹോദരനായ യാക്കോബ് A.D 62 ൽ മരിച്ചതായാണു ചരിത്രം).

നമ്മുടെ വേദഭാഗത്തിന്റെ ഒരു ആഖ്യാന പരിഭാഷ ശ്രദ്ധിക്കൂ: "നാനാവിധമായ പരിശോധനകൾ നിങ്ങളുടെ ജീവിതത്തിലേക്കു ഇരച്ചുകയറുമ്പോൾ, പ്രിയ സഹോദരന്മാരെ, അവയെ നുഴഞ്ഞുകയറ്റക്കാർ എന്നതുപോലെ നിങ്ങൾ ഓടിച്ചുകളയരുത്; പകരം, നിങ്ങളെ സഹായിക്കാൻ ദൈവം അയച്ച സുഹൃത്തുക്കൾ എന്നപോലെ അവയെ സ്വാഗതം ചെയ്യുക! കാരണം, നിങ്ങളുടെ വിശ്വാസത്തിന്റെ സ്ഥിരത അളക്കാനുള്ള മാപിനികളാണവ. പരിശോധനകൾ നിങ്ങളുടെ സഹനത്തെ വളർത്തുന്നു!" (യാക്കോബ് 1: 2,3).

നമ്മുടെ വിശ്വാസം എത്രത്തോളം സ്ഥിരതയുള്ളതാണെന്നറിയുവാൻ നമുക്കു പരിശോധനകൾ കൂടിയേ തീരൂ. പണ്ടൊക്കെ ഹൃദയരോഗങ്ങൾ തിരിച്ചറിയാൻ നമുക്കു ഇ.സി.ജി. മാത്രമേ ഉണ്ടാ

ശേഷം പേജ് 29 ▶



ബാബു ചെറിയാൻ

# പകരം എന്ത് ചെയ്യും ഞാൻ?

പുതുവർഷത്തിലേക്കു പ്രവേശിക്കുന്ന ഈ സമയത്തു നമ്മുടെ കണക്കൊക്കെ ഒന്ന് നോക്കുന്നത് നല്ലതായിരിക്കും. മാന്യന്മാർ നന്ദിയുള്ളവരായിരിക്കും. എന്തെങ്കിലും ഉപകാരം ചെയ്തവരോട് അവരുടെ കഴിവിന്റെ പരമാവധി പ്രത്യുപകാരം നേരത്തെതന്നെ ചെയ്യും. ലഭിച്ച നന്മയ്ക്കും ഉപകാരത്തിനും ഒത്തവണ്ണം എത്രയുംവേഗത്തിൽ പ്രത്യുപകാരം ചെയ്യണം. നമുക്ക് കഴിഞ്ഞ വർഷം വളരെ അധികം നന്മ ചെയ്ത വ്യക്തി ആരാണെന്നു ഓർത്തു നോക്കുക. 2020 നെ വലിയ പ്രതീക്ഷയുമായിട്ടാണ് ബിസിനസ് ലോകം കണ്ടത്. ക്രിക്കറ്റ് ലോകവും 2020 വളരെ പ്രതീക്ഷയോടാണു നോക്കിയിരുന്നത്. പക്ഷെ ആദ്യത്തെ രണ്ടു മാസം തീരുന്നതിനു മുൻപുതന്നെ 2020ന്റെ കറുത്ത മുഖം നാം കണ്ടു തുടങ്ങി. കഴിഞ്ഞ നൂറ്റാണ്ടുകളിൽ നമ്മുടെ പൂർവ്വികർ ചിന്തിച്ചിട്ടില്ലാത്ത കറുത്ത ദിനങ്ങൾ 2020 നമുക്ക് കാഴ്ച വച്ചു. സ്വന്തം പിതാവിന്റെയും മാതാവിന്റെയും പ്രിയമക്കളുടെയും ശവം കാണാനോ, ഒരു അന്ത്യചുംബനം കൊടുക്കുവാനോ സാധിക്കാതെ പോയ എത്രയോ പേർ ഈ വർഷം ഉണ്ടായി. വളരെ പണം മുടക്കിയും പല ഓഫീസുകളിൽ കയറിയിറങ്ങിയും പണികഴിപ്പിച്ച സെമിത്തേരിയിൽ അടക്കം ലഭിക്കാതെ പോയ എത്രയോ പേർ. നമ്മുടെ ഏറ്റവും പ്രിയപ്പെട്ടവർക്കു പോലും നമ്മെ സഹായിക്കുവാൻ പറ്റാതെ പോയ കാലം.

ബീഹാറിലെ ഏറ്റവും ആദ്യത്തെ കോവിഡ് രോഗിയായിരുന്ന ഒരു മിഷനറി സഹോദരിയുടെ സാക്ഷ്യം കേൾക്കുവാനിടയായി. ബീഹാറിലെ മിഷനറി ആയ ഭർത്താവിന് പോലും വരാൻ കഴിയാത്ത അവസ്ഥ. ഭർത്താവും ഒരു സ്ഥലത്തിരുന്നു പ്രാർത്ഥിക്കുന്നു. ഭാര്യ മറ്റൊരു സ്ഥലത്തു ഒറ്റപ്പെട്ടു വേദനയിൽ എങ്കിലും പ്രാർത്ഥനയിൽ കഴിയുന്നു. കേരളത്തിലേത് പോലുള്ള ക്രമീകരണങ്ങളോ, സൗകര്യങ്ങളോ ബീഹാറിൽ ഇല്ലല്ലോ. വിശേഷാൽ ഏറ്റവും ആദ്യത്തെ കോവിഡ് രോഗി ആയിരുന്നതിനാൽ അവർ അനുഭവിക്കേണ്ടി വന്ന അസൗകര്യങ്ങളും ബുദ്ധിമുട്ടുകളും വാക്കുകൾ കൊണ്ട് വിവരിക്കുവാൻ പ്രയാസമാണ്. രോഗിയുടെ മേൽ കൈവച്ചാൽ രോഗം പകരും എന്നു ഡോക്ടർ പറയുമ്പോൾ, 'രോഗിയുടെ മേൽ കൈവച്ചാൽ അവർ സൗഖ്യമാകും' എന്ന് വചനം പറയുന്നു. നീ ഇതിൽ ഏതു വിശ്വസിക്കുന്നു എന്നു ദൈവം തന്റെ ഹൃദയത്തോട് ചോദിച്ചു. ആ ദൈവദാസൻ ധൈര്യം വീണ്ടെടുത്ത് വിശ്വാസത്തോടെ ഭാര്യയ്ക്കു വേണ്ടി പ്രാർത്ഥിക്കുന്നു. ആ സഹോദരിക്കു അത്ഭുതകരമായ സൗഖ്യം ഉണ്ടായി. എങ്കിലും

**കഴിഞ്ഞ നൂറ്റാണ്ടുകളിൽ നമ്മുടെ പൂർവ്വികർ ചിന്തിച്ചിട്ടില്ലാത്ത കറുത്ത ദിനങ്ങൾ 2020 നമുക്ക് കാഴ്ച വച്ചു. സ്വന്തം പിതാവിന്റെയും മാതാവിന്റെയും പ്രിയ മക്കളുടെയും ശവം കാണാനോ, ഒരു അന്ത്യ ചുംബനം കൊടുക്കുവാനോ സാധിക്കാതെ പോയ എത്രയോ പേർ....**

ക്വാറന്റെനിൽ തുടരേണ്ടതുണ്ടായിരുന്നു. തൃപ്തികരമായ ഭക്ഷണം പോലും അവിടെ ലഭിച്ചിരുന്നില്ല. അൽപം നല്ല ഭക്ഷണം കിട്ടിയിരുന്നെങ്കിൽ നന്നായിരുന്നുവെന്നു അവർ ഹൃദയത്തിൽ ചിന്തിച്ചു. പിറ്റേന്ന് രാവിലെ ഒരു സൗത്ത് ഇന്ത്യൻ ഡോക്ടറാണ് നോക്കാൻ വന്നത്. അവർ ഒരു മിഷനറിയുടെ ഭാര്യ ആണെന്ന് അറിഞ്ഞതിനാൽ ഡോക്ടർ ഉച്ചയായപ്പോഴേക്കും നല്ല ചൂട് ചോറും, അച്ചാറും കൊടുത്തയച്ചു. നിസാരമെന്നുതോന്നാവുന്ന കാര്യങ്ങളിൽ പോലും ദൈവം ശ്രദ്ധിക്കുകയും കരുതുകയും നീക്കുപോക്കുകൾ ഉണ്ടാക്കുകയും ചെയ്യുന്നു എന്ന ദൂതാണ് ഇവിടെ നമുക്ക് ലഭിക്കുന്നത്.

ഇന്നും നമ്മൾ ജീവിച്ചിരിക്കുന്നത് അത്ഭുതമല്ലേ? കൈകഴുകിയതുകൊണ്ടോ, മാസ്ക് ധരിച്ചതുകൊണ്ടോ മാത്രമാണോ? സർവ്വശക്തന്റെ കാരുണ്യം കൊണ്ട് മാത്രമല്ലെ നാം ജീവിച്ചിരിക്കുന്നത്. അവന്റെ ഉപകാരങ്ങൾ ഒന്നും മറക്കരുത്. അവന്റെ ഉപകാരങ്ങളിൽ പ്രധാനം അകൃത്യമോചനമാണ്. രോഗസൗഖ്യവും ഇന്ന് വരെയുള്ള ജീവിതവുമെല്ലാം ദൈവത്തിന്റെ ഉപകാരം തന്നെ. കർത്താവു ചെയ്ത സകല ഉപകാരങ്ങൾക്കും എന്ത് പകരം ചെയ്യും എന്ന ചിന്ത സങ്കീർത്തനത്തിൽ ഉടനീളം കാണാം.

**ഒന്നാമതായി** നമുക്ക് ചെയ്യാവുന്നത്, ദൈവത്തെ സ്തുതിക്കുക, ആരാധിക്കുക എന്നതാണ്. അവന്റെ സകല ജനവും കാൺകെ ഞാൻ എന്റെ നേർച്ചകൾ കഴിക്കും എന്നാണ് സങ്കീർത്തനം 116 : 14 ൽ പറയുന്നത്. ഇന്നത്തെ വിശ്വാസികൾ സഭാകൂടിവരവിൽ മൗനമായി വന്നു മൗനമായി തിരിച്ചു പോകുന്നത് കാണുമ്പൊൾ ദു:ഖം തോന്നുന്നു. ഞങ്ങൾ ഹൃദയത്തിൽ സ്തുതിക്കുന്നുണ്ടെന്നു പറയല്ലേ. മറ്റുള്ളവരും കൂടി കേൾക്കട്ടെ. അടുത്തതലമുറയും കൂടി പഠിക്കട്ടെ.

നമുക്ക് ഈ പുതുവർഷത്തിൽ സ്തുതിയിലും ആരാധനയിലും ഒരു അഴിച്ചുപണി നടത്തിയാലോ? ഉറക്കെ സ്തുതിക്കുന്ന ചിലരുടെ ജീവിതം ശരിയല്ലായിരിക്കാം. പക്ഷെ ഉറക്കെ സ്തുതിക്കുന്ന ചിലർ നിശ്ചയമായും ആത്മികരും, നന്ദിയുള്ളവരുമാണ്. സംഗീത ശുശ്രൂഷ ചെയ്യുന്നവരും, ആരാധന നയിക്കുന്നവരും മൗനമായിരുന്നാൽ കൂട്ടായ്മയുടെ അവസ്ഥയെന്താകും. ഞാൻ എന്റെ ശബ്ദം ദൈവത്തിനായി അല്പം കൂടി ഉയർത്തും എന്ന് തീരുമാനിക്കാമോ? ഫലം എന്താകും എന്നു 40-ാം സങ്കീർത്തനം 3-ാം

**ഇന്നും നമ്മൾ ജീവിച്ചിരിക്കുന്നത് അത്ഭുതമല്ലേ? കൈകഴുകിയതുകൊണ്ടോ, മാസ്ക് ധരിച്ചതുകൊണ്ടോ മാത്രമാണോ? സർവ്വശക്തന്റെ കാരുണ്യം കൊണ്ട് മാത്രമല്ലെ നാം ജീവിച്ചിരിക്കുന്നത്. അവന്റെ ഉപകാരങ്ങൾ ഒന്നും മറക്കരുത്.**

വാക്യത്തിൽ കാണാം. 'പലരും അത് കാണും, കേൾക്കും; അവരും ദൈവത്തിങ്കലേക്കു തിരിയും'.

**രണ്ടാമത്,** സാക്ഷിക്കുക എന്നതാണ്. അഞ്ചു വിവാഹം കഴിച്ചിട്ടും ജീവിതത്തിന്റെ സന്തോഷവും, സ്നേഹവും അനുഭവിക്കുവാൻ കഴിയാതെ പോയ തകർന്ന ഒരു പെൺകുട്ടിക്ക് കർത്താവായ യേശു ഒരു പുതു ജീവൻ നൽകി. അവൾ അന്ന് തന്നെ യേശുവിനെ അവളുടെ നാട്ടിൽ മുഴുവൻ അറിയിച്ചു. അവളുടെ സാക്ഷ്യത്തിന്റെ സ്വാധീനം കൊണ്ട് ആ നാട്ടുകാർ മുഴുവൻ കർത്താവായ യേശുവിൽ വിശ്വസിക്കുവാൻ സംഗതിയായി. യേശുവിനെ സാക്ഷിക്കുവാൻ അവനായി ശബ്ദം ഉയർത്തുവാൻ ആരുണ്ട്? (യോഹന്നാൻ 4 :39)

**മൂന്നാമതായി,** ചിലരെ ചുമക്കാം. മർക്കോസ് സുവിശേഷം രണ്ടാം അധ്യായത്തിൽ നാലു വിശ്വാസികളെ കാണാം. അവർ ഒരു രോഗിയെ ചുമക്കുകയാണ്. ഹലോ, എവിടേക്കാണ്? ഇതാരാണ്? എന്തിനാണ് ഇയാളെ ചുമക്കുന്നത്? എന്നു ചോദിച്ചാൽ അവർക്കൊത്തിരി കാര്യം പറയാനുണ്ടായിരിക്കും. ഇവനൊരു രോഗിയാണ്. ഇവനെ പോലെ ഞങ്ങളും ഒരിക്കൽ കഷ്ടത്തിലായിരുന്നു. മറ്റാർക്കും ഞങ്ങളെ സഹായിക്കുവാൻ കഴിഞ്ഞില്ല. യേശു എന്നൊരാൾ അന്ന് ഞങ്ങളുടെ ദേശത്തു വന്നു. അവന്റെ ഒരു വാക്ക് ഞങ്ങളുടെ അവസ്ഥ മാറ്റി. ഇവനെയും യേശുവിന്റെ അടുക്കൽ എത്തിച്ചാലോ... നമുക്ക് ചെയ്യാൻ കഴിയാത്തതു യേശു ചെയ്യും. ഓർക്കുക എന്ത് വിലകൊടുത്തും ചിലരെ യേശുവിന്റെ അരികെ കൊണ്ടുവന്നാൽ അതായിരിക്കും മനുഷ്യരോടും ദൈവത്തോടും നമുക്ക് ചെയ്യാവുന്ന ഏറ്റവും വലിയ നന്മ, ഏറ്റവും വലിയ പ്രത്യുപകാരം.

ദൈവം ചെയ്ത നന്മകൾക്ക് പകരം ദൈവത്തോട് മാത്രമല്ല, മനുഷ്യരോടും പ്രത്യുപകാരം ചെയ്യാം ഈ പുതുവർഷത്തിൽ. ■



ഫ്രാൻസിസ് ഫ്രാൻഗിപ്പെൻ

# സത്യം ഒരു വ്യക്തിയാണ്...

ക്രിസ്തുവിനോട് അനുരൂപമാവുക എന്നതാണ് നമ്മുടെ പ്രഥമവും അതിപ്രധാനവുമായ ലക്ഷ്യം എന്ന് നാം കൂടെക്കൂടെ പറയാറുണ്ട്. ആ ലക്ഷ്യത്തിലേക്കുള്ള പ്രയാണത്തിൽ പലപ്പോഴും നാം വീണുപോകയും ചെയ്യുന്നു. ഈ പ്രക്രിയയിൽ പ്രയോജനകരമല്ലാത്ത അറിവുകളെ അവഗണിക്കയും, പ്രയോജനമായവ ധാരാളമായി പഠിക്കുകയും, പഠിച്ചതു തന്നെ വീണ്ടും കൂടുതൽ ആഴത്തിൽ ഗ്രഹിക്കുകയും ചെയ്യേണ്ടത് അനിവാര്യമാണ്. ഈ ലക്ഷ്യത്തിൽ നാം മുന്നേറുംതോറും വൈഷമ്യമേറിയ ദുർഘടങ്ങളെ അഭിമുഖീകരിക്കേണ്ടിവരും. എന്നാൽ ജീവിത ലക്ഷ്യത്തിൽനിന്നും ഈ പ്രതിസന്ധികൾ നമ്മെ വ്യതിചലിപ്പിച്ചുകൂടാ.

മാർഗ്ഗമധ്യേ ദുരുപദേഷ്ടക്കന്മാരെയും, അവരുടെ ശുശ്രൂഷകളെയും വെല്ലുവിളിയായി നേരിടേണ്ടിയും വരും. സത്യത്തെയും, വ്യാജത്തെയും എങ്ങനെ വേർതിരിച്ചു, വിവേചിച്ചു തിരിച്ചറിയാൻ കഴിയും? ഈ സുപ്രധാന ചോദ്യത്തിന് ഉത്തരമായി ഒരുവന്റെ ഉപദേശം യാഥാർഥ്യമെന്ന് തെളിയിക്കുവാൻ മാറ്റുരച്ചു പരീക്ഷിക്കുന്നതിനു ധാരാളം പരീക്ഷണോപാധികൾ തിരുവെഴുത്തു പ്രദാനം ചെയ്യുന്നു. അപ്പോസ്തലനായ പൗലോസ് നൽകുന്ന ഒരു പരീക്ഷണ മാർഗം നമുക്ക് ചിന്തിക്കാം. താനിങ്ങനെ എഴുതിയിരിക്കുന്നു; വിശ്വാസത്തിൽ നിങ്ങൾ സ്ഥിരതയുള്ളവരാണോ എന്ന് സ്വയം പരിശോധിച്ചു അറിയുക(2 കൊരിന്ത്യർ 13:5). ക്രിസ്തുയേശു നിങ്ങളിൽ ഉണ്ട് എന്ന യാഥാർഥ്യം നിങ്ങൾ തിരിച്ചറിയുന്നുണ്ടോ? ഇല്ലെങ്കിൽ നിങ്ങൾ പരീക്ഷയിൽ തോറ്റിരിക്കുന്നു. മാറ്റുരച്ചു നോക്കുമ്പോൾ ലൗകീകമായതാണ് ഒരു വ്യക്തിയിൽ വെളിപ്പെടുന്നതെങ്കിൽ അയാൾ വിശ്വാസത്തിൽ നിലനില്ക്കുന്നവനല്ല എന്ന് തെളിയുന്നു. യോഹന്നാൻ അപ്പോസ്തലനും ഇതേ കാര്യം പരാമർശിക്കുന്നുണ്ട്. അവർ ലൗകീകന്മാരാകയാൽ ലൗകീകമായതു സംസാരിക്കുന്നു: ലോകം അവരെ അംഗീകരിക്കുന്നു. ദൈവത്തിൽ നിന്നുള്ളവർ സംസാരിക്കുമ്പോൾ ദൈവത്തെ അറിയുന്നവർ അവരുടെ വാക്ക് കേൾക്കുന്നു. ഒരു ലൗകീകൻ ദൈവത്തിൽ നിന്നുള്ളവനല്ലാത്തതുകൊണ്ടു അവരുടെ വാക്കു കേൾക്കുന്നില്ല (1 യോഹന്നാൻ 4:6). ഞങ്ങൾ യേശുവിൽ വിശ്വസിച്ചപ്പോൾ നിത്യജീവൻ പ്രാപിച്ചു. യേശുവിൽ വിശ്വസിച്ചു നിത്യജീവൻ പ്രാപിക്കാമെന്നു, എത്ര കഠിനപാപിക്കും ഏതൊരു വ്യക്തിക്കും ടെസ്റ്റ് ചെയ്തു ബോധ്യപ്പെടാവുന്നതാണെന്നു യോഹന്നാൻ പ്രഖ്യാപിക്കുന്നു (യോഹന്നാൻ 20:31).

**മാറ്റുരച്ചു നോക്കുമ്പോൾ ലൗകീകമായ താണ് ഒരു വ്യക്തിയിൽ വെളിപ്പെടുന്നതെങ്കിൽ അയാൾ വിശ്വാസത്തിൽ നിലനില്ക്കുന്ന വനല്ല എന്ന് തെളിയുന്നു.**

നിലനിൽക്കുന്നതും മാറ്റാൻ കഴിയാത്തതുമായ ഒരു യാഥാർഥ്യമാണ് യേശുക്രിസ്തു വിശ്വാസികളിൽ വസിക്കുന്നു എന്ന വാകൃത്തിൽ പൗലോസ് സംക്ഷേപിച്ചിരിക്കുന്നത്. മുഴുവൻ ക്രിസ്തിയതയേയും അതിന്റെ അന്ത:സത്തയെയും ഇതിൽ താൻ ഉൾക്കൊള്ളിച്ചിരിക്കുന്നു. നമ്മിൽ ഓരോരുത്തരിലും അത്യന്താപേക്ഷിതമായിരിക്കുന്ന ഒരു തിരിച്ചറിവാണ് ക്രിസ്തു ഓരോരുത്തരിലും വസിക്കുന്നു എന്നുള്ളത്. ക്രിസ്തു ഉള്ളിൽ വസിക്കുന്നു എന്ന ബോധ്യം ഒരു വ്യക്തിയിൽ രൂഢമൂലമായിരിക്കുന്നു എങ്കിൽ അവന്റെ മനോഭാവവും സംസാരരീതിയും ആഗ്രഹങ്ങളും അഭിലാഷങ്ങളും പ്രതികരണങ്ങളും ഒരു ലൗകീകന്റേതിൽ നിന്നും തികച്ചും വ്യത്യസ്തമായിരിക്കും. ക്രിസ്തു എങ്ങനെ പ്രതികരിച്ചുവോ അങ്ങനെയായിരിക്കും ക്രിസ്തു ഉള്ളിൽ വസിക്കുന്ന ഏതൊരു വ്യക്തിയും പ്രതികരിക്കുക. കാരണം ഒരുവൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടിയായിത്തീരുന്നു. അവനിലുണ്ടായിരുന്ന ജഡീകമായ സകല ആശാപാശങ്ങളും ഉരിഞ്ഞു അവൻ പുതിയ സൃഷ്ടിയായി തീരുന്നു (2 കൊരിന്ത്യർ 5:17).

ക്രിസ്തുവിന്റെ വരവിനെക്കുറിച്ചുള്ള അബദ്ധധാരണകളോ സഭാഭരണ സംവിധാനത്തിലെ അപാകതകളോ ക്രിസ്തു ഉള്ളിൽ വസിക്കുന്ന ഒരുവന്റെ ആത്മിക ജീവിതത്തെ ഒരു കാരണവശാലും ദോഷമായി സ്വാധീനിക്കുന്നില്ല. ക്രിസ്തുവിന്റെ പെരുമാറ്റ രീതികളും സ്വഭാവ വൈശിഷ്ട്യങ്ങളും അറിഞ്ഞു അത് നെഞ്ചിലേറ്റി അവിടുത്തെ കാൽചുവടുകളെ അനുധാവനം ചെയ്യുന്ന ഒരുവനാണ് ഒരു യഥാർത്ഥ ക്രിസ്ത്യാനി.

പ്രസംഗം കേട്ട് അനുതപിച്ചു പ്രാർത്ഥന ഏറ്റുപറഞ്ഞതുകൊണ്ടു മാത്രമല്ല നാം രക്ഷിക്കപ്പെട്ടത്. മറിച്ചു നാം പ്രാർത്ഥിച്ചപ്പോൾ ക്രിസ്തുയേശുവിന്റെ ആത്മാവ് വാസ്തവമായും നമ്മിൽ പ്രവേശിച്ചു അധിവസിക്കുകയായിരുന്നു എന്ന് നാം തിരിച്ചറിയുന്നുണ്ടോ? ഞാൻ നിന്നെ ഒരു നാളും ഉപേക്ഷിക്കുകയില്ല, കൈവിടുകയുമില്ല എന്ന് യേശുകർത്താവ് വാഗ്ദത്തം ചെയ്യുമ്പോൾ അവിടുന്ന് എക്കാലവും നമ്മോടുകൂടി ഉണ്ടായിരിക്കും എന്നല്ലേ അർത്ഥമാക്കുന്നത്? (എബ്രായർ 13:5). ഓരോ വാഗ്ദത്തങ്ങൾക്കും പാലിക്കേണ്ടുന്ന വ്യവസ്ഥകൾ പാലിക്കുന്നവർക്കു മാത്രമായിരിക്കും വാഗ്ദത്തം അന്വർത്ഥമായി വരിക. ഈ വാഗ്ദത്തം ദ്രവ്യാഗ്രഹമില്ലാതെയും, ഉള്ളതിൽ സംതൃപ്തരായും ജീവിക്കുന്നവർക്ക് ആണ് എന്ന വ്യവസ്ഥയും അതോടൊപ്പം കാണാം. നാം ബൈബിൾ കൊണ്ട് നടക്കുന്നതിനാലല്ല, മറിച്ചു ക്രിസ്തു ഉള്ളിൽ ഉള്ളവരായി നടക്കുന്നതിനാലും, അവിടുത്തെ സാന്നിധ്യം നമ്മിൽ നിത്യതയുടെ ഒരു ജ്വാലയായി എരിയുന്നതിനാലും ആണ് നാം യഥാർത്ഥ ക്രിസ്ത്യാനികളായിരിക്കുന്നത്.

ആത്മാവിന്റെ ഫലങ്ങൾ നമ്മിലുളവാകുന്നതും, വിടുതലിന്റെ പ്രവൃത്തികൾ വ്യാപാരിക്കുന്നതും ദൈവശക്തി നമ്മിൽ വെളിപ്പെടുന്നതും ക്രിസ്തു നമ്മിൽ അധിവസിക്കുന്നതിനാൽ മാത്രമാണ്.യേശുവിനോടൊത്തൊരുമിച്ചുള്ള വാസം നമ്മെ അവിടുത്തെ ആലയങ്ങളാക്കിത്തീർക്കുന്നു. യേശുവിനോടുള്ള ബന്ധവും സമ്പർക്കവും, യേശുവിന്റെ ജീവനിൽ ജീവിക്കുവാൻ നമ്മെ പ്രാപ്തരാക്കുന്നു. ഈ ലോകം കപട ആത്മികതയുടെ ചുഴിയിൽ കറങ്ങി മറിയുമ്പോൾ അതിൽ നിന്നും രക്ഷപെടുവാനും ശരിയും തെറ്റും വേർതിരിച്ചു കാണുവാനും, വഴിയും സത്യവും ജീവനുമായ യേശുവിനെ കേന്ദ്രീകരിച്ചുള്ള ജീവിതത്തിലൂടെ മാത്രമാണ് സാധ്യമാവുക.

ശരിയായ ദൈവശാസ്ത്രം വളരെ പ്രധാനപ്പെട്ടത് തന്നെ എന്ന് ഞാൻ വിശ്വസിക്കുന്നു, എന്നാൽ ദൈവശാസ്ത്രത്തേക്കാൾ ഉന്നതവും വിശാലവുമാണ് സത്യം. യേശുവിൽ സത്യം ഉള്ളതുപോലെ അവിടുത്തെക്കുറിച്ചു ഉപദേശം ലഭിച്ചു എങ്കിൽ (എഫെസ്യർ 4:20) ക്രിസ്തുവാകുന്ന സത്യം നമ്മിൽ തിളങ്ങി നിൽക്കുകതന്നെ വേണം, യേശു നമ്മിൽ വസിക്കുമ്പോൾ അവിടുന്ന് നമ്മെ രൂപാന്തരപ്പെടുത്തികൊണ്ടിരിക്കുന്നു.

അസാമാന്യമായ ഉൾക്കാഴ്ചയോടെ പൗലോസ് ഗലാതൃർക്കു എഴുതിയ വാക്കുകൾ നമുക്ക് ഒന്നു വിചിന്തനം ചെയ്യാം. ഞാൻ ക്രിസ്തുവിനോട് കൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു, ഇനി മുതൽ ഞാൻ അല്ല ജീവിക്കുന്നത്; ക്രിസ്തുവാണ് എന്നിൽ ജീവിക്കുന്നത്. ഈ ശരീരത്തിൽ ഞാൻ ഇപ്പോൾ ജീവിക്കുന്നത് ദൈവപുത്രനിലുള്ള വിശ്വാസം മൂലമാണ്. അവൻ എന്നെ സ്നേഹിക്കുകയും എനിക്ക് വേണ്ടി സ്വയം അർപ്പിക്കയും ചെയ്തു (ഗലാതൃർ 2:20). ക്രിസ്തു എന്നിൽ ജീവിക്കുന്നു എന്ന് പൗലോസ് പറയുമ്പോൾ ദൈവപുത്രനെന്നതു വെറുമൊരു ഉപദേശം മാത്രമല്ല, മറിച്ച് ദൈവം നമ്മോടു കൂടെ

ശേഷം പേജ് 28 ▶

# കൃപ കർത്തൃത്വം ചെയ്യുമ്പോൾ



ചെയ്സ് ജോസഫ്

**റോമാലേഖനം ആറാം അധ്യായം 12 മുതൽ ഉള്ള വാക്യങ്ങൾ:**

കൈകൾ കൊണ്ടല്ലാത്ത ഒരു പരിച്ഛേദന ആണ് നമ്മെ പാപത്തിന്റെ അടിമത്തത്തിൽ നിന്ന് രക്ഷിക്കുന്നത് എന്ന് നമ്മൾ കണ്ടു. അത് കൊണ്ട് പാപത്തിനു ഇനി നമ്മിൽ വാഴാൻ അധികാരമില്ല. പാപം അധികാരം നടത്തിയിരുന്നത് ആദത്തിനു അനുകൂലമായ ഒരു ശരീരം ഉപയോഗിച്ചാണ്. ആ ശരീരത്തിന്റെ ക്രൂശീകരണം ആണ് നമ്മെ അടിമത്തത്തിൽ നിന്നു വിമോചിപ്പിക്കുന്നത്. സുവിശേഷം നമുക്ക് നൽകുന്നത് നമ്മുടെ സ്വാതന്ത്ര്യം ആണ്. ഇനി നാം അടിമകൾ ആയി ജീവിക്കേണ്ട കാര്യമില്ല. ശരീരത്തിന്റെ ഇഷ്ടങ്ങൾ നാം ഇനി നിവർത്തിക്കേണ്ട കാര്യവുമില്ല. ആ ശരീരം കാരണം നാം ദൈവത്തിന്റെ ശത്രുക്കൾ ആയിരുന്നു. നമ്മുടെ ചിന്തകൾ, ആഗ്രഹങ്ങൾ എല്ലാം ദൈവത്തിനു വിരോധം ആയിരുന്നു. എന്നാൽ ആ ആദാമ്യ പ്രകൃതത്തെ ക്രൂശിൽ തറച്ചു യേശുക്രിസ്തു അതിനെ നിർവീര്യമാക്കി. സ്നാനത്തിൽ നാം ആ മരണത്തോട് അനുരൂപപെടുമ്പോൾ പാപത്തിന്റെ അടിമത്തത്തിൽ നിന്ന് വിടുതൽ അനുഭവിക്കുന്നു.

**പന്ത്രണ്ടാം വാക്യം നമ്മെ ഓർമ്മിപ്പിക്കുന്ന കാര്യങ്ങൾ:**

നാം ഓർക്കേണ്ടത് നമ്മുടെ മർത്യശരീരത്തിൽ വാഴുന്ന മോഹങ്ങളെക്കുറിച്ചാണ്. അത് നമ്മുടെ നിയന്ത്രണത്തിൽ ഉള്ള കാര്യമല്ല. അതിന്റെ വാഴ്ച അവസാനിപ്പിച്ചത് ക്രിസ്തുവിനോട് കൂടെ ഉള്ള മരണം ആണ്. അതിനാൽ ആ മരണത്തോടു അനുരൂപപ്പെടുമ്പോൾ നാം ജഡത്തിന്റെ മോഹങ്ങളെ അനുസരിക്കുന്നത് അവസാനിക്കുന്നു

പക്ഷെ ഇത് യഥാർത്ഥത്തിൽ ഒരു വിശ്വാസിയുടെ ജീവിതത്തിൽ സംഭവിക്കുന്നുണ്ടോ? പലപ്പോഴും നമ്മുടെ ഉത്തരം അങ്ങനെ ഇല്ല എന്നായിരിക്കാം. കാരണം നാമെല്ലാവരും തന്നെ നമ്മുടെ ശരീരത്തിൽ ഉണരുന്ന പ്രവണതകളെക്കുറിച്ച് അറിവുള്ളവരും ചിലപ്പോൾ ഒക്കെ പരാജയപ്പെട്ടു പോകുന്നവരും ആയിട്ടാണ് കാണപ്പെടുന്നത്. അതുകൊണ്ട് നാം മരിച്ചു എന്ന് വേദപുസ്തകം പഠിപ്പിക്കുമ്പോൾ അത് അവിശ്വസനീയമായ ഒരു കാര്യമായി തോന്നുന്നു . കാരണം ആ പാപശരീരത്തിന്റെ മരണം അനുഭവിക്കാൻ പലപ്പോഴും എന്നല്ല, മിക്കവാറും കഴിയുന്നില്ല.

ഇവിടെ എങ്ങനെ ആണ് നമുക്ക് ജയിക്കാൻ സാധിക്കുക? അനുഭവങ്ങളെ ആശ്രയിച്ചാൽ, അല്ലെങ്കിൽ നാം കാണുന്ന കാഴ്ചയെ ആധാരമാക്കിയാൽ നമുക്ക് ജയിക്കാൻ സാധ്യമല്ല. എന്നാൽ നാം വിശ്വാസത്താൽ നോക്കേണ്ടത്, കാണാൻ കഴിയാത്തതും വേദപുസ്തകം വ്യക്തമായി പഠിപ്പിക്കുകയും ചെയ്യുന്ന മാറ്റം വരാത്ത കാര്യങ്ങളെക്കുറിച്ചാണ്. അത് നമ്മുടെ അനുഭവങ്ങൾ അടിസ്ഥാനം ആയുള്ള കണ്ടു പിടിത്തങ്ങൾ അല്ല, പിന്നെയോ ദൈവത്തിന്റെ വാഗ്ദത്തത്തിൽ അടിസ്ഥാനമാക്കിയാണ്.

ലളിതമായി പറഞ്ഞാൽ, വേദപുസ്തകം നമ്മോടു പറയുന്നു, നിന്റെ പഴയ പ്രകൃതം (പഴയ മനുഷ്യൻ) അതിന്റെ സകല രാഗമോഹാദികളോടും കൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു, അങ്ങനെ നീ പാപത്തിൽ നിന്ന് സ്വാതന്ത്ര്യം പ്രാപിച്ചിരിക്കുന്നു. എന്നാൽ നമ്മുടെ അനുഭവം അതല്ല എന്നുള്ളത് കൊണ്ട്, നാം അത് വിശ്വസിക്കുന്നില്ല. ഇത് നമ്മെ പഠിപ്പിക്കുന്നത് എന്താണ്? നാം ആശ്രയിക്കുന്നത് ദൈവീക വാഗ്ദത്തങ്ങളെ അല്ല, പ്രത്യുത നമ്മുടെ അനുഭവങ്ങളെ ആണ്. എന്നാൽ അനുഭവങ്ങൾ എല്ലായ്പ്പോഴും നമ്മെ സത്യങ്ങളിൽ എത്തിക്കുന്നില്ല. ഈ ഭൂമി നിശ്ചലമായി നിൽക്കുന്നതായിട്ടാണ് നമുക്ക് അനുഭവപ്പെടുന്നത്. എന്നാൽ അത് ചലിച്ചു കൊണ്ടിരിക്കുകയാണ് എന്ന് നമുക്ക് അറിയാമല്ലോ. പലപ്പോഴും സത്യത്തിനു നമ്മുടെ പ്രായോഗിക അനുഭവങ്ങളുമായി ബന്ധം ഉണ്ടാവണം എന്നില്ല. അത് കൊണ്ട് നാം നമ്മുടെ അനുഭവങ്ങളിലേക്കും ആശയങ്ങളിലേക്കും തിരിയുമ്പോൾ വിശ്വാസത്താലല്ല, പ്രത്യുത കാഴ്ചയുടെ അടിസ്ഥാനത്തിൽ ജീവിക്കുന്നവരാണ്.

എന്നാൽ ഒരു നിമിഷം വിശ്വാസത്തിന്റെ കണ്ണിലൂടെ ദൈവത്തിന്റെ വാഗ്ദത്തങ്ങളിലേക്കു നോക്കൂ. കാഴ്ചയിൽ നാം കാണുന്ന താത്കാലികമായ ലോകം, ശരീരം, അനുഭവങ്ങൾ എന്നിവയ്ക്ക് അതീതമായി നമ്മുടെ പഴയ പ്രകൃതം

ക്രൂശിൽ തറയ്ക്കപ്പെട്ടു, കൈകളാൽ അല്ലാത്ത ഒരു പരിച്ഛേദന നമുക്ക് ലഭിച്ചു. നാം പാപ സംബന്ധമായി മരിച്ചു. ഇതാണ് നാം വിശ്വസിക്കുന്നത്. ഇപ്പോഴും നിങ്ങൾ കാണുന്നത് നോക്കി സ്വയം വിലയിരുത്തുകയാണോ? അനുഭവങ്ങൾ നോക്കി നിരക്ഷരർ ആവുകയാണോ? അതല്ല അപ്പോസ്തലൻ നമുക്ക് കാണിച്ചു തരുന്ന വഴി. നാം ഏതു അവസ്ഥയിൽ ആയിരുന്നാലും വിശ്വാസത്താൽ നമുക്കു ശരീരത്തിന്റെ പാപപ്രകൃതത്തെ ജയിക്കാൻ കഴിയും. അനുഭവത്താൽ നോക്കുമ്പോൾ അത് നമുക്ക് ഒട്ടും ശരിയല്ല എന്ന് തോന്നും. എന്നാൽ വേദപുസ്തകം പറയുന്നത് ആണ് ശരി. നമ്മുടെ അനുഭവങ്ങൾ പറയുന്നത് അല്ല. അത് കൊണ്ട് നിങ്ങൾ കർത്താവിന്റെ മരണത്തോട് അനുരൂപപ്പെടുമ്പോൾ ഇനി നമ്മുടെ മേൽ വാഴാൻ ആ പാപ ശരീരമോ അതിന്റെ മോഹങ്ങളോ ഇല്ല. ഇങ്ങനെ ആണ് വിശ്വാസത്താൽ നാം ജയാളികൾ ആവുന്നത്.


പാപത്തിന്റെ അടിമത്തത്തിൽ നിന്ന് നാം രക്ഷപെട്ടതിനു ശേഷവും വീണ്ടും പാപത്തിന്റെ ആയുധങ്ങൾ ആയി നമ്മുടെ അവയവങ്ങളെ വിട്ടുകൊടുക്കാൻ കഴിയും. പാപത്തെ നിസ്സാരമായി എടുക്കുന്നത് കൊണ്ടാണ് അങ്ങനെ സംഭവിക്കുന്നത്. പലരും രക്ഷയെ കാഴ്ചയുടെ തലത്തിലേക്ക് മാറ്റി, വിടുതൽ എല്ലാം ഇപ്പോൾ തന്നെ ലഭിച്ചു എന്ന് കരുതുന്നുണ്ട്. എന്നാൽ അത് വിശ്വാസത്താൽ നാം ഓരോ നിമിഷവും അനുഭവിക്കേണ്ടതാണ്. നമ്മുടെ രക്ഷയെ സംബന്ധിക്കുന്ന ദൈവ വാഗ്ദത്തങ്ങൾ സ്ഥിരമായുള്ളതും മാറി പോകാത്തതും, അവന്റെ തന്നെ ആണയിൽ അടിസ്ഥാനം ഉള്ളതും ആണ്.

എന്നാൽ, പാപത്തിന്റെ അടിമത്തത്തിൽ നിന്ന് നാം നീതിയുടെ അടിമത്തത്തിലേക്കു മാറുന്നത് വിശ്വാസത്തിലൂടെ ആ വാഗ്ദത്തങ്ങൾ അനുഭവിക്കുമ്പോൾ ആണ്. അത് കൊണ്ട് നാം എന്താണ് ചെയ്യേണ്ടത്? പതിമൂന്നാം വാക്യം പറയുന്നു. പാപത്തിന്റെ കീഴിൽ അവയവങ്ങളെ വിട്ടു കൊടുക്കാതെ, പാപത്തെ നിസ്സാരമായി എടുക്കാതെ, നാം മരിച്ചു ജീവിക്കുന്നവരായും, നീതിയുടെ അടിമകൾ ആയും ദൈവത്തിനു നമ്മെ ആരാധനയായി അർപ്പിക്കുകയാണ് വേണ്ടത്.

നീതിയുടെ ദാസ്യത്വവും പാപത്തിന്റെ ദാസ്യത്വവും വെളിപ്പെടുന്നത് നമ്മുടെ അവയവങ്ങളിൽ ആണ്. പാപത്തിന്റെ ദാസ്യത്വം അവയവങ്ങളിലൂടെ ആണ് വാഴുന്നത്. അവയവങ്ങളിൽ ഉള്ള മോഹങ്ങൾ ആണ് ആ അടിമത്തത്തെ ഉണ്ടാക്കുന്നത്. എന്നാൽ നീതിയുടെ ദാസ്യത്വം ആത്മാവിൽ നിന്നുള്ളതാണ്. അത് പാപ അവയവങ്ങളെ മരിപ്പിച്ചു, ക്രിസ്തുവിന്റെ നീതിയുടെ ആയുധങ്ങൾ ആക്കി മാറ്റുന്നു. ഇത് നാം ദൈവത്തോട് ഏറ്റുപറയുന്ന ഒരു വിശ്വാസ പ്രഖ്യാപനം കൂടെ ആണ്. ഇനി ഞാൻ അങ്ങയുടെ അടിമ ആണ്, പാപത്തിനു അടിമ ആയിരുന്ന ഞാൻ മരിച്ചു. ഇനി ഞാൻ ജീവിക്കുന്നത് ക്രിസ്തുവിന്റെ ആത്മാവിനാൽ ആണ്. ഇനി വാഴുവാൻ ക്രിസ്തുവിന്റെ രാജത്വം മാത്രമേ ഉള്ളു. ഇതിനെയാണ് കൃപയുടെ കർതൃത്വം എന്ന് നാം പറയുന്നത്. പാപ ശരീരങ്ങൾ വാഴുന്നതിനു പകരം ക്രിസ്തുവിന്റെ കൃപ, നമ്മെ വിടുവിക്കുന്ന ദൈവകൃപ നമ്മുടെ മേൽ വാഴുന്നു. ശരിക്കും കൃപ വാഴുന്നത് കർത്തൃത്വത്തിനു സംഭവിക്കുന്ന മാറ്റം ആണ്. ഇനി കൃപയാണ് കർതൃത്വം ചെയ്യുന്നത്. നാം ക്രിസ്തുവിന്റെ തികഞ്ഞ നീതിയുടെ അടിമകൾ ആയിരിക്കുന്നു. അവന്റെ ജീവനിലേക്കു പ്രവേശിച്ചിരിക്കുന്നു. എന്നാൽ അപ്പോഴും നാം കുറവുള്ളവർ ആണ്. എന്നാൽ കൃപ കർതൃത്വം ചെയ്യുന്നത് കൊണ്ട് നമ്മെ ക്രിസ്തുവിൽ തികഞ്ഞവർ എന്ന് ദൈവം എണ്ണുന്നു.

അഞ്ചാം അധ്യായത്തിന്റെ അവസാനത്തിൽ പാപവും കൃപയും തമ്മിലുള്ള ബന്ധത്തെ കുറിച്ച് പൗലോസ് ഒരു ചോദ്യം ചോദിച്ചിരുന്നു. കൃപ പെരുകേണ്ടതിനു പാപം ചെയ്യുക എന്നോ? എന്നായിരുന്നു ആ ചോദ്യം. അതിന്റെ ഉത്തരം ആണ് ഇപ്പോൾ നാം കണ്ടെത്തിയത്. പാപം ചെയ്യുന്നത് പാപ ശരീരത്തോടുള്ള അടിമത്തം ആണ്. യേശുക്രിസ്തുവിന്റെ ക്രൂശിൽ ആ പാപ ശരീരം മരിച്ചു എന്നത് നാം വിശ്വാസത്താൽ ഏറ്റെടുക്കുന്നു. അതുകൊണ്ട് പാപമെന്ന രാജാവിന്റെ അധികാരം നഷ്ടപ്പെടുന്നു. എന്നാൽ നാം ഇപ്പോൾ നീതിയുടെ ദാസന്മാർ ആണ്. അത് നമ്മുടെ ശരീരത്തിൽ ഉണ്ടാവുന്ന, ഈ ലോകത്തു നിന്ന് ലഭിക്കുന്ന ഒരു നീതിയല്ല, കൃപ വാഴുന്ന നീതി ആണ്.

യേശുക്രിസ്തുവിന്റെ നീതിയുടെ ദാസന്മാർ ആവുമ്പോൾ സ്വാഭാവികമായും അത് നമ്മുടെ ശരീരത്തിന്റെ കഴിവിന് അപ്പുറത്താണ്. അവിടെ കൃപ കർതൃത്വം ഏറ്റെടുത്താണ് നമ്മെ നടത്തുന്നത്. യേശുക്രിസ്തുവിന്റെ നീതിയാൽ നാം പിടിക്കപ്പെട്ടിരിക്കുന്നതു കൊണ്ട് ഒരിക്കലും നമുക്ക് പിടിച്ചു കഴിഞ്ഞു എന്നോ, ഓടി തീർന്നു എന്നോ അനുഭവപ്പെടുകയില്ല. എന്നാൽ കൃപ നമ്മെ തികഞ്ഞവരായി ദൈവത്തിന്റെ സന്നിധിയിൽ നിർത്തുകയും ചെയ്യും. അതു കൊണ്ട് പൗലോസ് പറയുന്നു: കൃപയുടെ കർതൃത്വം നമ്മെ ദൈവീക നീതിയുടെ ദാസന്മാർ ആക്കുകയും നമ്മെ തികഞ്ഞവർ ആക്കി മാറ്റുകയും ചെയ്യുന്നു. ■





ഡോ. സജികുമാർ കെ. പി.

# പേരന്റിങ്ങ്: അറിയേണ്ടതും ചിന്തിക്കേണ്ടതും

മക്കളെക്കുറിച്ചു വ്യാകുലപ്പെടുന്നവരാണ് ഇന്നത്തെ മാതാപിതാക്കളിൽ ബഹുഭൂരിപക്ഷവും. പഴയ തലമുറയുമായി താരതമ്യം ചെയ്യാൻ കഴിയുന്ന സാഹചര്യമല്ല ഇന്നത്തെ തലമുറയ്ക്കു ലഭിക്കുന്നത്. അനുസരണമില്ലാത്തവരും ഉത്തരവാദിത്വബോധമില്ലാത്തവരും ആസ്വാദനങ്ങൾക്കു മാത്രം അടിമപ്പെട്ടവരുമായി നമ്മുടെ നവ തലമുറയിലെ ചിലർ അധ:പ്പതിച്ചു പോകുന്നത് കാണുമ്പോൾ എല്ലാവർക്കും ഭാരമുണ്ട്. അവരെ നേരായ പാതയിലേക്ക് തിരിച്ചു കൊണ്ടു വരുവാൻ ശ്രമിച്ചു പരാജയപ്പെടുന്നവരാണ് മിക്ക മാതാപിതാക്കളും. സമൂഹവും സാമൂഹിക മൂല്യങ്ങളും വളരെ വേഗത്തിലുള്ള മാറ്റങ്ങൾക്കു വിധേയപ്പെട്ടുകൊണ്ടിരിക്കുമ്പോൾ നേരായ വഴിയിൽ മക്കളെ വളർത്തുന്നതിൽ മാതാപിതാക്കൾ അത്യാവശ്യം ചിന്തിക്കേണ്ടതും അറിയേണ്ടുന്നതുമായ ചില വസ്തുതകൾ താഴെ കൊടുക്കുന്നു.

**1) മക്കളോടൊത്തു സമയം ചിലവഴിക്കുക**

ദൈവം കുഞ്ഞുങ്ങളെ നൽകുമ്പോൾ ഓരോ മാതാപിതാക്കൾക്കും തികച്ചും നിഷ്ക്കളങ്കരായ കുഞ്ഞുങ്ങളെയാണ് നൽകുക. ശൈശവത്തിന്റെ ഏറ്റവും വലിയ പ്രത്യേകതയും ഈ നിഷ്കളങ്കതയാണ്. എങ്ങനെ ചിന്തിക്കണം, എങ്ങനെ പെരുമാറണം, എങ്ങനെ ജീവിക്കണം എന്ന് ശിശുക്കൾക്ക് അറിഞ്ഞുകൂടാ. ആദ്യം ജീവിതപാഠങ്ങൾ അവർ പഠിക്കുന്ന സ്ഥാപനമാണ് അവരുടെ കുടുംബം. എന്നാൽ ഇന്ന് മാതാപിതാക്കളിൽ പലർക്കും സമയമില്ല. ജോലിക്കാർക്ക് ജോലിത്തിരക്ക് കാരണം കുട്ടികളെ കേൾക്കാനും അവരിലേക്ക് നന്മകളാകുന്ന ഉപദേശങ്ങൾ നൽകാനും സമയം ഇല്ല. ജോലിയില്ലാത്തവർക്കു വീട്ടുജോലി തീർന്നിട്ട് സമയവും ഇല്ല. അതുകൊണ്ടു അവരിലേക്ക് നല്ല ധാർമ്മികമൂല്യങ്ങൾ പഠിപ്പിച്ചുകൊടുക്കാനും അതുപോലെ അവരുടെ സംഘർഷങ്ങളിലേയ്ക്ക് ഇറങ്ങി ചെല്ലാനും തെറ്റും ശരിയും തിരിച്ചറിയത്തക്കവണ്ണം ഉപദേശങ്ങൾ നൽകാനും പലർക്കും സാധിക്കുന്നില്ല.

മക്കളോടൊപ്പമിരുന്നു സംസാരിക്കാനും കളിക്കുവാനും അവരെ കേൾക്കുവാനും, ഉപദേശിക്കുവാനും സമയം കണ്ടെത്താത്ത മാതാപിതാക്കൾ അവരുമായി മാനസികമായ അടുപ്പം രൂപീകരിക്കുന്നതിൽ പരാജയപ്പെടും. അവസാനം കുട്ടികൾ മുതിർന്നു കഴിയുമ്പോൾ മാതാപിതാക്കൾക്കുണ്ടാകുന്ന വേദനകൾ കുഞ്ഞുങ്ങൾക്ക് വേദന ആയിരിക്കണമെന്നില്ല. ഇന്ന് ഇതുതന്നെയാണ് അനവധി മാതാപിതാക്കളുടെ പ്രശ്നം. അതുകൊണ്ടു ഈ നവതലമുറയെ നന്നായി വളർത്തിയെടുക്കണമെങ്കിൽ തീർച്ചയായും മാതാപിതാക്കൾ കുട്ടികളോടൊപ്പം ചിലവഴിക്കുവാൻ സമയം കണ്ടെത്തിയേ തീരൂ.

**2) സ്നേഹവും ശിക്ഷയും ബാലൻസ്ഡ് ആയിരിക്കണം**

പഴയ കാലത്തു വീടുകളിൽ എട്ടും പത്തും കുഞ്ഞുങ്ങൾ ഉണ്ടായിരുന്നു. അതുകൊണ്ടു പലപ്പോഴും മാതാപിതാക്കൾക്ക് അവരുടെ എല്ലാ പിടിവാശിയും തീർത്തുകൊടുക്കുവാനും എന്നും പുറകെ നടന്നു അവരെ പരിപാലിക്കുവാനും സാധ്യമല്ലായിരുന്നു. അതുകൊണ്ടു സ്വയം ഉത്തരവാദിത്വം എടുത്തില്ലെങ്കിൽ കുട്ടികൾക്ക് പിടിച്ചുനിൽക്കുവാൻ സാധ്യമാകുമായിരുന്നില്ല.

അങ്ങനെ കുട്ടികൾ സ്വയം ഉത്തരവാദിത്വമുള്ളവരായിത്തീർന്നു. എന്നാൽ ഇന്ന് മിക്ക ഭവനങ്ങളിലും രണ്ടു കുട്ടികളിൽ കൂടുതൽ ഇല്ല. അതുകൊണ്ടു പല മാതാപിതാക്കളും ചെയ്യുന്നത് രണ്ടു പേരെയും ആവശ്യത്തിലധികം പരിഗണിക്കുകയും അവർ സ്വയമായി ചെയ്യേണ്ടിയവ പലതും അവർക്കു ചെയ്തുകൊടുക്കുകയും ചെയ്യുന്നു. ഹോംവർക്കും പല്ലുതേക്കലും ഇതര പ്രഭാത കൃത്യങ്ങളും അവർ സ്വയം ചെയ്യാൻ പരിശീലിപ്പിക്കാതെ മാതാപിതാക്കൾ അവർക്കുവേണ്ടി ചെയ്തുകൊടുക്കുമ്പോൾ അവർ എങ്ങനെ ഉത്തരവാദിത്വ ബോധമുള്ളവരാകും? ഇത് വാസ്തവത്തിൽ കുഞ്ഞുങ്ങൾക്ക് ഗുണമല്ല മറിച്ചു ദോഷമാണ് ചെയ്യുക.

സ്നേഹവും കരുതലും കൂടിപ്പോകുന്നിടത്തു മക്കൾ അലസരും ഉത്തരവാദിത്വമില്ലാത്തവരും ആയിത്തീരുവാൻ സാധ്യത ഏറെയാണ്. ശിക്ഷയും ശാസനയും മാത്രമാണുള്ളതെങ്കിൽ കുഞ്ഞുങ്ങൾ ആത്മവിശ്വാസമില്ലാത്തവർ ആയി വളരുവാനാണ് സാധ്യത. ആർക്കാണ് കുഞ്ഞുങ്ങളെ ശിക്ഷിക്കുവാൻ അവകാശം? നിങ്ങളുടെ മക്കൾക്ക് നിങ്ങൾ അവരെ സ്നേഹിക്കുന്നുണ്ട് എന്ന പൂർണബോധ്യം ഉണ്ടെങ്കിൽ മാത്രമേ നിങ്ങൾ നൽകുന്ന ശിക്ഷയാൽ ഉദ്ദേശിക്കുന്ന ഫലം ഉണ്ടാവുകയുള്ളു. അതുകൊണ്ടാണ് സ്നേഹവും ശിക്ഷയും ബാലൻസ് ചെയ്തു പോകണം എന്ന് പറയുന്നത്. കോപശമനത്തിനുള്ള ഉപാധിയായി ശിക്ഷയെ കാണാതെ ശാന്ത പ്രകൃതത്തിൽ ശാന്തമനസ്സോടെ മാത്രമേ കുഞ്ഞുങ്ങളെ ശിക്ഷിക്കാവൂ.

**3) ശരിയായ ആത്മികതയിൽ അവരെ വളർത്തുക**

ആത്മികത എന്നത് ഓരോ വ്യക്തികളിലും വ്യത്യസ്തമായിരിക്കും. ഇന്നത്തെ തലമുറ ആത്മികതയ്ക്കു വളരെ വ്യത്യസ്തമായ നിർവചനമാണ് നൽകുന്നത്. ക്രിസ്തുവിനെ കൈക്കൊണ്ട ആദ്യ തലമുറ ആത്മികത ആസ്വദിച്ചു അനുഭവിച്ചു എങ്കിൽ അവരുടെ അടുത്ത തലമുറ ഒരു അനുഷ്ഠാനം എന്ന നിലയിൽ അനുകരിച്ചു. അവസാനം അത് അഭിനയം ആയി നവതലമുറയിൽ ചിലരിൽ എങ്കിലും എത്തി നിൽക്കുന്നു. വിശുദ്ധിയും വേർപാടും അതിനെപ്പറ്റിയുള്ള സംഭാഷണങ്ങളും കുടുംബങ്ങളിൽ നിന്നും അകന്നു പോയിരിക്കുന്നു. ആത്മികതയെ സമൃദ്ധിയുടെയും കാര്യസാധ്യങ്ങളുടെയും കുറുക്കുവഴിയാക്കി മാറ്റിയിരിക്കുന്നു. പാപത്തെപ്പറ്റി പശ്ചാത്താപമില്ലാത്ത ഒരു തലമുറ വളർന്നുവരുന്നു എന്ന് നമുക്ക് ഭാരം ഉണ്ടെങ്കിൽ, നാം ആദ്യം ചെയ്യേണ്ടത് അവരിലേക്ക് ശരിയായ ആത്മികത പകരുകയും അഭ്യസിപ്പിക്കുകയും ചെയ്യുക എന്നതാണ്. നമ്മുടെ കുടുംബപ്രാർത്ഥനകൾ മുടങ്ങാതിരിക്കട്ടെ. സന്ധ്യാസമയത്തെ കുടുംബപ്രാർത്ഥനകൾ സജീവമാക്കിക്കൊണ്ടു പണ്ടത്തെപ്പോലെയുള്ള ഒരു നല്ല കാലത്തേയ്ക്ക് മടങ്ങിവരാം.

**ദൈവം തന്നിരിക്കുന്ന മക്കളെ വേർതിരിച്ചു കാണരുത്. ആൺകുട്ടികൾക്ക് കൊടുക്കുന്ന അതേ സ്നേഹവും പരിഗണനയും പെൺകുട്ടികൾക്കും നൽകണം**

ശരിയായ രക്ഷാകർതൃത്വത്തിനു നാം അറിഞ്ഞിരിക്കേണ്ടുന്ന ചില മാർഗ നിർദ്ദേശങ്ങൾ :

a . ദൈവം തന്നിരിക്കുന്ന മക്കളെ വേർതിരിച്ചു കാണരുത്. ആൺകുട്ടികൾക്ക് കൊടുക്കുന്ന അതേ സ്നേഹവും പരിഗണനയും പെൺകുട്ടികൾക്കും നൽകണം, ഇളയ ആൾക്ക് ലഭിക്കുന്ന അതേ അളവിൽ മുതിർന്ന ആളിനും ലഭിക്കണം

b . മക്കളെ മറ്റൊരുത്തരുമായി താരതമ്യം ചെയ്യരുത്. ഓരോരുത്തരെയും വ്യത്യസ്തരായിട്ടാണ് ദൈവം സൃഷ്ടിച്ചിരിക്കുന്നത്. ആ വ്യത്യസ്തതകൾ ഉൾക്കൊള്ളുകയും അതിനു കുഞ്ഞുങ്ങളെ പഠിപ്പിക്കുകയും ചെയ്യുക.

c . കുഞ്ഞുങ്ങളിലേക്കു ദൈവിക ദർശനങ്ങൾ പകരുക. മാതാപിതാക്കളുടെ ഏറ്റവും വലിയ സ്വപ്നം എന്നത് ആത്മികരായി കുഞ്ഞുങ്ങൾ വളർന്നു നിലനിൽക്കുക എന്നതാണ്. ആ ബോധ്യം അവരിലേക്ക് പകരുക.

d . ഉത്തരവാദിത്വങ്ങൾ ചെറുപ്പം മുതലേ അഭ്യസിപ്പിക്കുക. അവരുടെ ഭാവിയെ സംബന്ധിച്ചു അതായതു അവർ ആരായിത്തീരണം എന്ന സ്വപ്നം ദൈവത്തിൽ നിന്ന് പ്രാപിക്കുവാൻ അവരെ പ്രബുദ്ധരാക്കുക.

സർവോപരി അവരെ ദൈവപ്രസാദമുള്ളവരാക്കി വളർത്തുക. എന്ത് ചെയ്താലും പ്രാർത്ഥനയോടെ തുടങ്ങുവാൻ ശീലിപ്പിക്കുക. മറ്റുള്ളവരിലേക്ക് യേശുവിന്റെ സ്നേഹം പകരുവാൻ അവരെ പ്രാപ്തരാക്കുക. അങ്ങനെ ഇന്നത്തെ തലമുറ ശരിയായ ദിശാബോധത്തിൽ വളരട്ടെ. ■



ഷാജി ഉമ്മൻ

# നിത്യതയിലും ശോഭിക്കുവാൻ

**പെ**രുന്നാളിൽ നമസ്കരിക്കാൻ വന്ന ചില യവനന്മാർ (ഗ്രീക്കുകാർ), യേശുവിനെ കാണാൻ താല്പര്യപ്പെടുന്നുണ്ട് എന്ന് അന്ത്രെയാസും ഫിലിപ്പോസും യേശുവിനോടു പറഞ്ഞു. യേശു പറഞ്ഞ മറുപടി കേട്ടാൽ ശിഷ്യന്മാർ പറഞ്ഞതുമായി യാതൊരു ബന്ധവുമില്ലാത്ത വളരെ വിചിത്രമായ ഒരു ഉത്തരമാണ് എന്ന് തോന്നും, ആ മറുപടി ഇങ്ങനെയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. മനുഷ്യപുത്രൻ തേജസ്കരിക്കപ്പെടുവാനുള്ള നാഴിക വന്നിരിക്കുന്നു. 'ആമേൻ, ആമേൻ ഞാൻ നിങ്ങളോടു പറയുന്നു; ഗോതമ്പുമണി നിലത്തു വീണു ചാകുന്നില്ലായെങ്കിൽ അത് തനിയെ ഇരിക്കും; ചത്തു എങ്കിലോ വളരെ വിളവുണ്ടാകും. തന്റെ ജീവനെ സ്നേഹിക്കുന്നവൻ അതിനെ കളയും. ഇഹലോകത്തിൽ തന്റെ ജീവനെ പകക്കുന്നവൻ അതിനെ നിത്യജീവനായി സൂക്ഷിക്കും' (യോഹന്നാൻ 12: 23 - 25).

ഒരു ഗോതമ്പുമണി നാം ഒന്ന് സൂക്ഷിച്ചു നോക്കിയാൽ അത് വളരെ മനോഹരമാണ് എന്നു കാണാം. അതിനെ വായു കടക്കാതെ ഭദ്രമായി സൂക്ഷിക്കുകയാണെങ്കിൽ വർഷങ്ങളോളം അത് കേടുകൂടാതെ ഭംഗിയായി തന്നെ ഇരിക്കും. എന്നാൽ അത് ആ ഒരെണ്ണമായി മാത്രം ശേഷിക്കും. അത് മണ്ണിൽ വിതയ്ക്കുന്നു എങ്കിൽ, ഗോതമ്പു മണിയുടെ രൂപഭംഗി നഷ്ടപ്പെടുകയും അത് വീർത്തു പൊട്ടി മുളവന്നു ഗോതമ്പു ചെടിയായി വളരുകയും ചെയ്യും. ഈ ഗോതമ്പു മണി അതിന്റെ സുരക്ഷിതമേഖലയിൽ നിന്ന് മാറ്റപ്പെട്ടു എന്നാണ് പ്രത്യക്ഷത്തിൽ തോന്നുക. പക്ഷെ ദൈവീക പദ്ധതി പ്രകാരം അത് സ്വയം തകർന്നു ഫലം കൊടുക്കുന്ന അനുഭവത്തിലേക്ക് വളരുകയാണ് ചെയ്യുന്നത്. ഈ ഒരു ഗോതമ്പു ചെടിയിൽ നിന്ന് അനേക ധാന്യമണികൾ വിളഞ്ഞു പാകമാവുകയും, വീണ്ടും അതിൽ നിന്നു അനേക ഗോതമ്പുചെടികളും, കാലക്രമത്തിൽ അസംഖ്യം ഗോതമ്പുമണികളും ഉളവായി വരികയും ചെയ്യുന്നു. ഇത് മനുഷ്യർക്ക് ആഹാരത്തിനും കൃഷിക്ക് വിത്തിനുമായി ഉപയോഗപ്പെടുന്നു. യേശുവിനെ കുറിച്ച് കേട്ട അമാനുഷ ചെയ്തികൾ നിമിത്തം ഇദ്ദേഹത്തെ ഒന്ന് കാണണം എന്ന സ്വാഭാവിക മാനുഷിക തൃഷ്ണയിൽ ആയിരിക്കണം ഈ ഗ്രീക്കുകാർ തന്റെ അടുക്കൽ വന്നത്. അങ്ങനെ ഒരു അഭിമുഖ സംഭാഷണം നടത്തിയതുകൊണ്ട് കാര്യമില്ലായെന്നും, മുകളിൽ പറഞ്ഞ ഗോതമ്പു മണിയെ പോലെ തകർക്കപ്പെടുവാൻ സമർപ്പിച്ചു, തകർക്കപ്പെടുകയും, അസംഖ്യം ഗോതമ്പുമണികളായി വർധിച്ചു പെരുകുകയും ചെയ്തു എങ്കിൽ മാത്രമേ അഭിമുഖം അർഥപൂർണ്ണമാകുന്നുള്ളു എന്നുമാണ് യേശുവിന്റെ മറുപടിയുടെ അർഥം.

ഭദ്രമായി സൂക്ഷിക്കപ്പെട്ട ഗോതമ്പു മണിപോലെ സുരക്ഷിതമേഖലയിൽ നമ്മുടെ ആരോഗ്യത്തിനും പേരിനും പെരുമയ്ക്കും സമ്പത്തിനും ഒന്നും ഉലച്ചിൽ തട്ടാതെ ഇഹലോക ജീവിതം പരമാവധി ആസ്വദിച്ചു കഴിയണമെന്നാണ് ഭൂരിപക്ഷം ആളുകളും ആഗ്രഹിക്കുന്നത്. അങ്ങനെ ജീവിച്ചാൽ ഒരു വർധനവും ഉണ്ടാകാതെ നിഷ്ഫലമായ അവസ്ഥയിൽ

ഇല്ലാതാവുകയും കാലാന്തരത്തിൽ വിസ്മരിക്കപ്പെടുകയും ആയിരിക്കും ഫലം. എന്നാൽ ദൈവകരത്തിൽ ഉപയോഗിക്കപ്പെടുവാൻ സമർപ്പിക്കപ്പെടുന്ന ഒരാൾ, കൃഷിക്കാരന്റെ കരത്താൽ വിതയ്ക്കപ്പെട്ട ഗോതമ്പുമണി പോലെ ആണ്. അതിന്റെ രൂപവും, ഭംഗിയും, അത് ആയിരുന്ന സ്ഥാനവും, അവസ്ഥയും എല്ലാം നഷ്ടപ്പെട്ടു, തികച്ചും മറ്റൊന്നായിത്തീരുന്നു. പിന്നീടതു വളർന്നു ഉടമസ്ഥന് ഫലം കൊടുക്കുന്ന അനുഭവത്തിൽ സന്തോഷപൂരിതമായ ഒരു പര്യവസാനത്തിലേക്കു എത്തിച്ചേരുകയും ചെയ്യുന്നു. ഇതുപോലെ പുറമെയുള്ള നമ്മുടെ ജഡത്തെ സ്വാധീനിക്കുന്ന നമ്മുടെ രൂപവും, ഭംഗിയും സ്ഥാനമാനങ്ങളും പേരും പെരുമയും തകർക്കപ്പെട്ടു എങ്കിൽ മാത്രമേ അകത്തുള്ള ജീവന്റെ മുള വളർന്നു പുഷ്ടിപ്പെടുകയുള്ളു. അപ്പോൾ മാത്രമാണ് ഫലം കായ്ക്കുവാൻ കഴിയുക. യജമാനൻ നമ്മിൽ നിന്നും ആഗ്രഹിക്കുന്നത് വളരെ ഫലം കായ്ക്കുന്ന അനുഭവമാണ്. ഇത് ചിലരുടെ അനുഭവങ്ങളിൽ കൂടി വ്യക്തമാക്കാം.

ഉദാഹരണമായി മോശെ ഫറവോന്റെ കൊട്ടാരത്തിൽ വളർന്നു. ഈജിപ്റ്റുകാരുടെ സകല ജ്ഞാനവും അഭ്യസിച്ചു, വാക്കിലും പ്രവൃത്തിയിലും സമർത്ഥനായിത്തീർന്നു. ഇന്നത്തെ അമേരിക്കൻ പ്രസിഡന്റിന്റെ പദവിയോട് തുല്യമായ പദവി ആയിരുന്നു ഈജിപ്തിലെ ഫറവോമാരുടേത്. അത്തരം ഉയർന്ന നിലവാരത്തിൽ ജീവിച്ച മോശെയെ ഇതൊന്നും ഇല്ലാത്ത മറ്റൊരാവസ്ഥയിലേക്കു ദൈവം നടത്തി. തന്റെ നാല്പതാം വയസിൽ മിദ്യാൻ ദേശത്തേക്കു ഓടിപ്പോവുകയും തന്റെ അമ്മായിയപ്പന്റെ ആടുകളെ മേയിച്ചുകൊണ്ടു മറ്റൊരു നാൽപതു വർഷം അവിടെ പാർക്കുകയും ചെയ്തു. വിജനമായ ആ ദേശത്തു തന്റെ ജ്ഞാനമോ വാക്ചാതുര്യമോ ഒന്നും ആവശ്യമായി വന്നില്ല. താൻ മേയിച്ചിരുന്ന ആടുകൾ മാത്രമായിരുന്നു തനിക്കു ചുറ്റും. തനിക്കു എൺപതു വയസ്സായപ്പോൾ എരിയുന്ന അഗ്നിജ്വാലയിൽ ദൈവം പ്രത്യക്ഷപ്പെടുകയും യിസ്രായേൽ ജനത്തെ വിടുവിക്കുന്നതിനായി തന്നെ നിയോഗിക്കുകയും ചെയ്തു. തനിക്കുണ്ടായിരുന്ന ജ്ഞാനവും സാമർത്ഥ്യവും കഴിവും പ്രാപ്തിയും എല്ലാം ഉരിഞ്ഞു കളഞ്ഞു, തകർന്ന നിലയിൽ ആക്കിയ ശേഷമാണ് ഒരു മഹാനിയോഗത്തിനായി അവനെ തിരഞ്ഞെടുത്തത്. ദൈവജനത്തോടു കൂടെ ക്രിസ്തുവിന്റെ നിന്ദ

**നമ്മുടെ ജഡത്തെ സ്വാധീനിക്കുന്ന നമ്മുടെ രൂപവും, ഭംഗിയും സ്ഥാനമാനങ്ങളും പേരും പെരുമയും തകർക്കപ്പെട്ടു എങ്കിൽ മാത്രമേ അകത്തുള്ള ജീവന്റെ മുള വളർന്നു പുഷ്ടിപ്പെടുകയുള്ളു. അപ്പോൾ മാത്രമാണ് ഫലം കായ്ക്കുവാൻ കഴിയുക.**

വലിയ ധനമെന്നെണ്ണി കഷ്ടമനുഭവിക്കുവാൻ സമർപ്പിച്ചതുകൊണ്ടു ഒരു വലിയ ശുശ്രൂഷ ദൈവം അവനെ ഭരമേല്പിച്ചു. മോശെ മരിച്ചിട്ടു ഇപ്പോൾ ഏകദേശം മൂവായിരത്തിനാനൂറ്റിയമ്പതിലധികം വർഷങ്ങൾ കഴിഞ്ഞു. എങ്കിലും മോശെയെക്കുറിച്ചുള്ള സജീവ സ്മരണ ഇന്നും നിലനിൽക്കുന്നു.

അതുപോലുള്ള മറ്റൊരു വ്യക്തിയാണ് അപ്പോസ്തലനായ പൗലോസ്. വിദ്യാബഹുത്വമുള്ളവനും ധനാഢ്യനും ഉന്നതകുലജാതനുമായിരുന്നു. അങ്ങനെയുള്ള വ്യക്തിയെ തകർച്ചയുടെ അനുഭവത്തിലൂടെ നടത്തി, ദൈവം നേരിട്ട്, പരിശീലനം നൽകി, വിജാതീയരുടെ രക്ഷയ്ക്കായി നിയോഗിക്കുകയുണ്ടായി. ദൈവീക ശുശ്രൂഷയിൽ അതുല്യനായി ശോഭിക്കുന്ന നിലയിൽ ഇരുപതു നൂറ്റാണ്ടുകൾക്കു ശേഷവും അദ്ദേഹം ഓർമിക്കപ്പെടുന്നു. തിരുവെഴുത്തുകളിൽ വിലപ്പെട്ടതും ആഴമേറിയതുമായ പതിനാലു ലേഖനങ്ങൾ നാം പഠിക്കുകയും, പഠിപ്പിക്കുകയും ചെയ്യുമ്പോൾ ഒരളവിൽ അദ്ദേഹത്തിന്റെ ശുശ്രൂഷ ഇന്നും തുടരുകയല്ലേ? അദ്ദേഹത്തിന്റെ സമകാലികരായിരുന്ന എത്രയോ പേർ മരിച്ചു, മണ്മറഞ്ഞു വിസ്മൃതിയിൽ ആയിരിക്കുന്നു. ആരും അവരെ ഓർക്കാറില്ല. പൗലോസിന്റെ ശുശ്രൂഷയിൽ താൻ ജീവിച്ചിരുന്ന കാലത്തും തുടർന്നുള്ള കാലങ്ങളിലും എത്രയോ പേർ ദൈവമക്കളായി, നിത്യതയുടെ അവകാശികളായി പരിണമിച്ചിരിക്കുന്നു. ഒരു ഗോതമ്പ്മണി നിലത്തു വീണു തകർന്നപ്പോൾ അസംഖ്യം ഗോതമ്പുമണികൾ അതിൽ നിന്ന് ഉരുവായി വന്നതു പോലെ...

തികച്ചും വ്യത്യസ്തമായ ഒരു പശ്ചാത്തലമായിരുന്നു പത്രോസ് അപ്പോസ്തലന്റേത്.

ശേഷം പേജ് 20▶

# വിവാദ കാർഷിക നിയമങ്ങൾ

2020 സെപ്റ്റംബർ മാസത്തിൽ വിവാദ കാർഷിക നിയമങ്ങൾ പാർലമെന്റിൽ പാസാക്കിയതിനെ തുടർന്ന് ചില ദിവസങ്ങൾക്കുള്ളിൽ ശക്തമായ കർഷക സമരം ആരംഭിച്ചു. ലക്ഷക്കണക്കിന് കർഷകരാണ് ഇതിൽ പങ്കെടുക്കുന്നത്. നാനാതുറകളിൽ പെട്ട എല്ലാ വിഭാഗങ്ങളെയും തീറ്റിപ്പോറ്റുന്നതു കർഷകരാണെന്നത് നാം മറന്നുകൂടാ. കോർപ്പറേറ്റ് വൃന്ദങ്ങളെയും, പട്ടാളക്കാരെയും, പോലീസുകാരെയും, രാഷ്ട്രീയക്കാരെയും, ജുഡീഷ്യറിയെയും, ഉദ്യോഗസ്ഥവൃന്ദത്തെയും, അങ്ങനെ സകലരെയും പോഷിപ്പിക്കുന്നത് കർഷകരാണെന്നത് അധികം ആരും തിരിച്ചറിയാത്തൊരു സത്യമാണ്. കൊടും തണുപ്പിലും കേന്ദ്ര ഗവണ്മെന്റ് പാസ്സാക്കിയ 3 വിവാദ കാർഷിക നിയമങ്ങൾ പിൻവലിക്കണം എന്നാവശ്യപ്പെട്ടു കൊണ്ടുള്ള കർഷകരുടെ പ്രതിഷേധം നാടെങ്ങും ആളിപ്പടരുകയാണ്. അന്നദാതാക്കളായ കർഷകർ ഈ കോവിഡ് കാലത്തു നടത്തുന്ന പ്രക്ഷോഭങ്ങൾ നാടിന്റെ വേദന ആയി മാറിക്കഴിഞ്ഞു. ശൈത്യകാലത്തു കൊടിയ തണുപ്പേറ്റ് പലരും മരിച്ചു വീണിട്ടും, ചിലർ ആത്മഹത്യ ചെയ്തിട്ടും അണയാത്ത പ്രതിഷേധത്തീയുമായി കർഷകർ മുൻപോട്ടു പോവുകയാണ്. എന്നിട്ടും അധികാരികൾ കാണിക്കുന്ന നിസ്സംഗതാമനോഭാവം നിർഭാഗ്യകരമാണ്. ചർച്ചകൾക്ക് വഴി ഒരുക്കുവാൻ വേണ്ടി, പാസ്സാക്കിയ കാർഷിക നിയമങ്ങൾ തൽക്കാലം നടപ്പാക്കാതിരുന്നുകൂടേ എന്ന് സുപ്രീം കോടതി പോലും കേന്ദ്രത്തോട് ചോദിച്ചു കഴിഞ്ഞിരിക്കുന്നു. സമരം നീണ്ടുപോകുന്നതിനിടയിലാണ് താത്കാലിക പ്രശ്നപരിഹാരം എന്ന നിലയിൽ കോടതി സുപ്രധാനമായ ഈ ചോദ്യമുന്നയിച്ചത്.

ഡൽഹി കേന്ദ്രീകരിച്ചു നടന്നു കൊണ്ടിരിക്കുന്ന കർഷകസമരത്തിനു ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് രാജ്യത്തിന്റെ നാനാ സ്ഥലങ്ങളിൽ സമരങ്ങൾ നടക്കുന്നു. കൃഷി മേഖലയിൽ ഇടനിലക്കാരെ ഒഴിവാക്കുവാൻ ഈ നിയമം മൂലം സാധിക്കുമെന്നും, അങ്ങനെ കർഷകർക്ക് അധിക വരുമാനം ലഭിക്കും എന്ന് സർക്കാർ പറയുന്നു. വാങ്ങുന്ന ആളുമായി കർഷകനു നേരിട്ട് ഇടപാടുകൾ നടത്തുവാൻ അവസരം ഒരുങ്ങുന്നത് നല്ലതല്ലേ എന്ന് അവർ ചോദിക്കുന്നു. എന്നാൽ രാജ്യത്തെ തീറ്റിപ്പോറ്റുന്ന കർഷകർക്ക് ആശങ്കകൾ ഒരുപാടുണ്ട്. കാർഷിക വിളകൾക്ക് ഇപ്പോൾ നിശ്ചയിച്ചിരിക്കുന്ന താങ്ങുവില എന്ന സംവിധാനം ഈ നിയമം പാസ്സാകുന്നതോടു കൂടി ഇല്ലാതാകുമെന്നും, പ്രാദേശിക ചന്തകളുടെ നിലനിൽപ്പിനു ഈ നിയമം ഭീഷണിയാകുമെന്നും കർഷക സംഘടനകൾ ഭയപ്പെടുന്നു. എന്തു കൃഷി ചെയ്യണം, ഏതു സമയത്തു ചെയ്യണം, എത്ര വില നൽകണം എന്ന് കോർപ്പറേറ്റുകൾ തീരുമാനിക്കുന്ന സാഹചര്യം ഉണ്ടാകും എന്നതാണ് അവരുടെ ആശങ്ക.



ചുരുക്കിപ്പറഞ്ഞാൽ സ്വകാര്യമേഖലയ്ക്ക് ചൂഷണം ചെയ്യുവാൻ അവരുടെ കൈകളിലേക്ക് കർഷകരെ നിർദാക്ഷിണ്യം എറിഞ്ഞു കൊടുക്കുന്ന വ്യവസ്ഥകളാണ് കേന്ദ്രം പാസ്സാക്കിയ നിയമത്തിലുള്ളതെന്ന കണ്ടെത്തലുകളാണ് രാജ്യം അഭിമുഖീകരിക്കുന്ന ഏറ്റവും ശക്തമായ പ്രക്ഷോഭത്തിന്റെ കാരണം എന്നാണ് കർഷകരുടെ അഭിപ്രായം. കർഷക സമരം നിമിത്തം രാജ്യതലസ്ഥാനം ഏറെക്കുറെ സ്തംഭിച്ചിരിക്കുകയാണ്. ഭക്ഷ്യവസ്തുക്കളുടെ നീക്കത്തെ ബാധിക്കുവാൻ സാധ്യതയുള്ള ഈ സമരം എത്രയും വേഗം അവസാനിപ്പിക്കേണ്ടത് രാജ്യത്തിൻെറ സമാധാനത്തിനും പുരോഗതിക്കും അനിവാര്യമാണ്. കർഷകർ ഏതൊരു രാജ്യത്തിന്റെയും നട്ടെല്ലാണ്. താങ്ങുവില ഉറപ്പാക്കേണ്ടതും അന്നദാതാക്കളായ കർഷകരുടെ അധ്വാനത്തിന് ഒത്ത വണ്ണമുള്ള സ്ഥിരവരുമാനം ഉറപ്പുവരുത്തേണ്ടതും അത്യന്താപേക്ഷിതമായ കാര്യം തന്നെ. ഒരു ദേശത്തു ദരിദ്രനെ പീഡിപ്പിക്കുന്നതും നീതിയും ന്യായവും അക്രമമായി എടുത്തുകളയുന്നതും കണ്ടാൽ നീ വിസ്മയിച്ചു പോകരുത്. ഉന്നതനായ ഉദ്യോഗസ്ഥനെ അയാളേക്കാൾ ഉന്നതനായവൻ നിരീക്ഷിക്കുന്നു. അവർക്കു മീതെ അത്യുന്നതനായവൻ എല്ലാവരെയും നിരീക്ഷിക്കുന്നു. കൃഷിതല്പരനായിരിക്കുന്ന ഒരു രാജാവ് ദേശത്തിനു എല്ലാറ്റിലും ഉപകാരമായിരിക്കും എന്ന് വിശുദ്ധ ബൈബിളിൽ രേഖപ്പെടുത്തിയിട്ടുണ്ട്(സഭാപ്രസംഗി 5:8,9). കർഷകരെ ഭിന്നിപ്പിച്ചു, രാജ്യത്തു അന്തഃഛിദ്രം ഉണ്ടാക്കിയാൽ രാജ്യത്തിന്റെ നിലനിൽപിനെ അത് ദോഷമായി ബാധിക്കും.ഏതു രാജ്യം ഭരിക്കുന്നവർ ആയിരുന്നാലും ഭരണാധികാരികൾ കൃഷിയെയും കർഷകരെയും പ്രോത്സാഹിപ്പിക്കുന്നവർ ആയിരിക്കണം. എങ്കിൽ അവർ ആ രാജ്യത്തിന് എല്ലാ നിലയിലും ഉപകാരം ആയിരിക്കും. കർഷകരെ അവഗണിച്ചു കളയാതെ അവരെ നിലനിർത്തുന്ന തീരുമാനങ്ങൾ അധികാരികളുടെ ഭാഗത്തു നിന്നും എത്രയും വേഗത്തിൽ ഉണ്ടാകും എന്ന് നമുക്ക് പ്രതീക്ഷിക്കാം. ■


➤ 18

## നിത്യതയിലും ശോഭിക്കുവാൻ

എടുത്തുചാട്ടക്കാരനും, യേശുവിനു വേണ്ടി ഏതു പരിധിക്കും അപ്പുറം എന്തും ചെയ്യുമെന്നുള്ള വീരവാദവും തന്റെ സവിശേഷതയായിരുന്നു. യേശുകർത്താവ് പറഞ്ഞു, എന്നെ തള്ളിപ്പറയുന്നവനെ എന്റെ പിതാവിന്റെ മുൻപിൽ ഞാനും തള്ളിപ്പറയും, വാസ്തവത്തിൽ പത്രോസ് ചെയ്തത് അത് തന്നെയല്ലേ? ഇത്രയും വലിയ പാപത്തിൽ താൻ അകപ്പെട്ടു. എങ്കിലും കരുണാസമ്പന്നനായ കർത്താവു മനസ്സലിവോടെ അവനെ നോക്കി, ആ നോട്ടത്തിങ്കൽ ഹൃദയം തകർന്ന പത്രോസ് പുറത്തുപോയി അതിദുഃഖത്തോടെ പൊട്ടിക്കരഞ്ഞു. പത്രോസിന്റെ കഴിഞ്ഞകാല അവസ്ഥകളെ, അതായതു വീമ്പുപറയുകയും, താൻ മറ്റുള്ളവരെക്കാൾ ശ്രേഷ്ഠനാണെന്നു ചിന്തിച്ചു അത്തരം അവകാശവാദങ്ങൾ ഉന്നയിക്കുകയും ഒക്കെ ചെയ്തിരുന്ന അവന്റെ പ്രകൃതം പാടെ മാറി, എന്നുവച്ചാൽ നിലത്തു വീണ ഒരു ഗോതമ്പ് മണി പോലെ അവൻ തകർക്കപ്പെട്ടു. ഭീരുവായിരുന്നവൻ ഇപ്പോൾ ധീരനായി മാറിയിരിക്കുന്നു. അകലം വിട്ടു യേശുവിനെ പിൻഗമിച്ചിരുന്ന പത്രോസ് യേശുവിനു വേണ്ടി മരിക്കുവാനും പിൽക്കാലത്തു തയ്യാറായി. തിരുവെഴുത്തുകളിലെ രണ്ടു ലേഖനങ്ങളുടെ രചയിതാവായി താൻ ഉയർത്തപ്പെട്ടു. ഇന്നും ജനകോടികളുടെ ഓർമ്മയിൽ സജീവമായി താൻ വിരാജിക്കുന്നു.

മേല്പറഞ്ഞ ഉദാഹരണങ്ങളിൽ നിന്നും തകർക്കപ്പെടുവാൻ സമർപ്പിച്ചവർ അവർണ്ണനീയമാംവിധം ദൈവത്താൽ ഉപയോഗിക്കപ്പെട്ടു, അനേകായിരങ്ങൾക്ക് പ്രയോജനപ്പെട്ടു. ഭൂമിയിൽ മാത്രമല്ല, നിത്യതയിലും അവർ എക്കാലവും ആദരണീയരായി മാനിക്കപ്പെടും. ഇന്നും ദൈവം ഉപയോഗിക്കുവാൻ ആഗ്രഹിക്കുന്നവരെ ഒരു തകർച്ചയിലൂടെ കടത്തിവിട്ടു പരിശീലിപ്പിക്കുമ്പോൾ വേദനാജനകമായി തോന്നിയേക്കാം. എന്നാൽ ആ വേദന താൽക്കാലികം മാത്രമാണ്. ഒരു പുരുഷായുസ്മുഴുവൻ പൗലോസ് സഹിച്ച കഷ്ടങ്ങളെ (2 കൊരിന്ത്യർ 11:23 - 28) നൊടിനേരത്തേക്കുള്ള ലഘുവായ കഷ്ടമെന്നാണ് താൻ തന്നെ വിശേഷിപ്പിക്കുന്നത്(2 കൊരിന്ത്യർ 4:17). നിസാരവും ക്ഷണികവുമായ ഇഹലോകത്തിലെ കഷ്ടങ്ങൾ അതുല്യവും ഒരിക്കലും അവസാനിക്കാത്തതുമായ മഹത്വം നിത്യതയിൽ പ്രതിഫലമായി ദൈവം ഒരുക്കുന്നു എന്ന പ്രത്യാശ, ഒരു പ്രേരകശക്തിയായി കഷ്ടങ്ങളെ അതിജീവിച്ചുകൊണ്ട് മുന്നേറുവാൻ ഏവരെയും സഹായിക്കട്ടെ. ■



സുനന്ദ കോശി

# യിസ്രായേൽ ഗൃഹം പണിത സഹോദരിമാർ – 3

യിസ്രായേൽ ഗൃഹം പണിത ലേയ, റാഹേൽ സഹോദരിമാരെ കുറിച്ച് കഴിഞ്ഞ ലക്കങ്ങളിൽ ചില കാര്യങ്ങൾ നാം ചിന്തിച്ചുവല്ലോ. ഇവരെ കുറിച്ച് ചില കാര്യങ്ങൾ കൂടി തുടർന്നും ചിന്തിക്കുവാനുണ്ട്. ലേയ, റാഹേൽ സഹോദരിമാരിൽ നിന്നും അവരുടെ രണ്ടു ദാസിമാരിൽ നിന്നുമാണ് യിസ്രായേലിലെ പന്ത്രണ്ടു ഗോത്രങ്ങൾ ഉരുവായത്. ഇവരുടെ സന്തതി പരമ്പരകളാണ് ഇന്നത്തെ യഹൂദന്മാർ.

ലാബാന്റെ അടുക്കൽ നിന്ന് യാക്കോബ് തന്റെ ഭാര്യമാരും ദാസിമാരും മക്കളും പരിവാരങ്ങളുമായി തന്റെ പിതൃഭവനത്തിലേക്കു മടങ്ങിപ്പോകുന്ന സമയത്തു റാഹേൽ മാർഗ്ഗമധ്യേ വലിയ വേദനയോടെ തന്റെ ഇളയ മകനെ പ്രസവിച്ചു. ജീവൻ പോകുന്ന സമയത്തു ആ മകൻ ദു:ഖപുത്രനായിരുന്നതിനാൽ അവനു ബനോനി എന്ന് പേർ വിളിക്കയും, തുടർന്ന് അവൾ മരിക്കുകയും ചെയ്യുന്നു. ആ യാത്രയിൽ ബേത്‌ലെഹേം എന്ന എഫ്രാത്തിലേക്കു പോകുന്ന വഴിയിൽ അവളെ അടക്കം ചെയ്തു. യാക്കോബ് ബനോനിയെ ബെന്യാമിൻ എന്ന് പുനർനാമകരണം ചെയ്തു. യോദ്ധാക്കളുടെ ഗോത്രത്തലവനാണ് ബെന്യാമിൻ. രാജകീയ ഗോത്രമായ ഈ ഗോത്രം യേശുവിന്റെ ഗോത്രമായ യഹൂദ ഗോത്രത്തോടു അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. ഈ പേരുകൾ ക്രിസ്തുവിനു നിഴലായി കണക്കാക്കാവുന്നതാണ്.

യാക്കോബ് ഏറ്റവും അധികം സ്നേഹിച്ച ഭാര്യയായിരുന്നു റാഹേൽ. അധികം സ്നേഹിക്കുന്ന വ്യക്തികളെയായിരിക്കും ഒരുപക്ഷെ ദൈവം മരണം വഴിയായി തന്റെ അടുക്കലേക്കു ആദ്യം ചേർക്കുന്നത്. ദൈവത്തിനു അതിൽ ഒരു പ്രത്യേക ഉദ്ദേശ്യവും ഉണ്ടായിരിക്കാം. ഇവിടെ യാക്കോബ് ദൈവത്തെ കൂടുതൽ സ്നേഹിക്കാനും അധികമായി ദൈവത്തിൽ ആശ്രയിക്കാനും വേണ്ടി ആയിരുന്നിരിക്കാം അങ്ങനെ സംഭവിച്ചത്. നമ്മിൽ പലർക്കും വളരെ പ്രിയപ്പെട്ടവർ വേർപെട്ടുപോയതിന്റെ ദു:ഖം അനുഭവിക്കേണ്ടി വന്നിട്ടുണ്ടായിരിക്കുമല്ലോ. അതിൽ ആകുല ചിത്തരായിരിക്കാതെ ദൈവത്തിന്റെ ഉദ്ദേശ്യം എന്ത് എന്ന് അന്വേഷിച്ചു ദൈവത്തോട് കൂടുതൽ അടുക്കുവാനും ആശ്രയിക്കുവാനും, ഇത്തരം പ്രതിസന്ധികൾ പ്രയോജനപ്പെടുത്തണം എന്ന ദൂത് ഇവിടെ നമുക്ക് ലഭിക്കുന്നു.

യാക്കോബ് ലേയയെ ഉൾക്കൊണ്ടില്ലായെങ്കിലും, അവളെ നിസ്സാര, ഗുണമില്ലാത്തവൾ, സൗന്ദര്യം ഇല്ലാത്തവൾ എന്നിങ്ങനെ അവഗണിച്ചിരുന്നുവെങ്കിലും അവൾ യിസ്രായേൽ ഗൃഹത്തിന് ഒരു വലിയ അനുഗ്രഹമായിത്തീർന്നു. വാഗ്ദത്ത സന്തതിയായ മശിഹ യഹൂദ ഗോത്രത്തിൽ നിന്നും ആണല്ലോ ജന്മമെടുത്തത്, ആർക്കും ആരോപണം ഉന്നയിക്കുവാൻ ആവാത്ത ഒരു വ്യക്തിത്വമായിരുന്നു യേശുവിനു നിഴലായി ശോഭിച്ച യോസേഫ്. ഇവരിൽ വെളിപ്പെട്ട സൽഗുണങ്ങൾ അവരെ വളർത്തിയ ലേയയിൽ നിന്ന് അവരിലേക്ക് പകരപ്പെട്ടതായിരിക്കാം. തന്റെ തലമുറകളുടെ ഉയർച്ചയിൽ, സ്വഭാവ രൂപീകരണത്തിൽ ലേയ ഒരു നിർണ്ണായക പങ്കു വഹിച്ചിരുന്നു എന്നു ചിന്തിക്കാവുന്നതാണ്.

യിസ്രായേൽ ഗൃഹം പണിത ലേയയെയും,

റാഹേലിനെയും പോലെ തന്നെ തിളക്കമാർന്ന മറ്റൊരു വ്യക്തിത്വമാണ് മോവാബ്യ സ്ത്രീയായിരുന്ന രൂത്ത്. മോവാബ്യരുടെ പത്താം തലമുറയ്ക്ക് പോലും യഹോവയുടെ സന്നിധിയിൽ പ്രവേശിക്കാൻ അനുവാദം ഉണ്ടായിരുന്നില്ല (ആവർത്തനം 23:3). എന്നാൽ രൂത്ത് ജീവനുള്ള ദൈവത്തിൽ വിശ്വസിക്കുകയും, നവോമിയോട്: നിന്റെ ജനം എന്റെ ജനം, നിന്റെ ദൈവം എന്റെ ദൈവം എന്നായിരുന്നു ധൈര്യത്തോടെ പ്രഖ്യാപിക്കുകയും ചെയ്തത്. നവോമിയുടെ ജനം യിസ്രായേൽ ജനമായിരുന്നുവല്ലോ. ഈ പ്രഖ്യാപനമാണ് രൂത്തിനെയും യിസ്രായേൽ ഗൃഹം പണിത മാതാക്കളോടു തുലനം ചെയ്യുവാൻ കാരണമായത്. ലേയയിലും റാഹേലിലും കണ്ട ശ്രേഷ്ഠ സ്വഭാവങ്ങൾ രൂത്തിലും യിസ്രായേൽ മൂപ്പന്മാർ ദർശിച്ചതിനാൽ ആയിരിക്കുമല്ലോ, തങ്ങളുടെ അനുഗ്രഹ വാചകത്തിൽ രൂത്തിനെ, ലേയയെപ്പോലെയും റാഹേലിനെപ്പോലെയും ആക്കട്ടെ, അവർ ഇരുവരുമല്ലോ യിസ്രായേൽ ഗൃഹം പണിതത് എന്ന് പറഞ്ഞത്. ഈ ആശംസ അന്വർത്ഥം ആക്കികൊണ്ടു രൂത്ത് റാഹേലിനോടും ലേയയോടും ഒപ്പം അനുഗ്രഹം പങ്കിടുകയുണ്ടായി. ഒരു വിജാതിയ സ്ത്രീയായിരുന്ന രൂത്തിനു അങ്ങനെ യേശുക്രിസ്തുവിന്റെ വംശാവലിയിൽ ഒരു കണ്ണിയാകുവാൻ ഭാഗ്യം ലഭിച്ചു. തിരുവെഴുത്തിലെ ഒരു പുസ്തകം, സത്യദൈവത്തെ എന്റെ ദൈവം എന്ന് ഏറ്റു പറഞ്ഞ, ദൈവജനത്തോട് കൂടി എണ്ണപ്പെട്ട, രൂത്തിന്റെ പേരിൽ ചേർത്തിരിക്കുന്നു.

**ആത്മിക യിസ്രായേൽ ഗൃഹം:**

റാഹേലും ലേയയും അക്ഷരീക യിസ്രായേൽ ഗൃഹം പണിതവർ എന്ന് നാം കണ്ടുവല്ലോ. തങ്ങൾ ഏർപ്പെട്ടിരുന്നതു യിസ്രായേൽ ഗൃഹം പണിയുകയായിരുന്നു എന്ന തിരിച്ചറിവ് അപ്പോൾ അവർക്കു ഉണ്ടായിരുന്നില്ല. ഈ പശ്ചാത്തലത്തിൽ ചിന്തിക്കുമ്പോൾ ആത്മിക യിസ്രായേൽ ഗൃഹം അഥവാ പുതിയ നിയമ സഭ പണിയുവാനുള്ള ഉത്തരവാദിത്വം വീണ്ടും ജനിച്ച നാം ഓരോരുത്തരിലും നിക്ഷിപ്തമായിരിക്കുന്നു എന്ന് മനസിലാക്കാവുന്നതാണ്. ദൈവ സഭ ഒരു ആത്മിക ഗൃഹമാണ്. അതിന്റെ മൂലക്കല്ലും അടിസ്ഥാനമായിരിക്കുന്ന പാറയും ക്രിസ്തുവാണ്. ദൈവത്തിന്റെ പദ്ധതിയുടെ ഭാഗമാണ് നാമോരോരുത്തരും. അതിൽ യഹൂദൻ, വിജാതീയൻ, ദാസൻ, സ്വതന്ത്രൻ, പുരുഷൻ, സ്ത്രീ, വിദ്യാസമ്പന്നൻ വിദ്യാവിഹീനൻ, കുബേരൻ, കുചേലൻ എന്നിപ്രകാരമുള്ള വ്യത്യാസമില്ലാതെ എല്ലാവരും ക്രിസ്തുവിൽ ഒന്ന് എന്ന് തിരുവെഴുത്തു കണക്കാക്കുന്നു. ദൈവം തിരഞ്ഞെടുത്ത എല്ലാവരും രാജകീയ പുരോഹിത വർഗ്ഗവും, വിശുദ്ധ വംശവും, സ്വന്ത ജനവും ആകുന്നു. എല്ലാവരെയും ദൈവീക പദ്ധതിയായ ആത്മിക ഗൃഹത്തിന്റെ പൂർത്തീകരണത്തിനായി കോർത്തിണക്കി ദൈവം ഉപയോഗിക്കുന്നു. ക്രിസ്തു തലയായും, സഭ തന്റെ ശരീരമായും തിരുവെഴുത്തു പഠിപ്പിക്കുന്നു. ശരീരത്തിൽ നമുക്ക് പല അവയവങ്ങൾ ഉണ്ടെങ്കിലും ഓരോന്നിന്റെയും ദൗത്യം വ്യത്യസ്തമാണ്. എങ്കിലും തികഞ്ഞ ഏകോപനത്തോടെ അവയവങ്ങൾ തമ്മിൽ ചേർന്ന് ഭിന്നതയില്ലാതെ, കലഹിക്കാതെ പ്രവർത്തിക്കുന്നു. അതുപോലെ പുതിയനിയമസഭയുടെ അംഗങ്ങളായ നാം ഓരോരുത്തരും ഏകമനസോടും ഏകഭാവത്തോടും ഏകചിന്തയോടും, ഏകആത്മാവോടും പ്രവൃത്തിക്കേണ്ടതാണ്.

നാനാതുറകളിലും വിവിധ നിലവാരങ്ങളിലും പെട്ടവരെയാണ് ദൈവരാജ്യത്തിന്റെ കെട്ടുപണിക്കായി യേശുകർത്താവ് തിരഞ്ഞെടുത്തത്. വ്യത്യസ്തങ്ങളായ ദൗത്യങ്ങളാണ് ഓരോരുത്തരെയും ഭരമേല്പിച്ചിരുന്നതും. പഠിപ്പില്ലാത്തവരും സാമാന്യരുമായ മനുഷ്യരും, വിദ്യാബഹുത്വമുള്ളവൻ എന്ന് വിശേഷിപ്പിക്കത്തക്കവണ്ണം പഠിപ്പുള്ളവരും, ദരിദ്രരും, സമ്പന്നരും ഒക്കെ തന്റെ ശിഷ്യ ഗണത്തിൽ ഉണ്ടായിരുന്നു. ശ്രേഷ്ഠതകൾ ഒരുപാടുണ്ടായിരുന്ന പൗലോസ് അത് ചപ്പെന്നും ചവറെന്നും എണ്ണി, തന്നെത്തന്നെ ശ്രേഷ്ഠതകൾ ഒന്നും അവകാശപ്പെടുവാൻ ഇല്ലാതിരുന്നവരോട് താദാത്മ്യപ്പെട്ടതു ആത്മീയ ഗൃഹത്തിന്റെ കെട്ടുപണിക്കു വേണ്ടിയായിരുന്നു. അവരിൽ വ്യാപരിച്ച അതേ കൃപയും ശക്തിയും നമ്മിൽ വ്യാപരിച്ചാൽ മാത്രമേ സ്വയം എളിമപ്പെടുവാനും ഈ കെട്ടുപണിയുടെ ഭാഗമായിത്തീരുവാനും സാധിക്കുകയുള്ളു.

മശിഹായ്ക്കായി കാത്തുകാത്തിരുന്ന വാഗ്ദത്ത സന്തതികളായ യിസ്രായേല്യർക്കു മശിഹായെ തിരിച്ചറിയുവാൻ കഴിയാതെ പോയി. യിസ്രായേലിനു സംഭവിച്ച അംശമായ കാഠിന്യം നിമിത്തം വിജാതീയർക്കു യേശുവിനെ കൈക്കൊണ്ടു ദൈവമക്കളാകുവാനുള്ള അവസരവും ഭാഗ്യവും ലഭിച്ചു. അതുകൊണ്ടു വിജാതീയ

രായിരുന്ന നമുക്ക്, ദൈവമക്കളായി ആത്മിക ഗൃഹം പണിയുവാനുള്ള ഭാഗ്യവും അവസരവും ഇപ്പോൾ കൈവന്നിരിക്കയാണ്. ഇപ്പോൾ നാം ഉണർന്നു പ്രവർത്തിക്കേണ്ട സമയമാണ്.

യിസ്രായേൽ ഗൃഹം പണിത ലേയ, റാഹേൽ, രൂത്ത് ഇവരെല്ലാം കഠിന ശോധനകളെ അതിജീവിച്ചാണ് അത് പൂർത്തീകരിച്ചത്. അതുപോലെ തന്നെ പുതിയ നിയമ സഭയാകുന്ന ആത്മിക ഗൃഹം പണിയുവാൻ തിരഞ്ഞെടുക്കപ്പെട്ടവരും അനേക കഷ്ടങ്ങളിൽ കൂടെ കടന്നു പോകേണ്ടതുണ്ട് എന്ന് പൗലോസ് അപ്പോസ്തലൻ സ്പഷ്ടമായ മുന്നറിയിപ്പ് നൽകുന്നുണ്ട് (അപ്പൊ.പ്രവൃത്തികൾ 14: 22). അതേ സമയം പ്രത്യേക പരിഗണനകളും ആനുകൂല്യങ്ങളും ക്രിസ്തുവിലൂടെ നമുക്ക് നൽകപ്പെട്ടിരിക്കുന്നു. യേശുകർത്താവ് നമ്മുടെ ബലഹീനതയിൽ ശക്തി പകരുകയും കൃപ മേൽ കൃപ പകരുകയും നമുക്കുവേണ്ടി പക്ഷവാദം ചെയുകയും ചെയ്യുന്നത് ഇവയിൽ ചിലതു മാത്രമാണ്. ആത്മിക ഗൃഹം പണിയുന്നവർ ആദ്യം അവരവരുടെ കുറവുകൾ കണ്ടെത്തി ക്രമീകരിച്ചു കൊണ്ട് ആയിരിക്കണം ദൈവരാജ്യത്തിന്റെ പണിയിൽ പങ്കാളികൾ ആകേണ്ടത്.

**ആത്മിക ഗൃഹം പണിയുന്നവർക്കു ഉണ്ടായിരിക്കേണ്ട സവിശേഷതകൾ:**

പരിശുദ്ധാത്മാവിന്റെ ശക്തിയോടും വചന പരിജ്ഞാനത്തോടും കൂടെ ക്രിസ്തുവിന്റെ സാക്ഷികളായി ശോഭിക്കുന്നവർക്കാണ് ആത്മിക ഗൃഹം പണിയുവാൻ സാധിക്കുന്നത്. ഇതോടു ചേർന്ന് താഴെപ്പറയുന്ന ഗുണവിശേഷങ്ങൾ ഈ പ്രക്രിയയിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് ഉണ്ടായിരിക്കേണ്ടതാണ്.

അവർ സുവിശേഷ ദർശനവും ആത്മഭാരവും ഉള്ളവരായിരിക്കേണം. അന്ധകാരപൂരിതമായ ഒരു കാലഘട്ടത്തിലാണ് ഇന്ന് നാം ആയിരിക്കുന്നത്. ഒരു ചെറിയ മെഴുകുതിരി നാളത്തിനു പോലും ഇരുട്ടിനെ ഒരളവു വരെ നിർമാർജനം ചെയ്യുവാൻ കഴിയും. പാപം, അന്ധവിശ്വാസങ്ങൾ, വ്യർത്ഥമായ പിതൃപരമ്പര്യങ്ങൾ, എന്നിത്യാദി ഇരുട്ടുകളെ സുവിശേഷ വെളിച്ചം പകർന്നാൽ മാത്രമേ നിർമാർജനം ചെയ്യുവാൻ കഴിയൂ. ഇപ്രകാരം പ്രകാശം പരത്തുവാൻ ഒരു തകർന്ന മനസ്സ് അനിവാര്യമാണ്. ഉദാഹരണത്തിന് പുരുഷാരത്തെ ഇടയനില്ലാത്ത ആടുകളെ പോലെ ചിന്നിയവരും ചിതറിയവരും ആയി കണ്ടപ്പോൾ യേശുവിലുണ്ടായ തകർന്ന മനസ്സ് പോലെ.

## പരിശുദ്ധാത്മാവിന്റെ ശക്തിയോടും വചന പരിജ്ഞാനത്തോടും കൂടെ ക്രിസ്തുവിന്റെ സാക്ഷികളായി ശോഭിക്കുന്നവർക്കാണ് ആത്മികഗൃഹം പണിയുവാൻ സാധിക്കുന്നത്

തകർന്ന ഹൃദയം മാത്രമല്ല സുവിശേഷം പങ്കു വയ്ക്കുന്നതിന് മുൻപും അതിനു ശേഷവും കണ്ണുനീരോടെ പ്രാർത്ഥനയിൽ ജാഗരിക്കേണ്ടതും അനിവാര്യമാണ്. വാക്ചാതുര്യത്തോടെ വചനം പങ്കിടുവാൻ കഴിഞ്ഞില്ലെങ്കിലും, അവരുടെ പ്രശ്നങ്ങളെയും വേദനകളെയും തകർച്ചകളെയും മനസിലാക്കി യേശുവിൽ ഇതിനെല്ലാം പരിഹാരമുണ്ട് എന്ന് പറഞ്ഞു അവരെബോധ്യപ്പെടുത്തുകയും, അവർക്കായി ഒറ്റ വാചകത്തിൽ എങ്കിലും പ്രാർത്ഥിക്കയും ചെയ്താൽ പരിഹാരം നൽകികൊണ്ട് വചനത്തെ ദൈവം ഉറപ്പിക്കുന്നത് കാണുവാൻ കഴിയും. ആത്മിക ഗൃഹത്തിന്റെ കെട്ടുപണിയിൽ ചെയ്യുന്ന ഏതു ചെറിയ ദൗത്യവും ദൈവമുൻപാകെ വിലയേറിയതാണ്. ചെറിയ കാര്യങ്ങളിൽ വിശ്വസ്തരായിരിക്കുന്നവരെ അധിക കാര്യങ്ങൾ ദൈവം ഭരമേല്പിക്കുക തന്നെ ചെയ്യും.

ഇതോടൊപ്പം തന്നെ ആത്മിക ഗൃഹത്തിന്റെ കെട്ടുപണിയിൽ വ്യാപൃതരാകുന്നവർ സമൂഹത്തിൽ നല്ല സാക്ഷ്യം ഉള്ളവർ ആയിരിക്കണം. ഒരു കുഷ്ഠ രോഗിയുടെ കയ്യിൽ ഇരിക്കുന്ന കേക്ക് എത്ര ആകർഷണീയമായിരുന്നാലും ആരും അത് വാങ്ങുവാൻ തയ്യാറാവുകയില്ലല്ലോ. ഇതുപോലെ സുവിശേഷം എത്ര ശ്രേഷ്ഠമായിരുന്നാലും സാക്ഷ്യമില്ലാത്തവരിൽ നിന്ന് അത് സ്വീകരിക്കാൻ ആരും തയ്യാറാവുകയില്ല. സമയം അതിക്രമിച്ചിരിക്കുന്നു. കർത്താവിന്റെ വരവ് സമീപമായി. അതുകൊണ്ടു സഹോദരങ്ങളെ, ഉണർന്നു മരിച്ചവരുടെ ഇടയിൽ നിന്ന് എഴുന്നേൽക്കുക, എന്നാൽ ക്രിസ്തു നിന്റെമേൽ പ്രകാശിക്കും. സുവിശേഷ ദീപശിഖയുമായി വെളിച്ചം പകർന്നുകൊണ്ട് മുന്നേറുവാൻ എല്ലാ സഹോദരങ്ങളെയും ദൈവം സഹായിക്കട്ടെ.

■

# യേശുവിന്റെ കാലഘട്ടത്തിലെ ഭരണാധികാരികൾ

**രാഷ്ട്രീയ നേതൃത്വമെന്നും മതനേതൃത്വമെന്നും നേതൃത്വത്തെ രണ്ടായി തിരിക്കാം. അക്കാലത്തെ ലോകചരിത്രവുമായി പുതിയനിയമ സംഭവങ്ങളുടെ കാലഘട്ടത്തെ ലൂക്കോസാണ് സംയോജിപ്പിച്ചിരിക്കുന്നത്.**

**രാഷ്ട്രീയ നേതൃത്വം**

**ഔഗുസ്തോസ് കൈസർ (Augustus Caesar)**

ലോകത്തിലെങ്ങുമുള്ള ആളുകൾ ജനസംഖ്യാ കണക്കിൽ (സെൻസസ്) പേര് ചേർക്കണമെന്ന് ഔഗുസ്തോസ് കൈസർ കൽപ്പന പുറപ്പെടുവിച്ചതനുസരിച്ച് യോസേഫും ഗലീലയിലെ നഗരമായ നസ്രേത്തിൽ നിന്ന് യഹൂദയിലെ ദാവീദിന്റെ നഗരമായ ബേത്‌ലഹേമിലേക്ക് വന്നു. സ്വന്ത ദേശമായ ബേത്‌ലഹേമിലേക്ക് യോസേഫും ഗർഭിണിയായ ഭാര്യ മറിയയും മറ്റു കുടുംബാംഗങ്ങളും വന്നു ചേർന്നു (ലൂക്കോസ് 2:1). അന്ന് കുറന്യോസ് ആയിരുന്നു സുറിയായിലെ ഗവർണർ. ഔഗുസ്തോസ് കൈസറുടെ ഭരണ കാലയളവ് ബി.സി.31 മുതൽ എ.ഡി 14 വരെയായിരുന്നു. ഇക്കാലയളവിലായിരുന്നു യേശുവിന്റെയും യോഹന്നാൻ സ്നാപകന്റെയും ജനനം.

**തിബര്യാസ് കൈസർ (Tiberius Caesar)**

ഇദ്ദേഹത്തിന്റെ ഭരണ കാലം എ.ഡി 14 മുതൽ 37 വരെ എന്ന് കരുതുന്നു. ഇദ്ദേഹത്തിന്റെ വാഴ്ചയുടെ 15–ാം ആണ്ടിലാണ് യോഹന്നാൻ സ്നാപകന് യഹൂദ്യ മരുഭൂമിയിൽ വെച്ച് ദൈവത്തിന്റെ അരുളപ്പാട് ഉണ്ടായതും, (മത്തായി 3:1) തന്റെ ശുശ്രൂഷ ആരംഭിച്ചതും, യേശുവിനെക്കുറിച്ച് പ്രസംഗിച്ചതും (ലൂക്കോസ് 3:1–6). യേശുവിന്റെ പരസ്യ ശുശ്രൂഷ ആരംഭിക്കുന്നതും ഇദ്ദേഹത്തിന്റെ കാലയളവിലാണ്. പീലാത്തോസായിരുന്നു അന്ന് യഹൂദ്യയിലെ ഗവർണർ, ഹെരോദാവ് ഗലീലയിലും. ഇവരുടെ കാലയളവിൽ തന്നെയാണ് യേശുവിന്റെ ക്രൂശീകരണം മുതലായ സുപ്രധാന സംഭവങ്ങൾ നിറവേറിയത്.

**ക്ലൗദ്യോസ് കൈസർ (Claudius Caesar)**

ഇദ്ദേഹത്തിന്റെ കാലഘട്ടത്തിലായിരുന്നു പൗലോസിന്റെ മിഷനറി യാത്രകൾ. എഡി 41 മുതൽ 54 വരെയായിരുന്നു തന്റെ ഭരണകാലം. ലോകമാസകലം ക്ഷാമം ഉണ്ടാകുമെന്ന അഗബോസിന്റെ പ്രവചനവും നിവൃത്തിയും തന്റെ ഭരണ കാലയളവിലായിരുന്നു (അപ്പോ.പ്രവൃത്തി 11:28). എല്ലാ യഹൂദന്മാരും റോമാ നഗരം വിട്ടുപൊയ്ക്കൊള്ളണമെന്ന് കൽപ്പിച്ചിരുന്നത് ഇദ്ദേഹമാണ്. (അപ്പോ.പ്രവൃത്തി 18:2).

**നീറോ കൈസർ (Nero Caesar)**

എ.ഡി 54 മുതൽ 68 വരെ നീറോ കൈസറുടെ ഭരണകാലമായിരുന്നു. അക്കാലത്താണ് റോമാനഗരം അഗ്നിക്കിരയാക്കിയതും ക്രിസ്ത്യാനികളാണ് റോമിന് തീയിട്ടതെന്നു പറഞ്ഞ് ഭയങ്കരമായി പീഡിപ്പിച്ചതും. തീപ്പന്തങ്ങളായി ക്രിസ്ത്യാനികളെ എണ്ണയൊഴിച്ച് കത്തിച്ചും ക്രൂശിച്ചും വാളുകൊണ്ട് വെട്ടിയും അനേകരെ കൊന്നൊടുക്കിയെന്ന് ചരിത്രം പറയുന്നു. എ.ഡി 67 ൽ ഇയാളുടെ കാലയളവിൽ തന്നെ പൗലോസിനെ ശിരഛേദം ചെയ്തു എന്ന് പുരാതന ചരിത്ര രേഖകൾ പറയുന്നു. എ ഡി 68 ൽ റോമിലെ ആഭ്യന്തര കലാപത്തിൽ മനോനില തകരാറിലായ നീറോ ആത്മഹത്യ ചെയ്തു.

**മത നേതൃത്വം**

ഹന്നാവും കയ്യാഫാവും മഹാപുരോഹിതന്മാരായിരുന്നു, എങ്കിലും ആ സംവത്സരത്തെ മഹാപുരോഹിതൻ കയ്യാഫാവായിരുന്നു. കയ്യാഫായുടെ അമ്മായപ്പനായിരുന്നു ഹന്നാവ് (യോഹന്നാൻ 18:13). തുടക്കത്തിൽ മഹാപുരോഹിത സ്ഥാനം മരണം വരെയായിരുന്നു. പിൽക്കാലത്ത് റോമൻ ഭരണാധികാരികളുടെ ഇടപെടൽ നിമിത്തമാണ് ഇതിന് മാറ്റമുണ്ടായത്. യഹൂദ്യയിലെ ഗവർണറായിരുന്ന വലേറിയസ് ഗ്രാറ്റസ് ഹന്നാവിനെ സ്ഥാനഭ്രഷ്ടനാക്കി മരുമകനായ കയ്യാഫാവിനെ മഹാപുരോഹിതനാക്കുകയായിരുന്നു. മതഭരണ കാര്യങ്ങളിൽ ഔദ്യോഗികമായി ഹന്നാവ് ഇല്ലായിരുന്നെങ്കിലും അനൗദ്യോഗികമായി ഭരണചക്രം തിരിച്ചിരുന്നത് അവൻ തന്നെയായിരുന്നു.



## മത്തായിയുടെ സുവിശേഷത്തിലെ ആത്മിക മർമങ്ങൾ

ജോയ് എം. തോമസ്

# പ്രസിദ്ധി ആഗ്രഹിക്കാത്ത യേശു

പരീശന്മാരോ പുറപ്പെട്ടു അവനെ നശിപ്പിക്കുവാൻ വേണ്ടി അവനു വിരോധമായി തമ്മിൽ ആലോചിച്ചു. യേശു അത് അറിഞ്ഞിട്ടു അവിടം വിട്ടു പോയി. വളരെ പേർ അവന്റെ പിന്നാലെ ചെന്നു; അവൻ അവരെ ഒക്കെയും സൗഖ്യമാക്കി. തന്നെ പ്രസിദ്ധമാക്കരുതെന്നു അവരോടു ആജ്ഞാപിച്ചു.

'ഇതാ, ഞാൻ തിരെഞ്ഞെടുത്ത എന്റെ ദാസൻ. എന്റെ ഉള്ളം പ്രസാദിക്കുന്ന എന്റെ പ്രിയൻ; ഞാൻ എന്റെ ആത്മാവിനെ അവന്റെ മേൽ വയ്ക്കും; അവൻ ജാതികൾക്കു ന്യായവിധി അറിയിക്കും. അവൻ കലഹിക്കയില്ല, നിലവിളിക്കയില്ല; ആരും തെരുക്കളിൽ അവന്റെ ശബ്ദം കേൾക്കയുമില്ല . ചതഞ്ഞ ഓട അവൻ ഒടിച്ചുകളകയില്ല; പുകയുന്ന തിരി കെടുത്തികളകയില്ല; അവൻ ന്യായവിധി ജയത്തോളം നടത്തും. അവന്റെ നാമത്തിൽ ജാതികൾ പ്രത്യാശ വയ്ക്കും.' എന്നിങ്ങനെ യെശയ്യാ പ്രവാചകൻ മുഖാന്തരം അരുളിച്ചെയ്തതു നിവൃത്തി ആകുവാൻ സംഗതി വന്നു (മത്തായി 12:14-21)

കപടഭക്തിക്കാരായ പരീശന്മാർക്കു സാക്ഷാൽ മശിഹാ ആയ യേശുവിനെ തിരിച്ചറിയുവാൻ കഴിഞ്ഞില്ല. യേശുവിന്റെ ഉപദേശങ്ങളും പ്രവൃത്തികളും അവരുടേതിൽ നിന്നും വ്യത്യസ്തമായിരുന്നു. അതിനാൽ യേശുവിനെ അംഗീകരിക്കുവാൻ അവർ തയ്യാറായില്ല. യേശുവിനു ചുറ്റും കൂട്ടം കൂടുന്ന ജനങ്ങളെ നോക്കി അവർ യേശുവിനോടു അസൂയപ്പെട്ടു. യേശുവിനെ നശിപ്പിക്കേണ്ടതിനായി അവർ തമ്മിൽ ആലോചിച്ചു. അവർ എത്ര സൂത്രങ്ങൾ മെനഞ്ഞാലും യേശുവിനെ നശിപ്പിക്കുവാൻ സാധ്യമല്ല എന്നു മനസിലാക്കുവാൻ അവർക്കു കഴിഞ്ഞില്ല. കാരണം യേശുവിനെ വെറും ഒരു മനുഷ്യനായി മാത്രമാണ് അവർ കരുതിയത്. അതിനാൽ യേശു മരിച്ചാൽ എല്ലാം തീരും എന്നവർ ചിന്തിച്ചു.

പരീശന്മാരുടെ കൂട്ടുകെട്ടും ആലോചനയും അറിഞ്ഞ കർത്താവു അവിടം വിട്ടു പോവുകയാണ് ചെയ്തത്. പരീശന്മാരുമായി ഒരു വാഗ്വാദത്തിനോ, ഏറ്റുമുട്ടലിനോ ഒന്നും യേശു തയാറായിരുന്നില്ല. 'ഞാൻ സൗമ്യതയും താഴ്മയും ഉള്ളവൻ' എന്നു കർത്താവു തന്നെക്കുറിച്ച് അരുളിച്ചെയ്തതു താൻ തന്നെ തെളിയിച്ചു. നമ്മുടേതുപോലുള്ള ഈഗോ പ്രശ്നമോ, പ്രതികാരചിന്തയോ കർത്താവിനു ഉണ്ടായിരുന്നില്ല. ദീർഘക്ഷമയുടെ ആൾരൂപമായാണ് നാം കർത്താവിനെ കാണുന്നത്. അവരുടെ അറിവില്ലായ്മ മനസിലാക്കി അവർക്കു തന്നെ തിരിച്ചറിയുവാനും, രക്ഷപ്രാപിക്കുവാനും, കൂടുതൽ അവസരങ്ങൾ കർത്താവു അനുവദിക്കുകയായിരുന്നു.

യേശു പോയ ഇടത്തേക്ക് ജനങ്ങൾ എത്തുവാൻ തുടങ്ങി. ശാരീരിക രോഗങ്ങളിൽ നിന്നുള്ള വിടുതലായിരുന്നു യേശുവിന്റെ പിന്നാലെ ചെല്ലുവാൻ അവരെ പ്രേരിപ്പിച്ചത്. 'അവൻ അവരെ ഒക്കെയും സൗഖ്യമാക്കി' എന്നു എഴുതിയിരിക്കുന്നു. കർത്താവിനെ അന്വേഷിക്കുന്നവരെ ലജ്ജിപ്പിക്കുകയില്ല എന്നത് കർത്താവിന്റെ സ്വഭാവമാണ്. ഇന്നും അങ്ങനെത്തന്നെയാണ്; കർത്താവു മാറാത്തവൻ!

കർത്താവു തന്റെ അടുക്കൽ വന്ന എല്ലാവരെയും സൗഖ്യമാക്കിയതിനു ശേഷം തന്നെ പ്രസിദ്ധമാക്കരുതെന്നു അവരോടു ആജ്ഞാപിച്ചു എന്നു മത്തായി രേഖപ്പെടുത്തുന്നു. പ്രസിദ്ധരാ

കാനുള്ള ആഗ്രഹം മനുഷ്യപ്രകൃതമാണ്. അത് മനുഷ്യന്റെ ബലഹീനതയാണ്. കർത്താവു അപ്രകാരമുള്ള ബലഹീനതകൾക്കും ആഗ്രഹങ്ങൾക്കും അതീതനാണ് . സർവ്വത്തിന്റെയും ഉടയവനും സ്രഷ്ടാവും സകലത്തെയും നിയന്ത്രിക്കുകയും ചെയ്യുന്ന കർത്താവിനു അതിനേക്കാൾ വലുതായി എന്താണ് ആകുവാനുള്ളത്. ഈ പരമാർത്ഥം നാം മനസിലാക്കിയാൽ ദൈവത്തെക്കുറിച്ചുള്ള പല അബദ്ധധാരണകളും തൽഫലമായുള്ള അന്ധവിശ്വാസങ്ങളും മാറും.

ആരാധിച്ചു, ദൈവത്തെ പ്രീതിപ്പെടുത്തി ഉദ്ധിഷ്ടകാര്യങ്ങൾ നേടിയെടുക്കാം. (അതായതു രോഗസൗഖ്യം, സാമ്പത്തിക നന്മകൾ തുടങ്ങിയവ പ്രാപിക്കാം) സ്തുതി ആരവങ്ങൾ മുഴക്കി ദൈവത്തെ പ്രസാദിപ്പിക്കാം, എന്നിങ്ങനെയുള്ള അബദ്ധധാരണ നമ്മുടെ ഇടയിൽ കാണാറുണ്ട്. ദൈവം പ്രസാദിക്കുന്നതു നമ്മുടെ മനസാന്തരത്തിലാണ്. ദൈവത്തിനു നമ്മെക്കുറിച്ചുള്ള പ്ലാനിലേക്കു നാം എത്തിച്ചേരുവാനാണ് ദൈവം ആഗ്രഹിക്കുന്നത്. ഇതാണ് ദൈവത്തിനു പ്രസാദമായ കാര്യം. കർത്താവു ക്രൂശിൽ നിവർത്തിച്ച രക്ഷ സ്വീകരിച്ചു, തുടർന്നുള്ള ജീവിതം യേശുക്രിസ്തുവിന്റെ മടങ്ങിവരവിനായി ഒരുങ്ങിക്കൊണ്ടു, തന്റെ സാക്ഷികൾ ആവുക എന്നതാണ് കർത്താവു നമ്മെക്കുറിച്ചു ആഗ്രഹിക്കുന്നത്. കർത്താവു നമ്മെ രക്ഷിച്ചതിനെക്കുറിച്ചു ഓർത്തു നന്ദിയുള്ളവരായി നാം ദൈവഹിതം നിവർത്തിക്കുന്നതിനു സമർപ്പിതരാകണം. കർത്താവിന്റെ സ്നേഹത്തിൽ നിറഞ്ഞു തന്നെക്കുറിച്ചുള്ള പ്രശംസ നമ്മുടെ ഉള്ളിൽ നിറയണം. അപ്പോൾ കർത്താവിനെക്കുറിച്ചുള്ള സ്തുതികൾ നമ്മുടെ നാവിൽ എപ്പോഴും ഉണ്ടായിരിക്കും,. ഇങ്ങനെ കർത്താവിനോടുള്ള ആരാധനയിൽ നിറയുന്ന മനസും ജീവിതവുമാണ് കർത്താവു ആഗ്രഹിക്കുന്നത്.

യേശുവിനെ ഒരു സൂപ്പർ ഹീറോ ആയി അവതരിപ്പിക്കുന്ന പ്രസംഗകർ ഉണ്ട്. യേശുവിനെ ആ നിലയിൽ അല്ല നാം മനസിലാക്കേണ്ടതും, വിശ്വസിക്കേണ്ടതും. ദൈവത്തെ ശരിയായി മനസിലാക്കാത്ത, അവിടുത്തെ മഹത്വം ഗ്രഹിക്കുവാൻ കഴിയാത്ത യഹൂദജനം, വിജാതീയരുടെ ദേവന്മാർക്ക് ശക്തിയുടെന്നു ധരിച്ചു അന്യാരാധനയിലേക്കു വഴിതെറ്റിപ്പോയിട്ടുണ്ട്. അവരോടു യെശയ്യാ പ്രവാചകനിലൂടെ ദൈവം ചോദിച്ച കാര്യങ്ങൾ യെശയ്യാ 40:12 മുതൽ 28 വരെയുള്ള

**എന്നാൽ യേശു ആരാണെന്ന ശരിയായ വെളിപ്പാട് അവർക്കു ലഭിച്ചിരുന്നില്ല. വാസ്തവത്തിൽ തന്റെ കൂടെ നടന്ന പന്ത്രണ്ടു അപ്പോസ്തലന്മാർക്കു ലഭിച്ച വെളിപ്പാടുപോലും പരിമിതമായിരുന്നു. കർത്താവിന്റെ ഉയർത്തെഴുന്നേൽപിനുശേഷമാണ് ഒരളവിലെങ്കിലും യേശുവിനെക്കുറിച്ചുള്ള വെളിപ്പാട് അവർക്കു ലഭിച്ചത്.**

വാക്യങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നു. 'ആകയാൽ നിങ്ങൾ എന്നെ ആരോട് സാദൃശ്യമാക്കും? ഞാൻ ആരോട് തുല്യമാകും എന്നു പരിശുദ്ധനായവൻ അരുളിച്ചെയ്യുന്നു'(യെശയ്യാ 40:25). ദൈവത്തെ ആരോടും താരതമ്യപ്പെടുത്തുവാനോ ഉപമിക്കുവാനോ സാധ്യമല്ല. ദൈവത്തോട് തുല്യം ചൊല്ലുവാൻ ദൈവം മാത്രമേയുള്ളു. ദൈവം സ്രഷ്ടാവും, പ്രപഞ്ചം മുഴുവൻ തന്റെ സൃഷ്ടിയുമാണല്ലോ. സ്രഷ്ടാവിനെ കൂടാതെ സൃഷ്ടിക്കു അസ്തിത്വമോ നിലനിൽപ്പോ ഇല്ല എന്നതാണ് വാസ്തവം. അങ്ങനെയിരിക്കെ, മനുഷ്യ സങ്കല്പങ്ങളായ ദേവീദേവന്മാർക്കും അവരുടെ വിഗ്രഹങ്ങൾക്കും എന്ത് മൂല്യമാണുള്ളത്. സർവ്വശക്തനും സ്രഷ്ടാവുമായ ദൈവത്തിനു സാത്താൻ ഏതുമില്ല. യേശുവിനു തുല്യമായി മറ്റാരുമില്ലാത്തതു കൊണ്ടു, താൻമാത്രം ഏക കർത്താവ് ആണ്. അതുകൊണ്ടു അവനു പ്രസിദ്ധി ആവശ്യമേയില്ല.

തന്നെ പ്രസിദ്ധനാക്കരുതെന്നു യേശു ആജ്ഞാപിച്ചതിനു മറ്റൊരു കാരണവും കൂടെയുണ്ട്. ജനങ്ങൾ യേശുവിന്റെ അടുക്കൽ വന്നു, സൗഖ്യം പ്രാപിച്ചു. എന്നാൽ യേശു ആരാണെന്ന ശരിയായ വെളിപ്പാട് അവർക്കു ലഭിച്ചിരുന്നില്ല. വാസ്തവത്തിൽ തന്റെ കൂടെ നടന്ന പന്ത്രണ്ടു അപ്പോസ്തലന്മാർക്കു ലഭിച്ച വെളിപ്പാടുപോലും പരിമിതമായിരുന്നു. കർത്താവിന്റെ ഉയർത്തെഴുന്നേൽപിനു ശേഷമാണ് ഒരളവിലെങ്കിലും യേശുവിനെക്കുറിച്ചുള്ള വെളിപ്പാട് അവർക്കു ലഭിച്ചത്. താൻ ആരാണെന്നു ശരിക്കും മനസിലാക്കാത്തവർ തന്നെക്കുറിച്ചു മറ്റുള്ളവരോട് പറഞ്ഞാൽ അത് ശരിയാകുമായിരുന്നില്ല. ഒരു പ്രവാചകൻ എന്നതിനേക്കാൾ അധികം, ജനങ്ങൾക്ക് തന്നെ തിരിച്ചറിയുവാൻ കഴിയുമായിരുന്നില്ല. കുറെ ആൾക്കൂട്ടം തന്റെ അടുക്കൽ കൂടും എന്നതിനേക്കാൾ, ക്രിസ്തു എന്നു മനസിലാക്കി തന്നിൽ വിശ്വസിക്കുവാൻ അവർക്കു

കഴിയുമായിരുന്നില്ല. മനുഷ്യന്റെ വീണ്ടെടുപ്പിനായി, മറുവിലയായി തന്നെത്തന്നെ കൊടുക്കുക എന്ന തന്റെ പരമപ്രധാനമായ ദൗത്യം പൂർത്തീകരിക്കുന്നതിന് അത് തടസ്സം മാത്രമേ സൃഷ്ടിക്കുകയുള്ളു. എന്നാൽ ഉയിർത്തെഴുന്നേറ്റ ക്രിസ്തു, തന്നിൽ വിശ്വസിച്ചവരോട്, മറ്റുള്ളവരും തന്നെ രക്ഷകനും കർത്താവുമായി തിരിച്ചറിഞ്ഞു തന്റെ നാമത്തിൽ പാപമോചനം പ്രാപിക്കേണ്ടതിനു, സുവിശേഷം അറിയിക്കുവാൻ ശിഷ്യന്മാരെചുമതലപ്പെടുത്തി. യേശുവിന്റെ ഉപദേശവും രോഗികളെ സൗഖ്യമാക്കിയതും തന്നെ പ്രസിദ്ധനാക്കരുതെന്നു അവരോടു കല്പിച്ചതും എല്ലാം യെശയ്യാ പ്രവാചകൻ മുഖാന്തരം ദൈവം അരുളിചെയ്തതിന്റെ നിവൃത്തി ആയിരുന്നു. യെശയ്യാവ് പ്രവചിച്ചതിന്റെ അർഥം ഗ്രഹിച്ചിരുന്നു എങ്കിൽ യേശു അവരുടെ മശിഹ ആണെന്ന് തിരിച്ചറിയുവാൻ ബുദ്ധിമുട്ടുണ്ടാവുമായിരുന്നില്ല. കാരണം യേശുവിന്റെ ജീവിതം തന്നെക്കുറിച്ചു തിരുവെഴുത്തിൽ എഴുതിയിരുന്നതിന്റെ നിവൃത്തി ആയിരുന്നു. യേശുവിനെ തിരിച്ചറിയുവാനുള്ള അടയാളം, ശരീരത്തിന്റ രൂപമോ, ശാരീരിക അടയാളങ്ങളോ ഒന്നുമായിരുന്നില്ല, മറിച്ചു വചനം നിവൃത്തി ആകുന്നതായിരുന്നു. യെശയ്യാവിൽ കുടി ദൈവം അരുളിച്ചെയ്തു : 'ഞാൻ തിരഞ്ഞെടുത്ത എന്റെ ദാസനെ നോക്കൂ, എന്റെ ഉള്ളം പ്രസാദിക്കുന്ന അഥവാ എന്നെ പ്രസാദിപ്പിക്കുന്ന എന്റെ പ്രിയങ്കരൻ,' ഇതായിരുന്നു യേശുവിന്റെ ജീവിതം. യെശയ്യാവ് തുടർന്ന് പറഞ്ഞു, 'അവൻ കലഹിക്കുകയില്ല, നിലവിളിക്കുകയില്ല ആരും തെരുക്കളിൽ അവന്റെ ശബ്ദം കേൾക്കയുമില്ല' ഈ ശാന്തത നാം യേശുവിൽ കാണുന്നു. കർത്താവു പരീശന്മാരോട് എത്ര ശാന്തതയോടെയാണ് ഇടപെട്ടത്. അവരുടെ ചോദ്യങ്ങൾക്കു ശാന്തനായി നൽകിയ മറുപടി, സത്യം അറിയുവാൻ അവർക്കു താല്പര്യമുണ്ടായിരുന്നുവെങ്കിൽ അതിനു മതിയായതായിരുന്നു. ഇടിച്ചു കളയുക ആയിരുന്നില്ല കർത്താവിന്റെ ലക്ഷ്യം, പണിയുകയെന്നതായിരുന്നു. അതിനാൽ 'ചതഞ്ഞ ഓട (ഞാങ്ങണ) അവൻ ഒടിച്ചു കളയുകയില്ല. പുകയുന്ന തിരി കെടുത്തിക്കളകയുമില്ല' എന്നും ദൈവം അരുളിച്ചെയ്തു. ദൈവത്തിന്റെ കരുണയും ആർദ്രതയും വെളിപ്പെടുത്തുന്ന പ്രവൃത്തികളായിരുന്നു കർത്താവു ചെയ്തത്.

ശാസ്ത്രിമാർക്കും പരീശന്മാർക്കും മശിഹാ എങ്ങനെയുള്ളവനായിരിക്കും എന്നു

**അപ്പോസ്തലന്മാർ പ്രസംഗിക്കാത്ത മറ്റൊരു യേശുവിനെ പ്രസംഗകർ പ്രസംഗിക്കുന്നു, ജനങ്ങൾ സ്വീകരിക്കുന്നു. ഇങ്ങനെയാണ് മറ്റൊരു സുവിശേഷത്തിലേക്കു ജനങ്ങൾ ചാഞ്ഞു പോകുന്നത്.**

പ്രവചനങ്ങളിൽ നിന്നും മനസിലാക്കുവാൻ കഴിയാതിരുന്നതുകൊണ്ടു മശിഹായെ തിരിച്ചറിയേണ്ടത് എങ്ങനെയെന്ന് ജനങ്ങൾക്കു പറഞ്ഞുകൊടുക്കുവാൻ കഴിഞ്ഞില്ല. അതിനാൽ ജനങ്ങൾ മശിഹായെ പ്രതീക്ഷിച്ചതു മറ്റൊരു തരത്തിലായിരുന്നു. അതുകൊണ്ടു മശിഹാ അവരുടെ നടുവിൽ വന്നിട്ടും അവർ തിരിച്ചറിഞ്ഞില്ല; മറിച്ചു, മശിഹാ വരും എന്ന വിശ്വാസത്തിൽ അവർ തുടർന്നു. ഈ തെറ്റ് ഇന്നു നമ്മുടെ ഇടയിലും ഉണ്ട്. അതായതു, വചനത്തിൽ വെളിപ്പെടുത്തിയിരിക്കുന്ന ക്രിസ്തുവിനെ മനസിലാക്കാതെ, അപ്പോസ്തലന്മാർ പ്രസംഗിക്കാത്ത മറ്റൊരു യേശുവിനെ പ്രസംഗകർ പ്രസംഗിക്കുന്നു, ജനങ്ങൾ സ്വീകരിക്കുന്നു ഇങ്ങനെയാണ് മറ്റൊരു സുവിശേഷത്തിലേക്കു ജനങ്ങൾ ചാഞ്ഞു പോകുന്നത്. ഇത് നിങ്ങൾ ഗൗരവമായി ചിന്തിക്കുമോ? പ്രസിദ്ധരായ വ്യക്തികളെ നാം അറിയുന്നത് പറഞ്ഞു കേട്ടുള്ള അറിവിലൂടെയാണ്. എന്നാൽ അവർ നമുക്ക് അന്യരാണ്. കേട്ട അറിവിൽ നിന്ന് നമുക്ക് അവരോടു ഒരുതരം ആരാധനാ മനോഭാവം ഉണ്ടായേക്കാം. പക്ഷെ നമുക്ക് അവരുമായി ഒരു ആത്മബന്ധം ഉണ്ടാകുന്നില്ല. എന്നാൽ, നമ്മുടെ സ്വന്ത പിതാവിനെ അറിയുന്നത് ബന്ധത്തിൽ നിന്നാണ്. ഇതുപോലെ നമ്മുടെ സ്രഷ്ടാവും പിതാവുമായവനെ അറിയേണ്ടത് അവിടുത്തോടുള്ള ആത്മബന്ധത്തിലാണ്. അതിനു പ്രസിദ്ധി ഒരു ആവശ്യം അല്ല. യേശു, നമുക്ക് ആരാണെന്നുള്ള തിരിച്ചറിവാണുണ്ടാകേണ്ടത്. ■


**വചന പഠിതാക്കളുടെ ശ്രദ്ധയ്ക്ക്**

**ബ്രദർ ജോയ് എം തോമസിന്റെ സന്ദേശങ്ങൾ ലഭിക്കുവാൻ**

**NERVEEDHI YouTube ചാനൽ സന്ദർശിക്കുക.**

**യാക്കോബിന്റെ ലേഖനം ആസ്പദമാക്കി, ബ്രദർ ജോയ് എം. തോമസ് നയിക്കുന്ന ദൈവവചന പഠനപരമ്പര ലഭിക്കുവാൻ**

**NCCA MEDIA YouTube ചാനൽ സന്ദർശിക്കുക.**

എന്നർത്ഥമുള്ള ഇമ്മാനുവേൽ ആണ്. ഇമ്മാനുവേലായ യേശുക്രിസ്തു എന്നോടൊപ്പം എല്ലായ്പ്പോഴും ഉണ്ട് എന്ന ബോധ്യം പൗലോസിന് ഉണ്ടായിരുന്നു. യേശുക്രിസ്തുവിനെ അറിയുന്നതാണ് നിത്യജീവൻ, യേശുക്രിസ്തു ദൈവത്താൽ അയക്കപ്പെട്ട ഒരു വ്യക്തിത്വമാണ്. അതുകൊണ്ടു സത്യം ഒരു വ്യക്തിയാണ്.

എല്ലാ പ്രധാന ഉപദേശങ്ങളും വിചിന്തനം ചെയ്യുന്നത് അർത്ഥവത്തായ കാര്യമാണ്. എന്നാൽ ഇവിടെ പരമപ്രധാനമായ ഒരു ഉപദേശം വ്യക്തമാക്കട്ടെ. അത് ക്രിസ്തു നമ്മിൽ വസിച്ചുകൊണ്ടു, നമ്മിലൂടെ സംസാരിക്കയും സ്നേഹിക്കുകയും സൗഖ്യമാക്കുകയും ദൈവാത്മാവിൽ ജനിച്ചവരെയൊക്കെയും വഴിനടത്തുകയും ചെയ്യുന്നു എന്നതാണ്. ആത്യന്തികമായി ഓരോരുത്തരെയും, യേശുവിനെ പോലെ രൂപാന്തരപ്പെടുത്തുന്ന ഒരു മഹത്തായ പ്രവൃത്തിയാണ് ക്രിസ്തു നമ്മിൽ വസിച്ചുകൊണ്ടു ചെയ്യുന്നത്. അതായതു സ്വഭാവ രൂപാന്തരമാണ് ക്രിസ്തീയ ജീവിതത്തിന്റെ പരമപ്രധാനമായ ലക്ഷ്യം. ഒരുവൻ താൻ യഥാർത്ഥ സത്യവിശ്വാസത്തിൽ നിൽക്കുന്നു എന്ന് അവകാശപ്പെടുകയും അതേസമയം ക്രിസ്തു ഓരോ വിശ്വാസികളിലും വസിക്കുന്നു എന്ന യാഥാർഥ്യത്തെ അവഗണിക്കുകയും ചെയ്താൽ അവൻ അവനെത്തന്നെ വഞ്ചിച്ചു ജീവിക്കുന്നു എന്ന് തെളിയിക്കുകയുമാണ്.

**സത്യം.**

ചിന്താക്കുഴപ്പങ്ങൾ അനേകരെ കുഴയ്ക്കുന്ന ഈ യുഗത്തിൽ, സത്യം ഒരു വ്യക്തിയാണെന്നും അത് യേശുക്രിസ്തു ആണെന്നും നാം ബോധ്യപ്പെടേണ്ടതുണ്ട്. നാം അറിയേണ്ടുന്ന സ്വർഗ്ഗം, നരകം, രക്ഷ, പാപം, വീണ്ടെടുപ്പ്, എന്നിങ്ങനെയുള്ള സുപ്രധാന വസ്തുതകൾ ഒക്കെയും ക്രിസ്തുകേന്ദ്രീകൃതമാണ്. എന്നെക്കണ്ടവൻ പിതാവിനെ കണ്ടിരിക്കുന്നു എന്ന് യേശു പറയുമ്പോൾ അദൃശ്യദൈവത്തിന്റെ ദൃശ്യരൂപമാണ് ക്രിസ്തു എന്നു വ്യക്തം. ക്രിസ്തുവിൽ വസിക്കുന്നു എന്ന് പറയുന്നവൻ അവിടുന്ന് കടന്നുപോയ അതേ അനുഭവങ്ങളിൽ ജീവിക്കുന്നവനാണ് (1 യോഹന്നാൻ 2: 6). യോഹന്നാൻ പഠിപ്പിക്കുന്ന ഈ വസ്തുതയിൽ ലക്ഷ്യം വച്ചുകൊണ്ടു നാം വളരെ താഴ്മയോടും ഹൃദയപൂർവവും യേശുവിനെപ്പോലെ ആയിത്തീരേണ്ടതാണ്.

**അത് ക്രിസ്തു നമ്മിൽ വസിച്ചുകൊണ്ടു, നമ്മിലൂടെ സംസാരിക്കയും സ്നേഹിക്കുകയും സൗഖ്യമാക്കുകയും ദൈവാത്മാവിൽ ജനിച്ചവരെയൊക്കെയും വഴിനടത്തുകയും ചെയ്യുന്നു എന്നതാണ്.**

ക്രിസ്തുമതം ആർക്കും നിത്യജീവൻ നൽകുന്നില്ല, എന്നാൽ ക്രിസ്തുവിനെ അറിയേണ്ടും വണ്ണം അറിഞ്ഞു, വിശ്വസിച്ചു, അനുഭവിക്കുന്നതാണ് നിത്യജീവൻ (യോഹന്നാൻ 17: 3). തന്റെ സ്വന്തജീവൻ മറുവിലയായി നൽകിയാണ് നമുക്ക് പാപക്ഷമയും, സൗഖ്യവും, സമാധാനവും, സ്വസ്ഥതയും, അവിടുന്ന് നേടിത്തന്നത്. നമ്മുടെ ജീവിതത്തിൽ സംഭവിക്കുന്ന സകലതും നമ്മുടെ വീണ്ടെടുപ്പുകാരൻ എന്ന നിലയിൽ നമ്മുടെ നന്മയ്ക്കായി അവിടുന്ന് വ്യപാരിപ്പിച്ചു കൊണ്ടിരിക്കുന്നു. രാജാവ് എന്ന നിലയിൽ തന്റെ അധികാരം നൽകി സ്ഥാനാപതികളായി നമ്മെ അയയ്ക്കുന്നു. ശരീരത്തിലെ അവയവങ്ങൾ തമ്മിൽ തികഞ്ഞ ഏകോപനത്തോടെ പ്രവൃത്തിക്കുന്നതുപോലെ ഐക്യതയ്ക്കു ഊന്നൽ കൊടുത്തുകൊണ്ട് നമ്മെ തന്റെ ശരീരം എന്നു വിളിക്കുന്നു. തന്റെ നീതിയും വിശുദ്ധീകരണവും അവിടുന്ന് നമ്മിലേക്ക് വ്യാപരിപ്പിക്കുന്നു. അവിടുത്തെ സ്നേഹത്താൽ വശീകരിക്കപ്പെട്ട തന്റെ കാന്തയാണ് നാം. ക്രിസ്തു നമ്മിൽ വസിക്കുന്നു എന്ന വസ്തുതയ്ക്കു ചിന്താക്കുഴപ്പം ഉണ്ടാക്കുന്ന വിധത്തിൽ ആരെങ്കിലും സംസാരിച്ചാൽ കർത്താവിന്റെ തന്നെ വാക്കുകൾ അതിനു മറുപടിയായി അവർക്കു നൽകുക. യേശുവിനെ സ്നേഹിക്കുന്നവർ അവിടുത്തെ വചനം പാലിക്കും. സ്വർഗീയ പിതാവ് അങ്ങനെയുള്ളവരെ സ്നേഹിക്കും, യേശുകർത്താവ് അവരുടെ അടുക്കൽ വന്നു അവരിൽ വസിക്കും (യോഹന്നാൻ 14:23).

പ്രിയമുള്ളവരേ, യേശുക്രിസ്തുവിനോടുള്ള നമ്മുടെ കൂട്ടായ്മയിൽ നിന്നുമാണ് ക്രിസ്തു എന്ന സത്യം നമ്മിൽ ഉരുവാകുന്നത്. മഹത്വത്തിന്റെ പ്രത്യാശയായ ക്രിസ്തു നമ്മിൽ വസിക്കുന്നു എന്ന ദർശനം നമുക്ക് ധൈര്യവും വിശ്വാസവും ശക്തിയും പകർന്നു തരുന്നു. സത്യം, ക്രിസ്തു എന്ന വ്യക്തിയായി നമ്മിൽ വസിക്കുന്നു എന്ന ബോധ്യമാണ് യഥാർത്ഥ വിശ്വാസത്തിന്റെ കാതൽ. ■

യിരുന്നുള്ളൂ. എന്നാൽ ശാന്തമായിരിക്കുന്ന അവസ്ഥയിൽ എടുക്കുന്ന ഒരു ഇ.സി.ജി. ഹൃദയം എത്രത്തോളം ദൃഢമാണ് എന്നറിയുന്നതിനു അപര്യാപ്തമാണ്. അതിനാൽ ഡോക്ടർമാർ ഇപ്പോൾ നിർദേശിക്കുന്നത് ഒരു സമ്മർദാനന്തര പരിശോധന (stress test) നടത്തണമെന്നാണ്. ഒരു 'ട്രെഡ്മില്ലി'ലൂടെ നടത്തി ശരീരത്തിനു നല്ല വ്യായാമം നൽകിക്കൊണ്ട് നടത്തുന്ന ഹൃദയപരിശോധന! സമ്മർദങ്ങളെ അതിജീവിക്കുവാൻ, നമ്മുടെ ഹൃദയത്തിനു എത്രത്തോളം ശക്തിയുണ്ടെന്നറിയുവാൻ, അങ്ങനെയൊരു പരിശോധന അനിവാര്യം. അപ്രകാരം നമ്മുടെ വിശ്വാസത്തിന്റെ ഒരു പരിശോധനയാണു നമ്മുടെ ജീവിതത്തിലെ പ്രതിസന്ധികൾ!

എന്നാൽ, ക്രിസ്തീയ ജീവിതത്തിലെ പരിശോധനകൾ വെറുമൊരു 'ടെസ്റ്റ്' മാത്രമല്ല. അതിനു ക്രിയാത്മകമായി നമ്മുടെ ജീവിതത്തെ പണിയുവാൻ കഴിയുമെന്നു യാക്കോബു പറയുന്നു: നിങ്ങളുടെ വിശ്വാസത്തിന്റെ പരിശോധന നിങ്ങളുടെ സഹിഷ്ണുതയെ വളർത്തുന്നു. അതു നിങ്ങളെ വിശ്വാസത്തിന്റെ സ്ഥിരതയിലേക്കു, ഉന്നതിയിലേക്കു(hupamone)നയിക്കുന്നു. 'സജീവ പരിഭാഷ' യിൽ (living Bible) ഇങ്ങനെ പറയുന്നു: "വഴി ദുർഘടമാകുമ്പോൾ നിങ്ങളുടെ സഹിഷ്ണുത വളരുവാനുള്ള സാധ്യത വളരെയാണ്. അതിനാൽ നിങ്ങളുടെ പ്രതികൂല സാഹചര്യങ്ങളെ ഒഴിഞ്ഞു പോകാൻ പരിശ്രമിക്കരുത്".

ദുർഘടകരമായ വഴികളാണ് ആരോഗ്യകരമായ വഴി. നിരപ്പായ വഴിയിൽ ഔന്നത്യങ്ങളില്ല. മലമുകളിൽ പണിയെടുക്കുന്ന പിതാവിനു പ്രഭാതഭക്ഷണവുമായി അമ്മ മകളെ പറഞ്ഞുവിട്ടു. കഷ്ടപ്പെട്ടു അണച്ച് വിയർത്ത് മുകളിലെത്തിയ മകൾ ചോദിച്ചു: എന്തിനാണ് ഈ വഴിയിൽ ഇത്രയേറെ കല്ലുകൾ? നിരപ്പുള്ള വഴിയായിരുന്നു അതെങ്കിൽ എത്ര നന്നായിരുന്നു?"

"മോളേ, ഈ കല്ലുകളാണ് നിന്നെ ഈ ഉയരത്തിലെത്തിച്ചത്" എന്നായിരുന്നു പിതാവിന്റെ മറുപടി. കല്ലുകൾ അവിടില്ലായിരുന്നെങ്കിൽ ഒരു മഴയിൽ മണ്ണൊലിച്ച് വഴി നഷ്ടമാകുമായിരുന്നു. പടി പടിയായി കല്ലുകൾ കിടന്നിരുന്നതുകൊണ്ടാണു ഓരോന്നും ചവിട്ടിക്കയറി കുഞ്ഞുമകൾക്കു ഉയരത്തിലെത്താനായത്! വഴിയിലെ കല്ലുകൾ ഇടർച്ചകല്ലുകളായല്ല (stumbling block). പ്രത്യുത ചവിട്ടുപടികളായി (stepping stone) നാം തിരിച്ചറിയണം. പ്രതികൂലങ്ങൾ നമ്മുടെ വഴിത്താരയിൽ ദൈവം ഇട്ടിരിക്കുന്ന ചവിട്ടു പടികളാണ്- നമുക്കു ഉയരങ്ങളിലേക്കു കയറുവാൻ!

പരിശോധനകൾ, വിശ്വാസത്തിന്റെ ഉന്നതികളിലേക്കു നമ്മെ നയിക്കുന്ന സഹിഷ്ണുതയെ വളർത്തുന്നുവെന്നു നാം കണ്ടു. എന്നാൽ, കാര്യങ്ങൾ അവിടംകൊണ്ടും അവസാനിക്കുന്നില്ല. ദിവസവും പ്രതിസന്ധികളുടെ കല്ലുരുട്ടുമ്പോൾ നമ്മുടെ വിശപ്പു വർധിക്കുകയാണ്; നാം ദൈവത്തിൽനിന്നു കൂടുതൽ സ്വീകരിക്കുകയാണ്; നമ്മുടെ വിശ്വാസത്തിന്റെ പേശികൾ ബലം പ്രാപിക്കുകയാണ്; നാം പോരാട്ടത്തിനു ശക്തിയുള്ളവരായിത്തീരുകയാണ്.

പരിശോധനകളെ ഒരു പരിശീലനം എന്ന നിലയിലാണു വേദപുസ്തകം പഠിപ്പിക്കുന്നത്. വിശ്വാസം ഒരു ഓട്ടവും ഒരു പോരാട്ടവുമാണ്. രണ്ടിനും പരിശീലനം വേണം. ഒരു കായിക താരത്തിന്റെ പരിശീലനത്തെക്കുറിച്ച് ആലോചിക്കുക. പരിശീലകൻ കായിക താരത്തോടു വളരെ കർക്കശമായിട്ടായിരിക്കും എപ്പോഴും ഇടപെടുക. ഒരു കോച്ചിൽനിന്നു ഒരു കായികതാരം ഒരിക്കലും അയവുള്ള ഒരു സമീപനം പ്രതീക്ഷിച്ചുകൂടാ. നമ്മുടെ ദൈവവും കർക്കശക്കാരനായ ഒരു കോച്ചാണ്. ചാടിക്കടക്കേണ്ടതിനായി നമ്മുടെ വഴിത്താരയിൽ പലപ്പോഴും തടസ്സങ്ങൾ (hurdles) കൊണ്ടിടുന്ന ഒരു കോച്ച്! കഠിനമായ വ്യായാമ മുറകൾ നിർബന്ധമായി അഭ്യസിപ്പിക്കുമ്പോൾ ഓർക്കുക; അതു നിങ്ങളോടു വിരോധമുണ്ടായിട്ടു ചെയ്യിക്കുന്നതല്ല; പ്രത്യുത, നിങ്ങളുടെ പേശികൾ ബലപ്പെടേണ്ടതിനാണ് ഈ പരിശീലനങ്ങളെല്ലാം.

ഒരു സൈനികന്റെ പരിശീലനം ഇതിനെക്കാൾ കടുകട്ടിയായിരിക്കും-പ്രത്യേകിച്ചും കമാൻഡോ പരിശീലനവും മറ്റും! ചിലപ്പോൾ നാല്പതു കിലോമീറ്റർ വരെ ഓട്ടം; വലിയ കണ്ണാടിച്ചില്ലുകൾ അടിച്ചുപൊട്ടിച്ച് അതിനുള്ളിലൂടെ നുഴഞ്ഞുകയറുക; പടരുന്ന തീയുടെ ഉള്ളിലേക്കു ഇടിച്ചുകയറുക... കമാൻഡോ പരിശീലനത്തിനിടെ "ഒന്നും വേണ്ട വല്ലവിധേനയും വീട്ടിൽ പോയാൽ മതി" എന്നു ചിന്തിക്കാത്ത ആരും ഉണ്ടാകുകയില്ല എന്നാണു കേട്ടിട്ടുള്ളത്.

അനുദിനജീവിതത്തിലും ഇതുപോലുള്ള പരി

ശീലനങ്ങൾ സാധാരണയാണ്. കഴുകൻ തന്റെ കുഞ്ഞിനെ പറക്കാൻ പഠിപ്പിക്കുന്നതിനെപ്പറ്റി നാം പാടാറില്ലേ? "കൂടുകളെക്കൂടെ കൂടിളക്കി പറക്കുവാനായ് നമ്മെ ശീലിപ്പിച്ചു..."

ചെറിയ പ്രായത്തിൽ കഴുകൻ കുഞ്ഞുങ്ങൾ കൂട്ടിനുള്ളിൽ തന്നെയിരിക്കും. അമ്മക്കഴുകൻ എവിടെ നിന്നെങ്കിലും ഭക്ഷണം കൊണ്ടുവന്നു കുഞ്ഞിനു കൊടുക്കും. ഹൊ! എന്തൊരു സുഖം! എന്നാൽ അമ്മയ്ക്കറിയാം കുഞ്ഞുങ്ങൾ എന്നും കൂട്ടിലിരിക്കാനുള്ളവരല്ല, പറക്കാനുള്ളവരാണെന്ന്!

"മോനെ നമുക്കൊന്നു പറക്കാൻ പോകാം"എന്നു പറഞ്ഞാൽ ഒരു കുഞ്ഞും ചാടിപ്പുറപ്പെടില്ല. നിർബന്ധിച്ചാലും കുഞ്ഞു കഴുകൻ കൂടുവിട്ടിറങ്ങില്ല. ഒടുവിൽ കഴുകൻ കൂട് കൊത്തിപ്പൊളിച്ച് കുഞ്ഞിനെ കൂട്ടിൽനിന്നു തള്ളിയിടും. "എത്ര ക്രൂരതയാണീ കാണിക്കുന്നത്?" അമ്മയാണോ നിങ്ങൾ എന്നൊക്കെ കുഞ്ഞു ചോദിക്കുന്നുണ്ടാവാം. എന്നാൽ തള്ളക്കഴുകൻ അതൊന്നും ശ്രദ്ധിക്കുന്നില്ല. "കണ്ണിൽ ചോരയില്ലാതെ അവൾ കുഞ്ഞിനെ താഴേക്കു വലിച്ചിടുകയാണ്.

തന്റെ ജീവിതം അവസാനിച്ചുവെന്നാണ് കുഞ്ഞുകഴുകൻ ചിന്തിക്കുന്നത്. എന്നാൽ വീഴ്ചയിൽ അറിയാതെ തന്റെ ചിറകുകൾ വിടർത്തുന്നു. എന്നാലും താഴേക്കു തന്നെയാണു പോക്ക്. ഇപ്പോൾ നിലത്തടിച്ചു ചാകും എന്നു ചിന്തിച്ച് അതു കണ്ണുകൾ ഇറുക്കിയടയ്ക്കുന്നു. എന്നാൽ ഒരു 'ക്രാഷ് ലാൻഡിംഗ്'നടന്നില്ല. ഏതോ നനുത്ത പ്രതലത്തിലാണു താൻ പറന്നിറങ്ങിയതെന്നു കുഞ്ഞുകഴുകൻ മനസിലാക്കി. അതു താഴെവീഴുംമുമ്പ് അമ്മക്കഴുകൻ പറന്നിറങ്ങി കുഞ്ഞിനെ തന്റെ ചിറകുകളിൽ വഹിച്ചിരുന്നു.

എന്നാൽ പരിശീലനം ഒരു ദിവസംകൊണ്ട് അവസാനിച്ചില്ല. ഇനിയെങ്കിലും അമ്മ തന്നെ തള്ളിതാഴെയിടുകയില്ലെന്നു അതു ചിന്തിച്ചു കാണും. എന്നാൽ പിറ്റേന്നും അതു തന്നെ സംഭവിച്ചു. പിറ്റേന്നും... പിറ്റേന്നും.. ഒടുവിൽ പരിശീലനം കുഞ്ഞുകഴുകനു ഒരു ഹരമായി... അതു പറക്കാൻ പഠിച്ചു...

വിശ്വാസജീവിതത്തിൽ, കിളിക്കൂട്ടിൽ അമ്മ ഭക്ഷണം കൊണ്ടു തരുന്നതുപോലെയുള്ള അവസ്ഥകൾ ആദ്യകാലങ്ങളിലുണ്ടാവാം. എന്നാൽ എന്നുമങ്ങനെ കഴിഞ്ഞാൽ നമ്മുടെ ചിറകുകൾ വളരുകയില്ല. ബലം പ്രാപിക്കുകയില്ല. വളർച്ചയ്ക്കു പരിശീലനം കൂടിയേതീരൂ. നമ്മുടെ

**അമ്മക്കഴുകനെപ്പോലെ പറക്കേണ്ടുന്നതിനു പലപ്പോഴും കുഞ്ഞിനെ കൂടിന്റെ സുരക്ഷിതത്വത്തിൽ നിന്നു തള്ളിതാഴെയിടേണ്ടിവരും. ചിറകുകൾ വിരിയട്ടെ, തൂവലുകൾക്കു മൂർച്ചവയ്ക്കട്ടെ, നെഞ്ചിനു ശക്തിയുണ്ടാകട്ടെ, പേശികൾ ബലപ്പെടട്ടെ.**

പ്രതികൂലങ്ങൾ, പ്രതിസന്ധികൾ, കഷ്തകൾ ഇവ ക്രിസ്തീയ ജീവിതത്തിലെ വളർച്ചയുടെ പരശീലനക്കളരിയാണ്. അമ്മക്കഴുകനെപ്പോലെ പറക്കേണ്ടുന്നതിനു പലപ്പോഴും കുഞ്ഞിനെ കൂടിന്റെ സുരക്ഷിതത്വത്തിൽ നിന്നു തള്ളിതാഴെയിടേണ്ടിവരും. ചിറകുകൾ വിരിയട്ടെ, തൂവലുകൾക്കു മൂർച്ചവയ്ക്കട്ടെ, നെഞ്ചിനു ശക്തിയുണ്ടാകട്ടെ, പേശികൾ ബലപ്പെടട്ടെ. ഇടയ്ക്കു താഴെവീണു തകരുമെന്നൊന്നും പേടിക്കേണ്ട. താഴെ വീഴും മുമ്പ് താണിറങ്ങി നമ്മെ ചിറകിൽ വഹിച്ച് പറന്നുയരേണ്ടുന്നതിനു തള്ളക്കഴുകൻ വട്ടമിട്ടു പറക്കുന്നുണ്ട്. ചിറകടിച്ചുയരാൻ, ആകാശം കീറി അനന്ത വിഹായസ്സിലേക്കുയരുവാനുള്ള ശക്തിയാണ് പരിശീലനത്തിൽ നിന്നു നമുക്കു ലഭിക്കുന്നത്.

പരിശീലനം നമ്മുടെ വിശ്വാസത്തിന്റെ പേശികൾക്കു ബലം പിടിപ്പിക്കുന്നു. അതു അവിടംകൊണ്ടവസാനിക്കുന്നില്ല. ബലപ്പെടുത്തപ്പെട്ട പേശികൾ നമ്മെ വീണ്ടും മുന്നോട്ടു നയിക്കുകയാണ്. അതുകൊണ്ടു യാക്കോബു പറയുന്നു: "എന്നാൽ, നിങ്ങൾ ഒന്നിനും കുറവില്ലാതെ തികഞ്ഞവരും സമ്പൂർണരും ആകേണ്ടതിനു സ്ഥിരതയ്ക്കു തികഞ്ഞ പ്രവൃത്തി ഉണ്ടാകട്ടെ..." (യാക്കോബ് 1: 4).

സ്ഥിരത ഇവിടെ സഹിഷ്ണുതയാണ്. നേരത്തെ കണ്ടതുപോലെ, വെറും സഹനത്തിനപ്പുറത്ത് നന്മയുടെ തേജസ്സു വിരിയിക്കുന്ന സഹിഷ്ണുതയാണിത്. 'സജീവ പരിഭാഷ' പറയുംപോലെ... "അങ്ങനെ നിങ്ങളുടെ സഹിഷ്ണുത വളരട്ടെ; ഒരു പൂമൊട്ട് വികാസം പ്രാപിച്ച് പൂർണതയുള്ള പൂവാകുന്നതുപോലെ നിങ്ങളുടെ സഹിഷ്ണുത വളർന്നുവളർന്നു നിങ്ങൾ തികഞ്ഞവരും (Perfect) സമ്പൂർണരും (complete) ഒന്നിനും കുറവില്ലാത്തവരും (lacking nothing) ആയിത്തീരും. സഹിഷ്ണുത, സമ്പൂർണത, ഒന്നിനും കുറവില്ലാത്ത, ഈ മൂന്നു വാക്കുകളും വളരെ അർഥസമ്പുഷ്ടമാണ്. ■



സമാപ്തി കുറിപ്പ്

# നമ്മാലാവതു യേശുവിനു വേണ്ടി ചെയ്യാം

പ്രശസ്തയായ ക്രൈസ്തവ ഗായിക ഫാനി ക്രോസ്ബിയെക്കുറിച്ച് കേൾക്കാത്തവർ ചുരുക്കം. ജനിച്ചുവീണ് ആറാഴ്ചയ്ക്കുള്ളിൽ അന്ധയായി തീർന്ന ഫാനിയുടെ ഹൃദയസ്പൃക്കായ എണ്ണായിരത്തിലേറെ പാട്ടുകൾ തലമുറകളായി ലോകം ഏറ്റുപാടുന്നു. ഫാനിയുടെ കല്ലറയിൽ ബൈബിളിൽ നിന്നുള്ള ഒരു വാക്യം കൊത്തിവെച്ചിട്ടുണ്ട്. അത് ഇങ്ങനെയാണ്; 'അവൾ തന്നാലാവുന്നത് ചെയ്തു'.

ബേഥാന്യയിൽ ശീമോന്റെ വീട്ടിൽ പന്തിയിൽ ഇരിക്കുമ്പോൾ ഒരു സ്ത്രീ ഒരു വെങ്കൽ ഭരണി വിലയേറിയ തൈലവും ആയി വന്നു, യേശുവിന്റെ തലയിലൊഴിച്ച സന്ദർഭത്തിൽ യേശു പറഞ്ഞ വാക്കാണ്, 'അവൾ തന്നാലാവുന്നത് ചെയ്തു' എന്നത്. ഭണ്ഡാരത്തിൽ രണ്ടു കാശിട്ട ദരിദ്രയായ വിധവയെക്കുറിച്ചു യേശുകർത്താവ് പറഞ്ഞത്, അവളാണ് എല്ലാവരേക്കാളും അധികം ഇട്ടിരിക്കുന്നത് എന്നാണ്. എല്ലാവരും തങ്ങളുടെ സമൃദ്ധിയിൽ നിന്നും ഇട്ടപ്പോൾ, അവൾ തന്റെ ഇല്ലായ്മയിൽ നിന്നു തനിക്കുള്ള ഉപജീവനം ഒക്കെയും ഇട്ടിരിക്കുന്നു. മനുഷ്യൻ കാണുന്നതുപോലെയല്ല ദൈവം കാണുന്നത്. നാം പാപികളായിരിക്കുമ്പോൾത്തന്നെ നമുക്കുവേണ്ടി മരിക്കയാൽ ദൈവം തനിക്കു നമ്മോടുള്ള സ്നേഹം പ്രദർശിപ്പിക്കുന്നു. ഇത്രമേൽ നമ്മെ സ്നേഹിച്ച ദൈവത്തിനു എങ്ങനെയാണു നാം പകരം നൽകേണ്ടത്?

നമുക്ക് ദൈവം തന്നിരിക്കുന്ന സാഹചര്യങ്ങളും കഴിവുകളും ഒക്കെ യേശുവിനെ ശുശ്രൂഷിക്കുന്നതിൽ പ്രയോജനപ്പെടുത്താറുണ്ടോ? യേശുവിനെ ശുശ്രൂഷിക്കുന്നതിൽ ആയിരിക്കണം നമ്മുടെയും ശ്രദ്ധ. ഏതുവിധത്തിലും ചിലരെ യേശുവിങ്കലേക്ക് നയിക്കാൻ നമുക്ക് കഴിയണം. നമ്മുടെ പ്രകൃതവും സാധ്യതയും ഒക്കെ അറിഞ്ഞേ ദൈവം നമ്മിൽനിന്ന് പ്രതീക്ഷിക്കുന്നുള്ളൂ. നമ്മാലാവതു നാം ചെയ്താൽ മതി. നമ്മുടെ സമർപ്പണവും മനോഭാവവുമാണ് കർത്താവു നോക്കുന്നത്. കർത്താവിനെ ശുശ്രൂഷിക്കുവാനുള്ള വിവിധ സാദ്ധ്യതകൾ നമ്മുടെ മുൻപിൽ ഉണ്ട്. പാടുവാനും, പാട്ടെഴുതുവാനും, പ്രസംഗിക്കുവാനും, സാക്ഷ്യം പറവാനും, അനാഥരെ ചേർത്തുകൊള്ളുവാനും, ദു:ഖിതരെ ആശ്വസിപ്പിക്കുവാനും ഇങ്ങനെ വ്യത്യസ്ത നിലകളിൽ ഉള്ള സാദ്ധ്യതകൾ നമ്മുടെ മുൻപിലുണ്ട്. ഈ ചെറിയവരിൽ ഒരുവന് നിങ്ങൾ ചെയ്തതൊക്കെയും എനിക്കു ചെയ്തു എന്നാണ് കർത്താവു തിരുവായ്മൊഴിഞ്ഞത്. നമുക്കും വ്യത്യസ്ത നിലകളിൽ കർത്താവിനെ ശുശ്രൂഷിക്കുവാൻ പുതുവർഷത്തിൽ നമ്മെത്തന്നെ സമർപ്പിക്കാം. അതിനായി ദൈവം നമ്മെ സഹായിക്കട്ടെ.

എംസി


Bank Account Details:

Righteous Path Publication Trust
A/c No. 0315053000011215
IFS Code: SIBL 0000315

SOUTH INDIAN Bank
KANJIKUZHY - KOTTAYAM

വാർഷിക വരിസംഖ്യ 200 രൂപ

നേർവീഥി
നിത്യതയ്ക്കൊരു വഴികാട്ടി

നിത്യതയുടെ വഴികാട്ടിയും മോക്ഷയാത്രയിലെ
ഉത്തമ സുഹൃത്തുമായ നേർവീഥി
നിങ്ങളുടെ സ്നേഹിതർക്കും നേർവഴി കാട്ടട്ടെ....

അക്കൗണ്ടിൽ പണമടയ്ക്കുന്നവർ പേരുവിവരം ഓഫീസിൽ അറിയിക്കുമല്ലോ.
മാസിക യഥോചിതം അയക്കുവാനും
കണക്കുകൾ കൃത്യമായി സൂക്ഷിക്കുവാനും അത് സഹായകമാകും.

RNI No. KERMAL/2012/46138
Date of Publishing 10.01.2021

NERVEEDHI - JANUARY 2020
Annual Subscription ₹ 200.00
(Per copy ₹ 20.00)

Postal Registration No. KL/KTM/106/2019-2021
Licence No. KL/CR/KTM/WPP-05/2019-2021
Licensed to Post Without Prepayment


## ആർ.പി പബ്ലിക്കേഷൻസിൽനിന്നും ചില ഉത്തമ ഗ്രന്ഥങ്ങൾ

## പ്രതിദിന ധ്യാന പുസ്തകം - പാതയ്ക്കു പ്രകാശം

പുതുവർഷത്തിലെ ഓരോ ദിവസവും സമഗ്രമായ വചന ധ്യാനത്തോടെ തുടങ്ങുവാൻ ആത്മപ്രചോദിതമായ ചിന്തകൾ. കഴിഞ്ഞ വർഷം പ്രസിദ്ധീകരിച്ച ഈ പുസ്തകത്തിന്റെ കോപ്പികൾ മുഴുവൻ തീർന്നതിനാൽ പുനർ പ്രസിദ്ധീകരിച്ചത്.

## സുരഭില ഭവനം

അനുഗ്രഹീത കുടുംബ ജീവിതത്തിനുള്ള പ്രായോഗിക നിർദ്ദേശങ്ങൾ തിരുവചനാടിസ്ഥാനത്തിൽ വിശദമാക്കുന്ന പുസ്തകം. (വിവാഹവേളകളിൽ സമ്മാനിച്ചാൽ പ്രയോജനപ്രദം)

## അത്ഭുതത്തിലേയ്ക്ക് ഏഴു ചുവടുകൾ

പ്രതിസന്ധികളും പ്രശ്നങ്ങളും നിറഞ്ഞ മനുഷ്യജീവിതത്തിന് ദൈവം നല്കിയിരിക്കുന്ന പരിഹാരം ഫലപ്രദമായി വിശദീകരിച്ചിരിക്കുന്ന പുസ്തകം. (ഇംഗ്ലീഷിലും മലയാളത്തിലും ലഭ്യമാണ്)

## ചതുർ മഹതികൾ

വേദപുസ്തക ചരിത്രത്തിന്റെ പ്രാരംഭത്തിൽ പരാമർശിച്ചിരിക്കുന്ന നാലു മഹതികളുടെ ജീവിതം ആധുനിക വനിതകൾക്കുള്ള പാഠങ്ങളാക്കി അവതരിപ്പിച്ചിരിക്കുന്ന പുസ്തകം





Address for Communication :

NERVEEDHI,
Righteous Path Publication Trust
Mackal Building,
Oravakal, Amayannoor (P.O),
Kottayam, Kerala - 686019
Mob: 9495435336, 8547916678
www.nerveedhi.com

Edited by P.V Varghese, Printed and Published by M.T James on behalf of the Righteous Path Publication Trust and printed at Penta Offset Press, Kottayam, Kerala - 686002 and published at Mackal Building, Amayannoor P.O, Kottayam,Kerala -686019.